KNANAYADEEPAM

# ക്നാനായ ദീപം

Vol: 35 / Issue: 4 April 2024 ₹:10/-





*ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ക്നായിതോമ്മാ അനുസ്മരണം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് ഐത്തല സെന്റ് കുറിയാക്കോസ് ക്നാനായ പള്ളിയിൽ ഉദ്ഘാടനം ചെയ്യുന്നു*



*ഓതറ നസ്രേത്ത് ആശ്രമത്തിൽ നടന്ന സൗജന്യ നേത്രചികിത്സാക്യാമ്പും കേൾവി പരിശോധനയും ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ബി. ശശിധരൻപിള്ള ഉദ്ഘാടനം ചെയ്യുന്നു. പി. കെ. കുര്യൻ പാട്ടമ്പലത്ത്, എം. എസ്. മോഹൻ, കുഞ്ഞുമോൻ ആലഞ്ചേരി, ഫാ. വി. എ. എബ്രഹാം ഇളയശ്ശേരിൽ, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, പി. എ. ഏബ്രഹാം കുഴികണ്ടത്തിൽ, തോമസുകുട്ടി തേവരുമുറിയിൽ, ആശ്രമം സെക്രട്ടറി സ്മിജു ജേക്കബ് മറ്റയ്ക്കാട്ട് എന്നിവർ സമീപം.*




*ക്നാനായ സമുദായത്തിന്റെയും ക്നാനായ ഗ്ലോബൽ പാർലമെന്റിന്റെയും (KGP) ആഭിമുഖ്യത്തിൽ കൊടുങ്ങല്ലൂരിൽ ക്നാനായ പൈതൃക സ്മാരകത്തിൽ ആഗോള ക്നായിതോമ്മാ ദുഖറോനോ പെരുന്നാളിൽ പ്രതിനിധി സമ്മേളനം KGP പ്രസിഡന്റും ക്നാനായ സമുദായ സെക്രട്ടറിയുമായ. റ്റി. ഒ.ഏബ്രാഹം തോട്ടത്തിൽ ഉദ്ഘാടനം ചെയ്യുന്നു. KGP സെക്രട്ടറി ജോണി കുരുവിള പടികൃമാലിൽ, ഫാ. ജോബി പാറക്കൽ ചരുവിൽ, ഫാ. നോബിൻ തോമസ് ഇളകുറ്റൂർ, ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, തോമസ്കുട്ടി തേവരുമുറിയിൽ, സാബു കണ്ണാട്ടിപ്പുഴ, ലിനു ചെറിയാൻ വരാത്ര, ജോബി ജോസഫ് കാരിക്കോട്ട്, സജി റ്റി. ചാക്കോ താന്നിക്കൽ, തമ്പാൻ തോമസ് കോളഭാഗത്ത്, സന്ദീപ് താമരപള്ളി, വില്ലി വടാമറ്റം എന്നിവർ സമീപം.*

# ക്നാനായ ദീപം

2024 ഏപ്രിൽ　　പുസ്തകം 35　　ലക്കം 4

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

മനസ്സുമാറുന്ന സമൂഹം 09
റ്റി. സി. തോമസ് തോപ്പിൽ

അരങ്ങിനപ്പുറത്തെ അണിയറ... 10
ടി. എം. തോമസ്

സമൃദ്ധമായ ജീവിതം 15
സുനിൽ ഡി. കുരുവിള

വിശുദ്ധ ത്രിത്വരഹസ്യ വിശ്വാസം 17
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്

യേശുവിന്റെ സ്വർഗാരോഹണത്തിന്റെ പ്രസക്തി 19
ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകംപള്ളിൽ 19

ഏവൻഗേലിയോൻ ദീപം 21
റവ. ഫാ. സിജോ ഏബ്രഹാം വട്ടോത്ര
റവ. ഫാ. ശൈനോ മർക്കോസ് കൊച്ചുമങ്കര

കനമുള്ള ആ നിമിഷം 24
ഡോ. അന്നമ്മ ജേക്കബ്

മാറായെ മധുരമാക്കുന്ന ദൈവം 25
സീമ ഷിന്റോ

എന്റെ ജീവിതമാണ് എന്റെ സന്ദേശം 26
റ്റി. യു. ജോസ്

27 ക്നാനായക്കാരനെ എങ്ങനെ തിരിച്ചറിയാം?
കെ. ഒ. മാത്യു കുളമടയിൽ

28 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

33 മല്പാനോട് ചോദിക്കാം

36 കാൽപ്പാടുകൾ - എബി

37 പെസഹായുടെ രഹസ്യങ്ങൾ (കവിത)
ജയ്നമ്മ മർക്കോസ്

38 ഉണർവിന്റെ വരം
അമ്മാൾ രാജൻ

39 Syrian Orthodox FAITH
Zachariah Jacob

40 മാട്രിമോണിയൽ


**SCAN & PAY**

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

**ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം**

**മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.**


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Roy Mathew Core Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby) Komarathumparambil
Mathew Abraham (Wailskutty), Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary


Visit www.knanayadeepam.in


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**


**ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക**




**ചെയ്ത പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപവും ഏറ്റുപറച്ചിലും, യേശുക്രിസ്തുവിനെ കർത്താവും ദൈവവുമായി അംഗീകരിക്കലും വചനപ്രഘോഷണത്തിന്റെ ഫലമായി സംഭവിക്കേണ്ടതാണ്. ഇപ്രകാരം മാനസാന്തരപ്പെട്ടവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യേണ്ട ആവശ്യം വളരെയുണ്ട്.**

കർത്താവിൽ പ്രിയ ക്നാനായദീപം വായനക്കാർക്ക് ക്രിസ്തുയേശുവിന്റെ നാമത്തിലുള്ള സ്നേഹ വന്ദനങ്ങൾ.

ആത്മീകമായ അധഃപതനവും പിന്മാറ്റവുമാണ് ഇന്ന് അധികമായി സഭയിൽ കണ്ടുവരുന്നത്. ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം പഠിപ്പിച്ചും കൊണ്ട് എല്ലാവരേയും ശിഷ്യരാക്കി കൊൾവീൻ എന്ന് നമ്മുടെ കർത്താവ് കല്പിച്ചിരിക്കുന്നു. ജനങ്ങളെ ക്രിസ്തുവിന് ശിഷ്യരാക്കുക എന്നതിൽ ഉൾപ്പെട്ടിരിക്കുന്നത് വചനഘോഷണം എന്നതു മാത്രമല്ല അത് ഉന്നം വയ്ക്കുന്നത് മാനസാന്തരവുമാണ്. ചെയ്ത പാപങ്ങളെക്കുറിച്ചുള്ള പശ്ചാത്താപവും ഏറ്റുപറച്ചിലും, യേശുക്രിസ്തുവിനെ കർത്താവും ദൈവവുമായി അംഗീകരിക്കലും വചനപ്രഘോഷണത്തിന്റെ ഫലമായി സംഭവിക്കേണ്ടതാണ്. ഇപ്രകാരം മാനസാന്തരപ്പെട്ടവരെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യേണ്ട ആവശ്യം വളരെയുണ്ട്. എന്നാൽ ഈ അദ്ധ്യാപനദൗത്യം ക്രൈസ്തവസഭ ഇന്നും അവഗണിച്ചിരിക്കുകയാണ്. ഈ അദ്ധ്യാപന ദൗത്യം അവഗണിച്ചതിനാലാണ് സഭയുടെ അടിത്തറ തകരുകയും നശിക്കുകയും ചെയ്യുന്നത്. മാനസാന്തരപ്പെട്ട് ക്രിസ്തുവിനെ ഹൃദയത്തിൽ അംഗീകരിച്ചിരിക്കുന്നവർ ദൈവവചനം ധാരാളമായി ആഹരിച്ച് ബലപ്പെടണം. അവരുടെ വിശ്വാസം ഉപരിതലത്തിൽ നിന്നും യാഥാർത്ഥ്യതയുടെ ആഴങ്ങളിലേക്കിറങ്ങണം. തൽഫലമായി അവർ ക്രിസ്തുവിനോട് അനുരൂപപ്പെടണം. ഇവ സാധിക്കുന്നതിന് ലക്ഷ്യംവച്ചുകൊണ്ടുള്ള പഠിപ്പിക്കലും പരിശീലനക്രമവും സംവിധാനം ചെയ്യേണ്ടത് സഭയുടെ ചുമതലയാണ്. അതിനുപകരം നാമമാത്രപരമായി കൺവൻഷനുകളും ഭക്തിപ്രകടനങ്ങളും നടത്തി കൃതാർത്ഥരാകുകയാണ് ഇന്നത്തെ സഭ.

എന്നാൽ വി.യോഹന്നാന്റെ വീക്ഷണത്തിൽ ഏകസത്യ ദൈവമായ പിതാവിനെയും അവിടുന്നയച്ച ക്രിസ്തുവിനെയും അറിയുക എന്നുള്ളതാണ് അറിവ് എന്നതുകൊണ്ടിവിടെ വിവക്ഷിക്കുന്നത്. ദൈവവുമായുള്ള ഉറ്റബന്ധവും ഐക്യവുമാണ്. ഈ കൂട്ടായ്മയിലേയ്ക്ക് വ്യക്തികളെ ആനയിക്കുകയും അതിലവരെ ഉറപ്പിച്ച് നിർത്തുകയുമാണ് സഭയുടെ മുഖ്യലക്ഷ്യം. വി. പൗലോസാണ് ക്രൈസ്തവസഭ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും പ്രഗത്ഭനായ മതാദ്ധ്യാപകൻ. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുക. ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം ഞാൻ പിന്നെയും പ്രസവവേദനപ്പെടുന്നവരായ എന്റെ കുഞ്ഞുങ്ങളെ (ഗലാ. 4:19). ക്രിസ്തുവിശ്വാസത്തിലേയ്ക്ക് ജനങ്ങളെ ആനയിച്ചുകൊണ്ട് മാത്രം പൗലോസ് തൃപ്തിപ്പെട്ടില്ല. താൻ വിശ്വാസത്തിലേക്കാനയിച്ചവരിൽ ക്രിസ്തുവിനെ രൂപാന്തരപ്പെടുത്താൻ ഒരു ശില്പിയായി പൗലോസ് അദ്ധ്വാനിച്ചു.

ക്രൈസ്തവ സഭ ഇന്നു നേരിടുന്ന വെല്ലുവിളികൾ പലതാണ്. അദ്ധ്യാത്മികമൂല്യങ്ങളേയും ദൈവവിശ്വാസത്തേയും തുടച്ചു നീക്കുവാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന ഭൗതികതയുടെയും സെക്കുലറിസത്തിന്റെയും കാറ്റ് ശക്തിയായി നമ്മുടെ ചുറ്റുപാടുകളിൽ ആഞ്ഞടിക്കുന്നുണ്ട്. ദൈവവും മതവിശ്വാസവുമെല്ലാം ശാസ്ത്രീയ ചിന്തയ്ക്കു നിരക്കാത്തതാണെന്നും അന്ധവിശ്വാസമാണെന്നും പ്രചരിപ്പിക്കുന്ന ചിന്താഗതികളുടെ വേലിയേറ്റം യുവമനസ്സുകളെ കീഴടക്കിക്കൊണ്ടിരിക്കുകയാണ്. നിരീശ്വര പ്രസ്ഥാനങ്ങൾ മതത്തേയും വിശ്വാസത്തേയും വർഗ്ഗീയമായി മുദ്രകുത്തി ചിന്താകുഴപ്പം സൃഷ്ടിച്ചിരിക്കുന്നു. മതവിശ്വാസത്തിന് ഇന്ന് പ്രസക്തിയില്ല. മതമേതായാലും മനുഷ്യൻ നന്നായാൽ മതി. നല്ല ജീവിതമാണ് ആവശ്യം എന്നൊക്കെ പറഞ്ഞു പരത്തി പലരേയും വഴി തെറ്റിപ്പിക്കുവാനുള്ള ഭഗീരഥ ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ വെല്ലുവിളികളെ ശക്തമായി നേരിടേണ്ട സഭ, നൂറ്റാണ്ടുകളായി കേസുകളും വഴക്കുകളുമായി പ്രശ്നങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു.

വിഗ്രഹങ്ങളെ വണങ്ങുകയും പുറജാതികളുടെ ബലിവസ്തുക്കൾ ഭക്ഷിക്കുകയും ചെയ്തുകൊണ്ട് മെത്രാന്മാർപോലും ജനങ്ങളെ വഴി തെറ്റിക്കുകയാണ്. സമൂഹത്തിന്റെ തകർച്ചയാണോ അതോ സ്വന്തം വടിയും സിംഹാസനവുമാണോ പ്രശ്നം എന്ന് രണ്ടു കക്ഷികളും മെത്രാച്ചന്മാരും വിവേകത്തോടെ തിരിച്ചറിയണം. ഒരു കാര്യം നമ്മൾ ഓർക്കേണ്ടതാണ്. സഭാ പ്രശ്നങ്ങൾ കോടതി വഴിയോ, തെരുവിൽ അടിച്ച് തീർക്കുവാനോ, പള്ളികൾ പിടിച്ചെടുക്കുവാനോ ബൈബിൾ നമ്മെ പഠിപ്പിക്കുന്നില്ല. വ്യവഹാരങ്ങളിലൂടെ തടിച്ച് കൊഴുക്കുന്ന ഒരു കൂട്ടർ വിശ്വാസികൾക്ക് മുമ്പിൽ ചോദ്യചിഹ്നമായി നിൽക്കുന്നു. യാക്കോബായ ഓർത്തഡോക്സ് ക്നാനായ കക്ഷികളുടെ അദ്ധ്യക്ഷർ ത്യാഗത്തിന്റെയും അനുരഞ്ജനത്തിന്റെയും ആത്മാവിൽ മലങ്കരസഭയുടെ ഐക്യചർച്ചകൾക്ക് തുടക്കം കുറിച്ചുകൊണ്ട് യഥാർത്ഥ ക്രൈസ്തവ ദർശനം ഉൾക്കൊണ്ട് പരസ്പര വിശ്വാസത്തിലും സ്നേഹത്തിലും സഹകരണത്തിലും ഏകസഹോദരങ്ങളായി നില കൊള്ളാം എന്ന് നമുക്ക് പ്രതിജ്ഞ എടുക്കാം.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

2024 ലെ വലിയനോമ്പ് പിന്നിട്ട് അനുതാപത്തിന്റെ തിരി നമ്മുടെ ജീവിതത്തിൽ തെളിയിച്ച്, കുമ്പസാരത്തിലൂടെ വിശുദ്ധീകരിക്കപ്പെട്ട ജനമായിതീർന്നവരാണല്ലോ നാം. അതിന്റെ പ്രഖ്യാപനമാണല്ലോ നാം കർത്താവിന്റെ ഉയിർപ്പ് പെരുന്നാളിൽ നടത്തിയത് 'സത്യമായിട്ട് താൻ ഉയിർത്തെ ഴുന്നേറ്റ് എന്ന് ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു' എന്നത്. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട ആദവും ഹൗവ്വായും ദൈവകല്പനയെ ലംഘിച്ചതിലൂടെ പറുദീസായെ നഷ്ടപ്പെടുത്തിയെങ്കിൽ അത് വീണ്ടെടുക്കുവാനും മനുഷ്യനെ രക്ഷിക്കുവാനും തക്കവിധം വി. ത്രിത്വത്തിൽ രണ്ടാമനായ ക്രിസ്തു ലോകത്തിലേക്ക് മനുഷ്യനായി അവതരിച്ചു. തന്റെ ക്രൂശിലെ മരണത്താൽ നമ്മെ പൈശാചികനിൽ നിന്ന് വീണ്ടെടുത്ത് ദൈവപുത്രരാക്കി തീർത്തുവല്ലോ. യേശുക്രിസ്തു ഈ ലോകത്തിൽ പിതാവായ ദൈവത്തിന്റെ ഹിതം നിറവേറ്റി മരിച്ച് അടക്കപ്പെട്ടു. എ ന്നാൽ ദൈവം യേശുവിനെ ഉയിർപ്പിച്ചു. ഉയിർപ്പിനു ശേഷം നാല്പതാം ദിവസം യേശു സ്വർഗ്ഗാരോഹണം ചെയ്തു. സഭാമക്കളായ നാം യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനും രണ്ടാം വരവിനും ഇടയിലാണല്ലോ വസിക്കുന്നത്. സ്വർഗ്ഗാരോഹണം ചെയ്ത ക്രിസ്തുവിനെക്കുറിച്ചുള്ള മാലാഖമാരുടെ സാക്ഷ്യം അപ്പസ്തോല പ്രവർത്തി 1:11 ൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. 'ഗലീലാ പുരുഷന്മാരെ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോക്കുന്നവനായി നിങ്ങൾ കണ്ടതുപോലെതന്നെ അവൻ വീണ്ടും വരും.' ഈ ആഹ്വാനം നമ്മുടെ വിശ്വാസജീവിതത്തിൽ വലിയ ഉത്തരവാദിത്വത്തിലേക്കാണ് നയിക്കുന്നത്. കർത്താവ് വീണ്ടും വരുന്നവനാകയാൽ നമ്മുടെ ജീവിതത്തെ ദൈവഹിതത്തിനനുസരിച്ച് ക്രമികരിക്കേണ്ടതുണ്ട്. നാമാകുന്ന വിശ്വാസികൾ വിശ്വാസത്തിലും, വിശുദ്ധിയിലും വളരേണ്ടതുണ്ട്. നമ്മുടെ വിശ്വാസ ജീവിത്തിന്റെ പ്രത്യേകത നാം കർത്താവിൽ വസിക്കേണ്ടവരാണ് എന്നതാണ്. കർത്താവിനോടൊത്തു വാസം സദാ നമ്മെ വിശുദ്ധിയുടെ അനുഭവത്തിൽ ആയിരിക്കുവാൻ പ്രേരിപ്പിക്കുന്നു.

സ്വർഗ്ഗാരോഹണപ്പെരുന്നാൾ മുതൽ പെന്തിക്കോസ്തി വരെയുള്ള പത്ത് ദിനങ്ങൾ കാത്തിരിപ്പിന്റെ ദിനങ്ങളാണല്ലോ. ആ ദിവസങ്ങളിൽ നാം പ്രാർത്ഥനയോടെ നമുക്ക് പരി. മാമ്മോദീസായിലൂടെ ലഭിച്ച പരിദ്ധാത്മാവിനെ ജ്വലിപ്പിക്കുവാൻ ഇടയാകണം. സ്വർഗ്ഗാരോഹണത്തിനു മുമ്പ് യേശുവിന്റെ കല്പനയായ 'നിങ്ങൾ യെരുശലേമിൽനിന്ന് വാങ്ങിപ്പോകാതെ എന്നോടു കേട്ട പിതാവിന്റെ വാഗ്ദത്തിത്തിനായി കാത്തിരിക്കണം' (അപ്പോ. പ്ര.1:4) എന്ന കല്പന അനുസരിച്ച് പ്രാർത്ഥനയോടെ കാത്തിരുന്ന വി. ദൈവമാതാവും, ശിഷ്യന്മാരും അടങ്ങുന്ന വിശ്വാസസമൂഹത്തിന് യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം അവരെ നയിക്കുവാൻ പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ ലഭിച്ചത് നമ്മുടെയും വിശ്വാസ ജീവിതത്തെ നയിക്കുവാൻ ഇടയാകണം. നാമും പരിശുദ്ധാത്മാവിന്റെ ശക്തീകരണത്തിനായും, ജ്വലനത്തിനായും. ജാഗ്രതയോടെയും ധ്യാനത്തോടെയും ഈ ദിവസങ്ങളിൽ ആയിരിക്കുവാൻ ശ്രമിക്കണം.

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ സിറിയൻ കുടിയേറ്റ വാർഷികമായ സമാജം മെയ് മാസത്തിൽ റാന്നി ഐത്തല സെന്റ് കുറിയാക്കോസ് പള്ളിയിലാണല്ലോ ക്രമീകരിച്ചിരിക്കുന്നത്. ക്നാനായ കോൺഗ്രസ് ഭാരവാഹികളും ഇടവക ഭാരവാഹികളും ഇടവക അംഗങ്ങളും ചേർന്ന് ഈ ദിവസങ്ങളിലെ പ്രോഗ്രാമുകൾ ഏറ്റവും അനുഗ്രഹകരമാക്കുവാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു. ഈ ദിവസങ്ങൾ നമ്മുടെ കുടുംബ സംഗമമായി തീരുവാനും, സമുദായ അംഗങ്ങളുടെ കലാപരമായ കഴിവുകൾ വളർത്തപ്പെടുവാനും ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഇതിന്റെ എല്ലാ പ്രവർത്തനങ്ങളിലും സമുദായത്തിലെ ആബാലവൃന്ദം ജനങ്ങളും ചേർന്ന് സഹകരിക്കണമെ.

ഏപ്രിൽ 26 ന് ലോകസഭാ ഇലക്ഷൻ നടക്കുകയാണല്ലോ. അടുത്ത 5 വർഷത്തേക്കുള്ള പാർലമെന്റ് അംഗങ്ങളെയാണല്ലോ വോട്ടിലൂടെ തെരഞ്ഞെടുക്കുന്നത്. രാജ്യത്തിന്റെ ഭാവി കൂടുതൽ ശോഭനമാകാൻ തക്കവിധം നമ്മുടെ വോട്ടുകൾ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ഏറ്റവും അനുയോജ്യരായവർ തെരഞ്ഞെടുക്കപ്പെടുവാൻ പ്രാർത്ഥിക്കുന്നു.

ഏവർക്കും എല്ലാ അനുഗ്രഹങ്ങളും നേർന്നുകൊള്ളുന്നു.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**
**(സമുദായ വലിയ മെത്രാപ്പോലീത്ത)**



# സമുദായ വാർത്തകൾ

റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

**50** ദിവസത്തെ വലിയ നോമ്പിനുശേഷം നമ്മൾ പുതിയ സാമ്പത്തിക വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുകയാണ്. വലിയ നോമ്പിലെ കഷ്ടാനുഭവ ആഴ്ച ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ച് ആത്മീയമായി വലിയ പ്രധാന്യമുള്ള ആഴ്ച യാണ്.

ലോകം മുഴുവൻ ഉള്ള ക്നാനായ സമുദായ അംഗങ്ങൾ അവരവരുടെ ദൈവാലയങ്ങളിൽ ഓശാന ഞായറും, പെസഹാ വ്യാഴാഴ്ച പെസഹാ കുർബ്ബാനയും, ദുഃഖവെള്ളി യാഴ്ചയും, ദുഃഖശനിയാഴ്ചയും, ഈസ്റ്ററും ആഘോഷിച്ച പ്പോൾ അമേരിക്കയിലുള്ള ചിക്കാഗോ ദൈവാലയവും, ഡിട്രോയിറ്റ് ദൈവാലയവും കഷ്ടാനുഭവ ആഴ്ച ആരാധന നടത്തുവാൻ വൈദികരെ ലഭിക്കാതെ വളരെ ബുദ്ധിമുട്ടി. അവിടെ വർഷങ്ങളായി ഇതെല്ലാം ഉണ്ടായിരുന്നു. എന്നാൽ ചിങ്ങവനം മോർ അപ്രേം സെമിനാരി അവരുടെ പൊക്കിൾകൊടി ഉറങ്ങുന്ന സ്ഥലമാണെന്നും, ക്നാനായ ഭര ണഘടന അവരുടെ അഭിമാനമാണെന്നും പറഞ്ഞതിനാൽ അഭി. സിൽവാനിയോസ് തിരുമേനി അവിടെ ആത്മീയ ശുശ്രൂഷകൾ ചെയ്തുകൊണ്ടിരിക്കുന്ന വൈദികനെ പിൻവ ലിച്ചു എന്നു മാത്രമല്ല വേറെ ദൈവാലയവും ഉണ്ടാക്കി.

ഡ്രിട്രോയിറ്റ് ദൈവാലയത്തിലെ വൈദികനെ യു.കെ. യിലേക്ക് അയച്ചു ഈ കാര്യങ്ങൾ എല്ലാം വളരെ വിശദ മായി അവർ അഭി.സമുദായ മെത്രാപ്പോലീത്തായേയും സമു ദായ നേതൃത്വത്തേയും അറിയിച്ചപ്പോൾ അടുത്തുള്ള ദൈവാ ലയങ്ങളിലെ വൈദികർക്ക് മുടങ്ങിക്കിടക്കുന്ന രണ്ട് ദൈവാ ലയത്തിലെ ആത്മീയ ശുശ്രൂഷകൾ നടത്തിക്കൊടുക്കുവാൻ കല്പന കൊടുത്തു. അവർ അത് നിർവ്വഹിച്ചു വന്നപ്പോൾ പരി. പാത്രിയാക്കീസ് ബാവായെ തെറ്റിദ്ധരിപ്പിച്ച് ആ വൈദി കരെ അന്യായമായി മുടക്കി കല്പന ഇറക്കി. അത് ക്നാനായ ദൈവാലയങ്ങളിൽ വായിച്ചില്ല എന്നത് സത്യം.

ഈ കഷ്ടാനുഭവ ആഴ്ചയിൽ അവർക്ക് ആത്മീയ ആഹാരം തരാൻ സന്നദ്ധനായിരുന്ന പ്രസാദ് കോവൂർ അച്ചൻ കഷ്ടാനുഭവ ആഴ്ച നടത്തിക്കൊടുക്കാം എന്ന് ഏറ്റി രുന്നതാണ്. അച്ചൻ ഇപ്പോൾ ശുശ്രൂഷ നടത്തുന്ന ഹൂസ്റ്റൻ ദേവാലയത്തിൽ ബഹുമാനപ്പെട്ട ബിജു ആരമ്മാമൂട്ടിൽ അച്ചൻ ശുശ്രൂഷ നടത്തുകയും പ്രസാദച്ചൻ ചിക്കാഗോ യിലും ഡിട്രോയിറ്റിലും മാറിമാറി കഷ്ടാനുഭവ ആഴ്ച നട ത്തുവാൻ എല്ലാ ക്രമീകരണങ്ങളും ചെയ്തിരുന്നതാണ്. എന്നാൽ ബിജു അച്ചനെ അവിടെ പോകാൻ പാടില്ല എന്ന് പറഞ്ഞ് സിൽവാനോസ് തിരുമേനി വിലക്കി.

അവരുടെ അവസ്ഥ കണ്ട് മനസ്സലിഞ്ഞ ബഹു. മുള മൂട്ടിൽ റോയി അച്ചൻ അമേരിക്കയിൽ വന്ന് അവരുടെ ആത്മീയ ആവശ്യം നിറവേറ്റിത്തരാം എന്ന് ഏറ്റിരുന്നു. അദ്ദേ ഹത്തെയും വിലക്കി എന്നത് വസ്തുതയാണ്. സമുദായ വികാരി ജനറാൾ ബഹു. വി.എ. ഏബ്രഹാം ഇളയശ്ശേരി അച്ചന് അമേരിക്കൻ വിസ ഉള്ളതിനാൽ അദ്ദേഹം പോകാം എന്നേറ്റു. എന്നാൽ അദ്ദേഹത്തിന് ഭീഷണി ഉണ്ടായതു കൊണ്ട് അതിൽ നിന്ന് പിന്മാറി. അതോടെ എല്ലാം തകിടം മറിഞ്ഞു. അമേരിക്കയിലുള്ള രണ്ട് ക്നാനായ പള്ളികളിൽ കഷ്ടാനുഭവ ആഴ്ച നടത്തുവാൻ അവിടെ അവർക്ക് വൈദികർ ഇല്ലാതെ ഈ രണ്ടു പള്ളിക്കാരുടെയും ഹാശ ആഴ്ച മുടക്കരുത് വൈദികരെ തരേണമേ എന്ന് യാക്കോ ബായിലെ തിത്തോസ് തിരുമേനിക്ക് അവർ കത്ത് എഴുതി. കൂടാതെ ഫോണിൽ വിളിച്ച് സംസാരിക്കുകയും ചെയ്തു. ക്നാനായ സമുദായ മെത്രാപ്പോലീത്തായ്ക്ക് കത്തെഴുതി. ക്നാനായ വൈദിക കൗൺസിലിന് കത്തെഴുതി, കമ്മിറ്റിക്ക് കത്തെഴുതി, ബിജു ആരമ്മാമൂട്ടിൽ അച്ചന് കത്തെഴുതി, പ്രസാദ് കോവൂർ അച്ചന് കത്തെഴുതി, എന്നാൽ അവർ എല്ലാം നിസ്സഹായരായിരുന്നു.

കഴിഞ്ഞ കുറെ നാളുകളായി നിരവധി തവണ ഉത്തര വാദിത്വപ്പെട്ട എല്ലാവർക്കും അവർ ഇമെയിൽ അയച്ചുകൊ ണ്ടിരിക്കുന്നു. എന്നാൽ ഒരു മറുപടിയും ഇതുവരെയായിട്ടും അവർക്ക് ലഭിച്ചിട്ടില്ല.

ആ പള്ളിയിലെ സമുദായ ജനത്തിന്റെ പ്രാർത്ഥനയുടെ ഫലമായും അവരുടെ ആത്മാർത്ഥമായ ഇടപെടലിന്റെ ഫല മായും രണ്ടു ദൈവാലയങ്ങളിലും സിറിയൻ വിശ്വാസത്തിൽ അടിയുറച്ചു നിൽക്കുന്ന രണ്ട് സീനിയർ വൈദികരെ അവർക്ക് ലഭിച്ചു. അവർ രണ്ട് ദൈവാലയങ്ങളിലും കഷ്ടാ നുഭവ ആഴ്ച ഭംഗിയായി നടത്തിക്കൊടുത്തു എന്ന് പള്ളി ഭാരവാഹികൾ അറിയിക്കുകയുണ്ടായി. ആ രണ്ട് ദൈവാല യങ്ങൾക്കും കഷ്ടാനുഭവ ആഴ്ചയിൽ ഉണ്ടായ ബുദ്ധിമു ട്ടിൽ ഞങ്ങൾ ഖേദിക്കുന്നു.

ഹാശാ ആഴ്ചയിലെ പെസഹാവ്യാഴാഴ്ച നമ്മുടെ ഭവ നങ്ങളിൽ ഉണ്ടാക്കുന്ന ഇൻട്രി അപ്പം ആരുടേതാണ്? ക്നാനായക്കാരന്റേതു മാത്രം. കർത്താവിന്റെ കുരിശിൽ രേഖ പ്പെടുത്തിയിരുന്ന INRI ൽ നിന്നുമാണ് ഇൻട്രി എന്ന പേര് ഉണ്ടായത് (ലാറ്റിൻ പദമായ 'Iesus Nazarenus Rex Iudaeorum' അർത്ഥം 'നസ്രത്തിലെ യേശു. ജൂതന്മാരുടെ രാജാവ്.)

ഇസ്രായേൽ ജനം മിസ്രയീമിൽ നിന്നും മോശയുടെ നേതൃത്വത്തിൽ കനാൻ ദേശത്തേക്കുള്ള യാത്രയുടെ ഓർമ്മയെ പുതുക്കുന്നതാണ് പെസഹ എന്ന് പറയുന്നത്. യഹോവയായ ദൈവം മോശയോട് കൽപ്പിച്ചു പുറപ്പാട്. 23:15-ാം വാക്യം "നിങ്ങൾ പുളിപ്പില്ലാത്ത അപ്പത്തിന്റെ ഉത്സവം ആചരിക്കണം ഞാൻ നിന്നോട് കല്പിച്ചതുപോലെ ഹബീബ് മാസത്തിൽ നിശ്ചയിച്ച സമയത്ത് ഏഴു ദിവസം പുളിപ്പില്ലാത്ത അപ്പം ഭക്ഷിക്കണം അന്നാണല്ലോ നിങ്ങൾ മിസ്രയീമിൽ നിന്നും പുറപ്പെട്ടു പോന്നത്. ആരും വെറും കയ്യോടെ എന്റെ സന്നിധിയിൽ വരരുത്"

ആയതിന്റെ ഓർമ്മയ്ക്കായി യേശു മർക്കോസിന്റെ

മാളികയിൽ പെസഹാ ഒരുക്കി അപ്പം എടുത്ത് വാഴ്ത്തി നുറുക്കി തന്റെ ശിഷ്യന്മാർക്ക് കൊടുത്തു. വാങ്ങുവിൻ ഇത് എന്റെ ശരീരം ആകുന്നു എന്ന് പറഞ്ഞു. ഈ കാര്യങ്ങൾ വി. മർക്കോസ് 14:22 ൽ കൃത്യമായി പറഞ്ഞിട്ടുണ്ട്.

കർത്താവിന്റെ കാലശേഷം നിഖ്യ സുന്നഹദോസിൽ വിജാതീയ ക്രിസ്ത്യാനികളുടെ എതിർപ്പ് മൂലം ഇൻട്രിഅപ്പം നുറുക്കൽ ദൈവാലയങ്ങളിൽ വച്ചുള്ളത് ബാൻ ചെയ്തു.

പിന്നീട് എ.ഡി. 325-ൽ കുസ്തന്തീനോസ് ചക്രവർത്തി വിളംബരം ഇറക്കി യഹൂദാ ജനം മിസ്രയീമിൽനിന്ന് പുറപ്പെട്ടതിന്റെ ഓർമ്മയ്ക്കായിട്ടുള്ള പെസഹാ ആചരിക്കുവാൻ പാടില്ല. ഇത് ആചരിക്കുന്നവരുടെ സ്വത്തുക്കൾ കണ്ടു കെട്ടണമെന്ന്. യേശുവിന്റെ ഒടുവിലത്തെ അത്താഴ വിരുന്ന് മർക്കോസിന്റെ മാളികയിൽ വെച്ച് നടന്ന അപ്പം നുറുക്ക് മാത്രമേ ആചരിക്കുവാൻ പാടുള്ളു. ദൈവാലയത്തിൽ മാത്രമേ അപ്പം നുറുക്ക് നടത്താവു എന്ന് വിളംബരം ഇറക്കിയതിന്റെ ചുരുക്കം. അതുകൊണ്ടാണ് പെസഹായ്ക്ക് ദൈവാലയത്തിൽ എല്ലാവരും അപ്പവും വീഞ്ഞും (വിശു. കുർബ്ബാന) ഭക്ഷിക്കുന്നത്.എന്നാൽ ഇസ്രായേൽ ജനം മിസ്രയീമിൽനിന്ന് മോശയുടെ നേതൃത്വത്തിൽ കനാൻ ദേശത്തിലേക്ക് യാത്ര ആയപ്പോൾ യഹോവ മോശയോട് അരുളി ചെയ്തത് അനുസരിച്ച് യഹൂദാ നസ്രാണികളായ ക്നാനായക്കാർ യഹൂദ പാരമ്പര്യം അനുസരിച്ച് വീട്ടിൽ ഇൻട്രി അപ്പം ഉണ്ടാക്കി ഗൃഹനാഥൻ വീട്ടിലെ എല്ലാ അംഗങ്ങൾക്കും അത് മുറിച്ച് കൊടുത്ത് പെസഹാ ആചരിക്കുന്നു.

(നസ്രാണികൾ എന്നു പറഞ്ഞാൽ നസ്രേത്തിൽ ജനിച്ച നസ്രേയനായ യേശുവിന്റെ പിന്തുടർച്ചക്കാരെയാണ് നസ്രാണികൾ എന്ന് വിളിക്കുന്നത്.) പെസഹാ അപ്പം മുറിക്കൽ ക്നാനായക്കാർക്ക് മാത്രം ഉള്ള പെരുന്നാൾ ആണ്. അതുകൊണ്ട് പുറത്തുനിന്നും ആരെയും ഇൻട്രിഅപ്പം നുറുക്കലിന് ഭവനത്തിൽ ക്ഷണിക്കാറില്ല.

ഇൻട്രിഅപ്പം യഹൂദ വംശജരായ ക്നാനായ ക്രിസ്ത്യാനികളുടെ മാത്രം അവകാശമാണ്. എന്നാൽ പല സുറിയാനി വിഭാഗക്കാരും ഈ പാരമ്പര്യം അവകാശപ്പെട്ട് പിൻതുടരുന്നുണ്ട്.

ഈരര പള്ളി ഇടവകാംഗം അനീഷ്മോൻ, ചെങ്ങളം പള്ളി ഇടവകാംഗം ബിനോയി ഉതുപ്പാൻ എന്നിവർ വീണ്ടും കേരള ഹൈക്കോടതിയിലേക്ക്.

പ്രിയപ്പെട്ടവരെ, മുകളിൽ പറഞ്ഞിരിക്കുന്നവർ വീണ്ടും ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്.ആരുടെ പ്രേരണയിൽ ആണെന്ന് വ്യക്തമാണല്ലോ

സീനിയർ അഡ്വക്കേറ്റ് പി.ബി. കൃഷ്ണനനാണ് കേസ് ഫയൽ ചെയ്തിരിക്കുന്നത്. സമുദായ മെത്രാപ്പോലീത്താ, സമുദായ സെക്രട്ടറി, സമുദായ ട്രസ്റ്റി, വൈദിക ട്രസ്റ്റി, അസ്സോസിയേഷൻ പ്രസിഡന്റ്, വികാരി ജനറാൾ, ഭദ്രാസന സെക്രട്ടറി, ക്നാനായ കമ്മിറ്റി എന്നിവരെയാണ് പ്രതിപട്ടികയിൽ ചേർത്തിരിക്കുന്നത്. 05-03-2024 ലാണ് കേസ്, എറണാകുളം ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്നത്.

ഈ സമുദായത്തെ എങ്ങോട്ടാണ് ഈ കൂട്ടർ കൊണ്ടുപോകുന്നത്? പാവപ്പെട്ട സമുദായ ജനത്തിന്റെ പണം മുഴുവൻ കോടതിയിൽ വക്കീലിനും കേസിനുമായി ചെലവഴിക്കപ്പെടുത്തുന്ന ഇവർ ദൈവസന്നിധിയിൽ കണക്ക് പറയേണ്ടിവരും എന്നുള്ളതിൽ സംശയമില്ല. ക്നാനായ സമുദായത്തിലെ ദൈവാലയങ്ങളിൽനിന്നും തികച്ചും ജനാധിപത്യപരമായി ഇലക്ഷനിൽ കൂടി ജയിച്ചുവന്ന സമുദായ അസ്സോസിയേഷൻ അംഗങ്ങളെ പിരിച്ചുവിടുന്നതിനും, ഇപ്പോഴത്തെ സമുദായ ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുമാണ് കേസ്. സമുദായത്തിൽ ഭരണസ്തംഭനം ഉണ്ടാക്കി മുൻപോട്ടുള്ള പ്രയാണങ്ങളെ തടയുന്നതിനു കരുതിക്കൂട്ടിയുള്ള പ്രവർത്തനമാണ് ഇവർ നടത്തുന്നത്.

സിറിയൻ ക്നാനായക്കാരും ക്നാനായ കത്തോലിക്കരും ഒരുമിച്ച് പ്രവർത്തിക്കുന്ന ക്നാനായ ഗ്ലോബൽ പാർലമെന്റ് (KGP) യുടെ ആഭിമുഖ്യത്തിൽ കൊടുങ്ങല്ലൂരിൽ ക്നായിതോമാ ദുഃഖറോനോ പെരുന്നാൾ ആഘോഷിച്ചു.

ഫാ. നോബിൻ തോമസ് ഇളകുറ്റൂർ ദിവ്യബലി നടത്തിയതിനുശേഷം പൊതുസമ്മേളനം KGP പ്രസിഡന്റും, ക്നാനായ സമുദായ സെക്രട്ടറിയുമായ ശ്രീ.റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ ഉദ്ഘാടനം ചെയ്തു. സമൂഹത്തിലെ സാധുക്കളായ ആളുകളുടെ ഉന്നമനത്തിനുവേണ്ടി രണ്ടുകോടി രൂപ ചെലവഴിക്കുന്നതിനുവേണ്ടി വിദേശ പ്രതിനിധികൾ ഉൾപ്പെടെ പങ്കെടുത്ത പ്രതിനിധി സമ്മേളനം പ്രമേയം പാസ്സാക്കി.

KGP സെക്രട്ടറി ജോണി കുരുവിള പടികൃമാലിൽ അദ്ധ്യക്ഷത വഹിച്ചു. ഫാ.ജോബി പാറക്കൽ ചരുവിൽ മുഖ്യ പ്രഭാഷണം നടത്തി. ഫാ. നോബിൻ തോമസ് ഇളകുറ്റൂർ, ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, തമ്പാൻ തോമസ് കോളഭാഗത്ത്, സന്ദീപ് താമരപള്ളി, വില്ലി വടാമറ്റം, ജിമ്മി ചെറിയാൻ, ഡൊമിനിക് സാവിയോ, തോമസുകുട്ടി തേവരുമുറിയിൽ, ഉതുപ്പാൻ ജോസഫ് വള്ളപ്പുരക്കൽ, സാബു കണ്ണാട്ടിപ്പുഴ, ലിനു ചെറിയാൻ വരാത്ര, ജോബി ജോസഫ് കാരിക്കോട്ട്, സജി.റ്റി.ചാക്കോ താന്നിക്കൽ എന്നിവർ പ്രസംഗിച്ചു.

ഓതറ നസ്രേത്ത് ആശ്രമത്തിന്റെയും, ഐ മൈക്രോ സർജറി & ലേസർ സെന്റർ കണ്ണാശുപത്രി തിരുവല്ലയുടെയും, ശബ്ദ ഹിയറിങ്ങ് ക്ലിനിക് തിരുവല്ലയുടെയും സംയുക്ത ആഭിമുഖ്യത്തിലും കുടുംബശ്രീ, ആശാപ്രവർത്തകർ തുടങ്ങിയവരുടെ സഹകരണത്തോടെയും സൗജന്യ നേത്ര ചികിത്സാ ക്യാമ്പും, കേൾവി പരിശോധനയും നടന്നു. നേത്ര ചികിത്സാ ക്യാമ്പ് ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.ബി. ശശിധരൻപിള്ള ഉദ്ഘാടനം ചെയ്തു. നസ്രേത്ത് ആശ്രമം പ്രസിഡന്റ് റവ.ഫാ.വി.എ. ഏബ്രഹാം ഇളയശ്ശേരിൽ അദ്ധ്യക്ഷത വഹിച്ചു. ക്നാനായ സമുദായ സെക്രട്ടറി ശ്രീ.റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ മുഖ്യപ്രഭാഷണം നടത്തി. ആശ്രമം സെക്രട്ടറി സ്മിജു ജേക്കബ് മറ്റയ്ക്കാട്ട്, ഗ്രാമപഞ്ചായത്ത് മെമ്പർ എം.എസ്. മോഹൻ, നസ്രേത്ത് കോളേജ് സെക്രട്ടറി പി.എ. ഏബ്രഹാം കുഴിക്കണ്ടത്തിൽ, സമുദായ മാനേജിംഗ് കമ്മിറ്റിയംഗം തോമസ്കുട്ടി തേവരുമുറിയിൽ, ആശ്രമം ഭാരവാഹികളായ റെജി പുളിക്കാവിൽ, കുഞ്ഞുമോൻ ആലഞ്ചേരി, പി.കെ. കുര്യൻ പാട്ടമ്പലത്ത്, റ്റിബി താമരപ്പള്ളി, റ്റി.എം. തോമസ് എന്നിവർ പ്രസംഗിച്ചു. പ്രസ്തുത ക്യാമ്പിൽ നൂറ്റിയെട്ട് ആളുകൾ പങ്കെടുത്തു.

2018-ലെ ഭരണസമിതി ചാർജ് എടുത്തപ്പോൾ മുൻ വൈദിക ട്രസ്റ്റി ബഹു. അനിൽ കൊന്നയ്ക്കൽ അച്ചൻ സമുദായത്തിന്റെ ലോക്കറിന്റെ താക്കോൽ ആ സമയത്തെ വൈദിക ട്രസ്റ്റിയായിരുന്ന ബഹു. മോനായി ഫിലിപ്പ് കർക്കി

ടകംപള്ളി അച്ചനെ ഏല്പിച്ചു. എന്നാൽ തലമുറകളായി ഉണ്ടായിരുന്ന സ്റ്റോക്ക് രജിസ്റ്റർ ഇല്ലാതെയാണ് താക്കോൽ ഏല്പിച്ചത്. ആ സമയം എന്തൊക്കെ ലോക്കറിൽ ഉണ്ടായിരുന്നോ അതിനു മാത്രമേ മോനായി ഫിലിപ്പ് അച്ചൻ രസീത് കൊടുത്തിട്ടുള്ളു. അന്നത്തെ അല്മായ ട്രസ്റ്റി പരേതനായ സ്കറിയ തോമസ് സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ എനിക്ക് ഉത്തരവാദിത്തമില്ല എന്ന് പറഞ്ഞ് ഒഴിഞ്ഞുമാറി. കഴിഞ്ഞ റ്റേമിൽ ആരും ആ ലോക്കർ തുറന്നിട്ടില്ല.

ഒരു സമുദായത്തിന്റെ ആരംഭസമയം മുതൽ ഉണ്ടായിരുന്ന സ്വത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ ഉണ്ടായിരുന്നത് നഷ്ടപ്പെടുത്തിയവർ ആരാണെങ്കിലും ആയതിന്റെ ഉത്തരവാദിത്വം എന്നും അവർക്ക് മാത്രമായിരിക്കും എന്ന് അറിയിക്കുന്നു.

2023 ലെ പുതിയ ഭരണസമിതികൾ വന്നപ്പോൾ പുതിയ സ്റ്റോക്ക് രജിസ്റ്റർ ഉണ്ടാക്കണമെന്ന് ക്നാനായ കമ്മിറ്റി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മലങ്കര സുറിയാനി ക്നാനായ സമുദായത്തിലെ സ്ഥാവര ജംഗമ വസ്തുക്കളുടെയും മറ്റ് അസറ്റുകളുടെയും ഒരു സ്റ്റോക്ക് രജിസ്റ്റർ ആരംഭിക്കുന്നതിന്റെ ഭാഗമായി സമുദായ മെത്രാപ്പോലീത്ത അഭി. ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് ആദ്യ റിക്കോർഡ് എഴുതി ഉദ്ഘാടനം നിർവഹിച്ചു.

ക്നാനായ സമുദായത്തിന് വലിയ ഒരു ബുക്ക് സ്റ്റാൾ ആരംഭിക്കുകയാണ്. ചിങ്ങവനം പുത്തൻപള്ളിയുടെ നേരെ എതിർവശത്തുള്ള സമുദായംവക ബിൽഡിംഗിൽ ആണ് ധാരാളം പള്ളി സാധനങ്ങളും പുസ്തക ശേഖരവുമായി ഈ ബുക്ക്സ്റ്റാൾ തുറന്നു പ്രവർത്തിക്കുവാൻ പോകുന്നത്.

ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയും ക്നാനായ സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിലും NAMKC യുടെ ആഭിമുഖ്യത്തിൽ ജൂലൈ 18 മുതൽ 21 വരെ ഡാളസിൽ നടക്കുന്ന ക്നാനായ സംഗമത്തിന് ആശംസകൾ അറിയിച്ചുകൊണ്ടുള്ള സന്ദേശങ്ങൾ അയച്ചു.

ആ കൺവെൻഷനിൽ കഴിവതും എല്ലാവരും സംബന്ധിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

കൊടുങ്ങല്ലൂർ ക്നാനായ പൈതൃക സ്മാരകത്തിൽ അമേരിക്കയിലെ ഫിലാഡിൽഫിയ പള്ളി വികാരി റവ. ഫാ. റെന്നി ഏബ്രഹാം കിഴക്കേതിൽ 27-10-2023 ൽ ദിവ്യബലി അർപ്പിച്ചിരുന്നു. അമേരിക്ക, യൂറോപ്പ്, കാനഡാ, ഓസ്ട്രേലിയ തുടങ്ങിയ വിദേശ ക്നാനായ അസ്സോസിയേഷൻ അംഗങ്ങളുടെ സാന്നിദ്ധ്യത്തിലായിരുന്നു ദിവ്യബലി.

ദിവ്യബലിക്കുശേഷമുള്ള പൊതുസമ്മേളനത്തിൽ അച്ചൻ പൈതൃക സ്മാരകത്തിലെ സാധനങ്ങളുടെ കുറവ് കണ്ടുകൊണ്ട് അത് മുഴുവൻ ഫിലാഡൽഫിയ സെന്റ് മേരീസ് ദൈവാലയം വാങ്ങിത്തരാം എന്ന് ഏറ്റിരുന്നു. അതനുസരിച്ച് സ്റ്റീൽ അലമാര, പെഡസ്റ്റൽ ഫാൻ, കസേരകൾ ഉൾപ്പെടെ 36,900 രൂപയുടെ അവശ്യസാധനങ്ങൾ വാങ്ങി തരികയുണ്ടായി. ഫിലാഡൽഫിയ പള്ളിക്കാരോടുള്ള നന്ദി അറിയിക്കുന്നു.

ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിക്കുവേണ്ടി

**റ്റി. ഒ. ഏബ്രഹാം**

സമുദായ സെക്രട്ടറി

# കവിത

**ഏലിക്കുട്ടി തോമസ്**
**കുന്നേൽപറമ്പിൽ**

ഓരോ നിമിഷങ്ങളിലും നമ്മുടെ യേശുവിന്റെ
മുമ്പിൽ ഒന്ന് മനസ്സ് തുറന്ന് പങ്കിടാം പ്രിയരേ (2)

കഥനം ഏറിടും നമ്മുടെ ഭാരങ്ങളെല്ലാം
പറയുമ്പോൾ അതു മുഴുവൻ കേൾക്കാൻ യേശു
മാത്രമേയുള്ളു.
ക്രൂശിൽ ചേർത്തു നമ്മുടെ രോഗ ദുരിതങ്ങളെല്ലാം (2)

കാരിരുമ്പിൻ ആണിയേക്കാൾ കഠോര വേദനയേകി നമ്മൾ!
ഏറെ നാളായി നാഥനു നമ്മൾ മുൾമുടി മെനഞ്ഞല്ലോ (2)

ക്രൂശിതാ മറന്നു പോകല്ലേ ഞങ്ങളെ (2)

പാപം നമ്മിൽ ഇല്ലെന്ന് നിരന്തരം നമ്മൾ
ഓർത്തു പോയി നീതിമാനാണെന്ന് ചമഞ്ഞ
ചെയ്യേണ്ട നന്മകൾ മറന്നുപോയി

യേശുവേ കനിയൂ.. കരുണ തോന്നേണമേ
ഞങ്ങളിൽ കനിവ് തോന്നേണമേ (2)



# മനസ്സു മാറുന്ന സമൂഹം

**റ്റി. സി. തോമസ് തോപ്പിൽ**
(ക്നാനായ സമുദായ ട്രസ്റ്റി)

ഒരിക്കൽ ഒരു ദീർഘ യാത്രയ്ക്കിടയിൽ വഴിയരികിലായി കുറെ ആളുകൾ കൂട്ടം കൂടി നിൽക്കുന്നതു കാണുവാനിടയായി. അവിടേയ്ക്കപ്പോൾ ശ്രദ്ധിച്ചുനോക്കിയെങ്കിലും എന്താണു സംഭവിച്ചിട്ടുള്ളതെന്നു കൃത്യമായി അറിയാനായില്ല. കൂടിനിൽക്കുന്നവരിൽ മിക്കവരും അവരുടെ മൊബൈൽ ഫോണുകൾ തലയ്ക്കുമീതെ ഉയർത്തിപ്പിടിച്ച് അവിടെ നടക്കുന്ന സംഭവം തൽസമയം പകർത്തിക്കൊണ്ടിരിക്കുന്നതിലാണ് ശ്രദ്ധയൂന്നിയിരുന്നത്. അൽപനേരം കഴിഞ്ഞപ്പോൾ രണ്ടു പോലീസുകാർ വന്നു. കൂടി നിന്നിരുന്ന ആളുകളെ ഇരുവശത്തേക്കും ഒതുക്കി നിർത്തിയപ്പോഴാണ് അവർക്ക് നടുവിൽ ഒരാൾ രക്തം വാർന്നു മരണാസന്ന നിലയിൽ കിടക്കുന്നത് കാണാൻ കഴിഞ്ഞത്. അടുത്തുള്ള ഒരു ബഹുനില കെട്ടിടത്തിന്റെ മുകളിൽ നിന്നും കാൽ വഴുതി വീണ ആ സാധു മനുഷ്യനെ ഏതെങ്കിലും ആശുപത്രിയിൽ എത്തിക്കുന്നതിനു പകരം അയാളുടെ അവസാന ശ്വാസം പോകുന്നതുവരെയുള്ള രംഗങ്ങൾ ദൃശ്യത്തിലാക്കുവാൻ മത്സരിക്കുന്നവരുടെ ഒരു സമൂഹമായി ഇന്നു നമുക്കു ചുറ്റുമുള്ളവർ മാറിക്കൊണ്ടിരിക്കുന്നുവെന്നുള്ളത് വേദനാജനകമായ ഒരു യാഥാർത്ഥ്യമാണ്.

സാമൂഹ്യ മാദ്ധ്യമങ്ങളുടെ വരവും അവയുടെ സ്വാധീനവും ഇത്രയും വർദ്ധിച്ചു വരുന്നതിനു മുൻപ് ഇങ്ങനെ ഒരു സംഭവമുണ്ടായാൽ അയാളെ എങ്ങനെയും രക്ഷപെടുത്തുകയെന്നതിലാകുമായിരുന്നു ആളുകളുടെ ശ്രദ്ധമുഴുവനും. ഇങ്ങനെ ഒരാളുടെ ജീവൻ നഷ്ടപ്പെടാതിരിക്കുന്നതിനായി പുലർത്തുന്ന ശ്രദ്ധയും ജീവൻ നഷ്ടപ്പെടുന്നത് പകർത്തുന്നതിൽ പുലർത്തുന്ന ശ്രദ്ധയും നിരീക്ഷിച്ചാൽ ഒരു കാര്യം വ്യക്തമാകും. അത് ഒരുവനു മറ്റൊരുവനോടുള്ള സ്നേഹത്തിന്റെയും ബന്ധങ്ങളുടെയും സമഭാവനയുടെയും നിലയിൽ പ്രകടമായ വ്യതിയാനം ഇപ്പോൾ സംഭവിച്ചിരിക്കുന്നു എന്നതാണ്. അതല്ലെങ്കിൽ ഇന്നലെയുണ്ടായിരുന്നവരിൽ നിന്നും ഇന്നുള്ളവർ കൂടുതൽ കൂടുതൽ പ്രതിബദ്ധത നഷ്ടപ്പെട്ടവരായി മാറിക്കൊണ്ടിരിക്കുന്നുവെന്നതാണ്.

ഇന്നലെയുണ്ടായിരുന്നവരുടെ പ്രതിബദ്ധതയിൽനിന്നാണ് ഇന്നത്തെ 'ഞാൻ' എന്ന വ്യക്തിയും വ്യക്തിത്വവും രൂപപ്പെട്ടുവന്നിട്ടുള്ളതെന്ന യഥാർത്ഥ്യം വിസ്മരിച്ചു പോകുന്നതുകൊണ്ടാണ് ഒരാൾ മറ്റൊരാളിന്റെ ആപത്തു കണ്ടിട്ടും സഹായഹസ്തം നീട്ടാതെ മാറിനിൽക്കുന്നത്. എന്നാൽ അതേ ആപത്ത് തനിക്കോ തന്റെ ഉറ്റ ബന്ധുമിത്രാദികൾക്കോ ആണ് സംഭവിച്ചിരുന്നതെങ്കിലോ? ആരെങ്കിലും ഓടിവന്ന് എത്രയും പെട്ടെന്ന് ആശുപത്രിയിൽ എത്തിച്ചിരുന്നെങ്കിൽ എന്നു ചിന്തിക്കുമായിരുന്നില്ലേ? ഉറപ്പായും ചിന്തിക്കുമായിരുന്നു. അപ്പോൾ ഒരേ കാര്യത്തിൽ ഒരാൾക്ക് അയാളെ സംബന്ധിച്ച് ഒരു നിലപാടും മറ്റൊരാളെ സംബന്ധിച്ച് അതിനു വിരുദ്ധമായ നിലപാടുമാണുള്ളത്.

വളരെ പ്രതീക്ഷയോടെ വെറ്റിനറി ഡോക്ടർ ആക്കാൻ വിട്ട മകനെ സഹപാഠികൾ റാഗിംഗ് എന്ന ക്രൂര വിനോദത്തിലൂടെ അതിദാരുണമായി മരണത്തിലേക്കു തള്ളിവിട്ട ഒരു സമൂഹമായി നമ്മുടെ ചില വിദ്യാലയങ്ങൾ മാറിയതിന് അടുത്തകാലത്ത് കേരളം സാക്ഷിയായല്ലോ. ഒരു കാലത്ത് പരിപാവനമായി കരുതിയിരുന്ന കലാലയങ്ങൾപോലും ഇന്ന് കുരുതിക്കളമായി മാറുന്ന കാഴ്ച സമൂഹത്തിൽ പതിവായിരിക്കുന്നു. സർവ്വകലാശാലകൾ സർവ്വകലാപശാലകളായും കലോത്സവങ്ങൾ കലാപോത്സവം ആയി മാറുന്നതും ഇന്ന് സാധാരണമാണ്. നിഷ്പക്ഷരെന്നു നാം കരുതിയിരുന്ന വിധികർത്താക്കൾ കോഴവാങ്ങി വിധിയുടെ വിശുദ്ധി കളങ്കപ്പെടുത്തുന്നു എന്ന ആരോപണവും ഉണ്ടാകുന്നു. ഇതെല്ലാം വിരൽ ചൂണ്ടുന്നത് മനസ്സു മാറുന്ന മനുഷ്യന്റെ ധാർമ്മിക അപചയത്തിലേക്കാണ്. പണ്ട് രാജഭരണകാലത്ത് വിദ്യയും വൈദ്യവും സർവ്വജനങ്ങൾക്കും സൗജന്യമായി ലഭിക്കണമെന്ന് നിർബന്ധമായിരുന്നു. ഇന്ന് ആ രണ്ടു മേഖലകളാണ് ഏറ്റവും വലിയ വാണിജ്യ കേന്ദ്രങ്ങൾ. വിദ്യാഭ്യാസ സ്ഥാപനങ്ങൾ അതിന്റെ സ്ഥാപകലക്ഷ്യത്തിൽ നിന്നും തെന്നിമാറി ലാഭക്കൊതിയോടെ മാത്രം പ്രവർത്തിക്കുമ്പോൾ അതിൽനിന്നും പുറത്തുവരുന്ന ഉൽപ്പന്നങ്ങളായ കുട്ടികളുടെ സമൂഹത്തോടുള്ള പ്രതിബദ്ധതയിലും മനോഭാവത്തിലും അതു പ്രതിഫലിക്കുന്നു. പണ്ട് രാഷ്ട്രീയ പ്രവർത്തനം രാഷ്ട്രസേവനത്തിനുള്ളതായിരുന്നു. ഇന്നതിനു മാറ്റം വന്നിരിക്കുന്നു. ആത്മീയ കേന്ദ്രങ്ങൾ പോലും മൂല്യബോധം നഷ്ടപ്പെട്ട കേവലം ഒരാൾക്കൂട്ടമായി മാറി. നമ്മുടെ സമൂഹം എന്നാൽ ആത്മസഹോദരായി കഴിയേണ്ട മനുഷ്യൻ ആത്മവിരോധികളായിത്തീരുന്ന ഒരു വ്യവഹാരക്കാഴ്ചയാണ് നമ്മൾ ഇന്ന് ലോകത്തു കാണുന്നത്. എവിടെ നോക്കിയാലും വെല്ലുവിളികളും സംഘർഷങ്ങളും അശാന്തികളുമാണ്. നമ്മുടെ സമൂഹം ഒരാളെ വിലയിരുത്തുന്നത് അയാളുടെ വ്യക്തിഗതമായ നിലകളെയും തലങ്ങളെയും മാനദണ്ഡമാക്കിക്കൊണ്ടാണ്. ധാർമ്മികതയുടെ അടിത്തറയോ പിൻബലമോ ഇല്ലാത്ത ഏതൊരു ഭൗതിക വളർച്ചയും കേവലം ചെടിച്ചട്ടിയിൽ വളർത്തുന്ന ആൽമരം പോലെയാണ്. അത് എത്ര നൂറ്റാണ്ടു കഴിഞ്ഞാലും ഒരു ചെടിയുടെ വളർച്ചയ്ക്കും വലിപ്പത്തിനും അപ്പുറത്തേക്കു വളരാനാവുകയില്ല. ആർക്കും ആരെയുമറിയാൻ ആഗ്രഹമില്ലാത്ത ഒരവസ്ഥയാണിന്ന്. അറിഞ്ഞിട്ടെന്തു കാര്യം. എന്തെങ്കിലും കാര്യം സാധിക്കണമെങ്കിൽ എന്തെങ്കിലും ചോദിക്കും. കാര്യസാദ്ധ്യത്തിനുവേണ്ടി മാത്രമുള്ള ബന്ധങ്ങൾ സ്ഥാപിക്കാനാണ് എല്ലാവർക്കും താല്പര്യം. പട്ടിണിയും പരിവട്ടവുമായിക്കഴിഞ്ഞിരുന്ന കാലം പോയി. ഇന്നും പട്ടിണിയുണ്ട്. പക്ഷേ നന്നേകുറവാണ്. സമൃദ്ധിയുടെ വേലിയേറ്റത്തിൽ മഹാഭൂരിപക്ഷത്തിനും അടിതെറ്റി. സമൂഹത്തിൽ വ്യക്തികൾ തമ്മിലും കുടുംബങ്ങൾ തമ്മിലും ഉള്ള ആശയവിനിമയം കുറയുന്നു. കുടുംബബന്ധങ്ങൾ തകരുന്നു. പങ്കുവെയ്ക്കൽ മനോഭാവം, പരസ്പര വിശ്വാസം ഇവ അന്യമാകുന്നു. കുട്ടികളും വൃദ്ധരുമാണ് ഈ ആധുനികവത്ക്കരണത്തിന്റെ ഇരകൾ. കുഞ്ഞുങ്ങളുമായി ശരിയായ ആശയ വിനിമയം നടത്താൻ മാതാപിതാക്കൾക്കു

# അരങ്ങിനപ്പുറത്തെ അണിയറ യാഥാർത്ഥ്യങ്ങൾ

എൻജി. ടി. എം. തോമസ് കൊച്ചുപുരയ്ക്കൽ, തുണ്ടിയിൽ, കല്ലിശ്ശേരി

മരുപ്പച്ചയുടെ പ്രാരംഭ കാലഘട്ടത്തിൽ ചെങ്ങന്നൂർ ടൗണിൽകൂടി മാനസിക അസ്വസ്ഥതയാൽ അലഞ്ഞു നടന്നു പോലീസിന്റെ ഇടപെടലിൽ സ്നേഹധാര അഭയഭവനത്തിൽ എത്തുകയും അവിടെ നിന്നും മരുപ്പച്ചയിലേക്കു വരികയും ചെയ്ത തമിഴ്നാട്ടുകാരനായിരുന്നു ശ്രീ ശങ്കയ്യ. ഇവിടുത്തെ പരിചരണത്താൽ ടിയാൻ മാനസിക അസ്വസ്ഥതയിൽ നിന്ന് വിടുതൽ പ്രാപിച്ചപ്പോഴാണ് ഇയാളുടെ പൂർവ്വകാലചരിത്രം മനസ്സിലാകുന്നത്. തിരുനെൽവേലിക്കടുത്ത ഏതോ ഗ്രാമക്കാരനാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ഇൻഡ്യൻ പട്ടാളത്തിൽ പ്രവേശിച്ചു. വർഷങ്ങൾക്കുശേഷം അവിടെ നിന്നും റിട്ടയർമെന്റ് എടുക്കാതെ ചാടിപ്പോരുകയായിരുന്നു. വസ്തുസംബന്ധമായ എന്തോ തർക്കത്താൽ ഭാര്യയുമായി തെറ്റി അസ്വസ്ഥനായി അലഞ്ഞു തിരിഞ്ഞു നടന്നു എങ്ങനെയോ കേരളത്തിൽ എത്തി മരുപ്പച്ചയിൽ താമസമായി. മരുപ്പച്ചയിലെ പരിചരണത്താൽ മാനസിക അസ്വസ്ഥതകളൊക്കെ മാറി ഇവിടെ താമസിച്ചു വരികയായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം ഇയാളുടെ ഭാര്യ അവരുടെ സഹോദരനുമായി ടിയാനെ നാട്ടിലേക്കു കൊണ്ടുപോകാനായി കടന്നുവന്നു. ഭാര്യയുടെ കൂടെ എന്നെ വിടരുതെന്നും വിട്ടാൽ അവരെന്നെ കൊന്നുകളയുമെന്നും പറഞ്ഞു. പോകാൻ തയ്യാറായില്ല. നാട്ടിൽ കൊണ്ടുപോയി ബലപ്രയോഗത്താൽ വസ്തുവകകൾ അവരുടെ പേരിൽ എഴുതി വാങ്ങുന്നതിനായിരുന്നു അവരുടെ ഉദ്യമം.

ഏതാനും ആഴ്ചകൾ കഴിഞ്ഞപ്പോൾ ഒരു വാനിൽ ഭാര്യയും നാലു ഗുണ്ടകളുമായി ആ സ്ത്രീ വീണ്ടും മരുപ്പച്ചയിലേക്കു വന്ന് ബലമായി കൊണ്ടുപോകാൻ ശ്രമിച്ചു. ഇവിടുത്തെ അന്തേവാസികളുടെ കെയർ ടേക്കറായി ജോലി ചെയ്യുന്ന ശ്രീ ബാബുവിന് തമിഴ് നല്ലവണ്ണം വശമുള്ളയാളാണ്. ഞാൻ പോലീസിനെ വിളിക്കാൻ പോകയാണെന്നു പറഞ്ഞതിനാൽ ഭയന്ന് അവർ പിൻമാറി തിരികെ പോയി.

മാനസിക അസ്വസ്ഥതകളിൽ നിന്നും പൂർണ്ണമായി വിടുതലായപ്പോൾ ഇയാൾക്ക് ഇൻഡ്യൻ മിലിട്ടറി സർവ്വീസിൽ ജോലിയായിരുന്നുവെന്നും എന്തോ മാനസിക വിഭ്രാന്തിയാൽ ഡിപ്പാർട്ടുമെന്ററിയാതെ ചാടിപ്പോന്നതാണെന്നും മനസ്സിലായി. പെൻഷനോടുകൂടിയുള്ള വോളന്ററി റിട്ടയർമെന്റ് എടുക്കുന്നതിനുള്ള കാലാവധിയിൽ കൂടുതൽ സർവ്വീസ് ഉണ്ടെന്നുള്ളതിനാൽ ആയതിനു ശ്രമിക്കുന്നതിനായി തിരുനെൽവേലിയിലോ ചെന്നൈയിലോ ഉള്ള എക്സ് സർവ്വീസ്മെൻ അസ്സോസിയേഷനുമായി ബന്ധപ്പെടുന്നതിനായി തമിഴ് നാട്ടിലേക്കു ടിയാനെ പറഞ്ഞു വിട്ടു. ഏതാനും മാസങ്ങൾ കഴിഞ്ഞ് ടിയാൻ ഒരിക്കൽ മരുപ്പച്ചയിൽ സന്ദർശനത്തിനായി വന്നപ്പോൾ മിലിട്ടറി കാന്റീൻ സർവ്വീസ് ബെനിഫിറ്റ് ഉൾപ്പെടെ പെൻഷനും മറ്റാനുകൂല്യങ്ങളെല്ലാം ലഭ്യമായ വിവരങ്ങൾ അറിയാൻ സാധിച്ചു. ശ്രീ ശങ്കയ്യ ഇപ്പോൾ സ്വന്തമായി ഒരു ഓട്ടോറിക്ഷാ വാങ്ങി ടാക്സിസർവ്വീസ് നടത്തി ജീവിക്കുന്നു. ഒരാളെക്കൂടി ജീവിതത്തിലേയ്ക്ക് മടക്കി അയക്കാൻ സാധിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു.

(തുടരും)

സമയമില്ല. പഠിത്തത്തിൽ മാർക്കു കുറഞ്ഞാലോ ശാസന, കടുത്തശിക്ഷ. ചില സ്കൂളുകളിലും ശിക്ഷയ്ക്കു കുറവില്ല. എന്തിലും ഏതിലും കുറ്റം കണ്ടെത്തുമ്പോൾ കുഞ്ഞുങ്ങളുടെ ആത്മവിശ്വാസം തന്നെ നഷ്ടമാകും. സ്നേഹം, വിനയം, കാരുണ്യം എന്നീ സദ്ഗുണങ്ങൾ ഇല്ലാതാകും. വാത്സല്യം ലഭിക്കാതെ ബാല്യം നഷ്ടപ്പെടുന്ന അവർക്ക് സമൂഹത്തോടു പ്രതിബന്ധത കാട്ടാനാവില്ല. ദാമ്പത്യത്തിലെ ചില്ലറ അപസ്വരങ്ങൾ ആളിക്കത്തുന്നു. തീപ്പൊരി കാട്ടുതീയാകുന്നു. വാക്കുകൾ അഗ്നിയാണെന്ന കാര്യം മറക്കുന്നു. കുടുംബഭാരങ്ങൾ ഏറുമ്പോൾ വൃദ്ധമാതാപിതാക്കൾ അധിക ഭാരമായി തോന്നുന്നു. വൃദ്ധമാതാപിതാക്കൾ വൃദ്ധസദനങ്ങളിൽ അഭയം തേടുന്നു. ഗുരുശിഷ്യബന്ധം പരമപാവനമായി കാത്തു സൂക്ഷിച്ച രാജ്യമാണ് ഭാരതം. 'ആചാര്യദേവോഭവ' എന്നതാണ് മുദ്രാവാക്യം. ഇന്ന് കാലത്തിന്റെ കല്പടവുകളിൽ വീണുടയുന്ന ഗുരുശിഷ്യബന്ധം. സ്നേഹാദരവുകൾ നഷ്ടമായി. മൂല്യങ്ങൾക്കു മങ്ങലേറ്റു. നാം നേടിയ ഭൗതിക പുരോഗതിക്ക് ധാർമ്മികതയുടെയും ബഹുസ്വരതയുടെയും പിൻബലമുണ്ടോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പ്രവർത്തനത്തിന്റെ ലക്ഷ്യം സാമൂഹ്യ നന്മയായിരിക്കട്ടെ. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഭാരതം പണ്ടേ പേരു കേട്ടതാണല്ലോ. ക്രൗഞ്ചമിഥുനങ്ങളിൽ ഒന്നിനെ എയ്തു വീഴ്ത്തിയ വനവേടനെ നോക്കി. 'മാനിഷാദ' എന്നു പാടിയതു മുതൽ 'പരോപകാരമേ പുണ്യം, പാപമേ പരപീഡനം' എന്ന മഹത്തായ ആശയങ്ങൾ വരെ ഭാരതത്തിന്റെ പുരാണങ്ങളിലുണ്ട്. നമ്മുടെ സമൂഹത്തിനു നഷ്ടമായിക്കൊണ്ടിരിക്കുന്ന സ്നേഹം, കാരുണ്യം എന്നീ സദ്ഗുണങ്ങളുടെ വിത്തുകൾ സമൂഹത്തിൽ വിതറിക്കൊണ്ട് നമുക്ക് നഷ്ടപ്പെട്ട മൂല്യങ്ങൾ തിരികെ കൊണ്ടുവരാൻ സാധിക്കട്ടെ. ●


50–ാം വിവാഹ വാർഷികം
28-04-2024
എം. എ. ഏബ്രഹാം
&
സാറാമ്മ ഏബ്രഹാം
മടുക്കുമൂട്ടിൽ,
പൂവൻതുരുത്ത്
കോട്ടയം
ആശംസകളോടെ,
മക്കൾ :
ഷാലു & ഷിബു തുണ്ടത്തിൽ, റാന്നി
ഷോബി & റ്റിന്റു തെക്കേകരോട്ട്,
ചിങ്ങവനം
കൊച്ചുമക്കൾ :
നേഹ, സ്നേഹ, സ്റ്റീവ്
സേറ, അലക്സ്, ഡേവിഡ്
Advt - G


50TH WEDDING ANNIVERSARY
MAY 13TH 2024
Happy 50th Wedding Anniversary
MR. K.C. THOMAS
& SOSAMMA THOMAS
(THOMASKUTTY & AMMINI)
KOCHUMALIYIL,
MANNAR (DALLAS)
BEST WISHES FROM
FAMILY AND FRIENDS
Advt - O



വിദേശ പഠനം സ്വപ്നം കാണാം
വെറും 2.5 ലക്ഷം കൊണ്ട്.
UK XPRESS
സ്കോളർഷിപ്പോടു കൂടി
വിദേശത്തു പഠിക്കാം.
PROVIDING BEST EDUCATION
ACROSS 19+ COUNTRIES.
EMERALD
PVT LIMITED
Admissions
Started
Guiding Your Journey to
Academic Success,
Step by Step.
Contact :
Stephen Shaji
+91 99477 53908
Advt - O
SRM
Chettinad
SATHYABAMA
Bharath
MEENAKSHI
AMET
HINDUSTAN
SRI RAMACHANDRA
VELS
Crescent
Vel Tech

*In loving memory*



8-ാം ചരമവാർഷികം
07-04-2024

പി. ജെ. ചെറിയാൻ





40-ാം ചരമദിനം
15-04-2024

തങ്കമ്മ ചെറിയാൻ

പടിയറ, കോഴിമല

മക്കൾ : ഷൈമോൾ, ഷോഭിമോൾ, മോനച്ചൻ
മരുമക്കൾ: രാജു ഊരാക്കമണ്ണിൽ
രാജു വലിയകാലായിൽ
ആൻസി നീറ്റുകാട്ടിൽ
കൊച്ചുമക്കൾ

Advt - R

# സ്നേഹസ്മരണയ്ക്ക്

43-ാം ചരമവാർഷികം
21/06/2024



റ്റി.കെ തോമസ്

40-ാം ചരമവാർഷികം
07/04/2024



റ്റി.കെ മാത്യു

1-ാം ചരമവാർഷികം
07/04/2024



റ്റി.എം തോമസ്

2-ാം ചരമവാർഷികം
17/04/2024



റ്റി.എം മാത്യു

തേവരുമുറിയിൽ
ഇരവിപേരൂർ, ഓതറ

നിത്യതയുടെ തിരത്തു വീണ്ടും കാണാമെന്ന പ്രത്യാശ്യയോടെ
സന്തപ്ത കുടുംബാംഗങ്ങൾ

Advt - S



# സമൃദ്ധമായ ജീവിതം
# അവധിക്കാലം തക്കത്തിൽ വിനിയോഗിക്കാം!

സുനിൽ ഡി. കുരുവിള

**"ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവൻ ഉണ്ടാകുവാനും അവർക്ക് അത് കൂടുതൽ സമൃദ്ധമായി ലഭിക്കുവാനും വേണ്ടിയാണ്" (യോഹ.10:10).**

ഒരു അവധിക്കാലം കൂടി എത്തിയിരിക്കുകയാണല്ലോ. ലോകത്തെ എല്ലാ വികസിത സമൂഹങ്ങളിലും കുട്ടികളെ സന്തോഷമുള്ളവരാക്കാനാണ് പേരന്റ്സും സ്കൂൾ വിദ്യാഭ്യാസവും ശ്രമിക്കുന്നത്. എന്നാൽ അത് അത്ര എളുപ്പമുള്ള കാര്യമല്ല എന്നുള്ളത് പൊതുവെ എല്ലാവർക്കും അറിയാം. അവധിക്കാലം കുട്ടികളെ സമ്പുഷ്ടമാക്കേണ്ട കാലമാണ്. ഓരോ കുട്ടിയും വിഭിന്നമാണ്. അവരുടെ വളർച്ച ആവശ്യങ്ങൾ വ്യത്യസ്തമാണ്. അത് തിരിച്ചറിഞ്ഞ് അവരെ enrich ചെയ്യേണ്ടതുണ്ട്. കുട്ടികളിൽ വിദ്യാഭ്യാസത്തിലൂടെയും കുടുംബത്തിൽ നിന്നും ലഭിക്കേണ്ട, എന്നാൽ ഇന്ന് കുറവായി കാണുന്ന ചില വിഭവശേഷികൾ:

*ശാരീരിക ആരോഗ്യം, *സന്തോഷം

*വൈകാരിക ബുദ്ധിശക്തി, *തോൽവി നേരിടാനുള്ള കഴിവ്

*മാനസിക കരുത്ത്, *മൂല്യ ബോധം,

*സംസ്കാരം, *സ്വഭാവം

*വ്യക്തിത്വവികസനം, *വായനാശീലം

*സാമൂഹിക മനസ്സിലാക്കൽ

*പരിസ്ഥിതി ബോധം, *സഹജീവി സ്നേഹം.

കുട്ടികളുടെ സന്തോഷത്തിന്റെ അടിസ്ഥാനം ആരോഗ്യമാണ്. നല്ല ശാരീരിക ആരോഗ്യം വളരെ പ്രധാനം. ഇന്ന് കുട്ടികൾ ഓടിച്ചാടി കളിക്കുന്നില്ല. കളിസ്ഥലങ്ങൾ കുറഞ്ഞു.... കൂടെ കളിക്കാൻ കൂട്ടുകാർ ഇല്ല. കളിക്കാൻ പലപ്പോഴും സമയവുമില്ല.

പോഷക ആഹാരക്കുറവ് ആരോഗ്യകാര്യത്തിലെ മറ്റൊരു വെല്ലുവിളി. നല്ല ആഹാരവും കുട്ടികളുടെ സന്തോഷവും തമ്മിൽ ബന്ധമുണ്ട്. ജംഗ് ഫുഡ് കഴിച്ചു വളരുന്ന- അമിതമായി ഫാറ്റും സ്വീറ്റും ഒക്കെ കഴിച്ചു വളരുന്ന കുട്ടികളിൽ നല്ല ആരോഗ്യം പ്രതീക്ഷിക്കാൻ കഴിയുമോ?

ഈ അവധിക്കാലം കുട്ടികൾക്ക് നല്ല കളികൾക്കും നല്ല ഭക്ഷണത്തിനും പ്രോത്സാഹനം കൊടുക്കാം. നല്ല പോഷക സമൃദ്ധമായ ഭക്ഷണം അവർ കഴിക്കട്ടെ. ചക്കയും മാങ്ങയും ഒന്നും നഷ്ടപ്പെടുത്താതിരിക്കാം. 'ചിക്കൻ' മാത്രമല്ല ഭക്ഷണം എന്ന് അവർ തിരിച്ചറിയട്ടെ! രുചിവൈവിധ്യങ്ങൾ അറിഞ്ഞു വളരാൻ അവധിക്കാലം ഒരു അവസരമാക്കാം. നാടൻ പലഹാരങ്ങൾ ഒക്കെ അവരെ പരിചയപ്പെടുത്താം! നല്ല ഭക്ഷണം വലിയ നന്മയാണ് - സംസ്കാരമാണ്, അതിലേറെ ഔഷധമാണ്!

കളികൾ വെറും വിനോദവും വ്യായാമവും മാത്രമല്ല പ്രധാനം ചെയ്യുന്നത്. സമപ്രായക്കാരോട് ഒത്തുള്ള കളികൾ കുട്ടികളിൽ ആത്മവിശ്വാസം വളർത്തും, ആശയവിനിമയ ശേഷി വർദ്ധിപ്പിക്കും. ജീവിത നൈപുണ്യങ്ങൾ വളർത്തും. സൗഹൃദങ്ങൾ വർദ്ധിപ്പിക്കും! ഇതിലൂടെ കുട്ടികളുടെ മാനസിക ആരോഗ്യവും വൈകാരിക ബുദ്ധിശക്തിയും ഒക്കെ പരിപോഷിപ്പിക്കപ്പെടും.

കുട്ടികൾ പരസ്പരം സംസാരിക്കാൻ- ഇടപെടാൻ ഒക്കെ ഇന്ന് പ്രയാസം അനുഭവിക്കുന്നു. Cyber ഇടങ്ങളിൽ അവർ കൂടുതൽ comfortable ആണ്. ടീനേജ് ഇപ്പോൾ പലരുടെ കാര്യത്തിലും 'sreen age' ആണ്! അമിതമായി gadget കൾ ഉപയോഗിക്കുന്ന കുട്ടികളിൽ മാനസിക ആരോഗ്യം കുറയാനും വ്യക്തിത്വ വികസനം തടസ്സപ്പെടാനും സാദ്ധ്യതകൾ കൂടുതലാണ്. മനുഷ്യബന്ധങ്ങളും കുറവായിരിക്കും.

വീഴാനും തോൽക്കാനും ജയിക്കാനും വിട്ടുകൊടുക്കാനും നേടിയെടുക്കാനും ഒക്കെ കുട്ടികൾ പഠിക്കട്ടെ! കുട്ടികളുടെ അവധിക്കാലം academic ട്യൂഷനും കോച്ചിംഗും ഒക്കെയായി 'ദരിദ്രമാക്കി' കളയരുത്. ഓരോ കുട്ടിയുടെയും developmental ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവർക്ക് അവസരങ്ങൾ നൽകാം.

യാത്രകൾ അവരുടെ സാമൂഹിക ശേഷി വർദ്ധിപ്പിക്കും. കാഴ്ചപ്പാട് വികസിപ്പിക്കും പരിസ്ഥിതിബോധം ഉയർത്തും. നല്ല യാത്രകൾ ഒരുക്കാം. വായന, ക്യാമ്പുകൾ, ബന്ധുവീട്ടിൽ മാറി താമസിക്കാനുള്ള അവസരം, സൗഹൃദ കൂട്ടായ്മകൾ ഒക്കെ കുട്ടികളുടെ വ്യക്തിത്വ വികസനത്തിന് വലിയ ഗുണം ചെയ്യും.

ചെസ്സ്, സ്കേറ്റിംഗ്, ഫീൽഡ് ഗെയിമുകൾ, വാദ്യോപകരണങ്ങൾ, കലകൾ, computer ഒക്കെ അവധിക്കാലത്തു പഠിക്കാൻ അവസരമൊരുക്കാം

വീട്ടിലെ ജോലികളിലും ഉത്തരവാദിത്വങ്ങളിലും ഒക്കെ അവരെ പങ്കാളികളാക്കാം. കുക്കിംഗ്, കൃഷി, അങ്ങനെ ഏതു കാര്യങ്ങളിലും അവരെയും കൂട്ടാം. വളർത്തുമൃഗങ്ങൾ, പക്ഷികൾ, ചെടികൾ ഒക്കെ പരിപാലിക്കാൻ അവർ പഠിക്കട്ടെ. നല്ല ധൈര്യവും മിടുക്കും ഉള്ള നന്മയുള്ളവരായി, നൈപുണ്യവും positive മനോഭാവവും ഉള്ളവരായി നമ്മുടെ തലമുറ വളർന്നു വരട്ടെ.

പഠനത്തിലെ കുറവുകളും അവധിക്കാലത്തു പരിഹരിക്കാം. ഭാഷ, കണക്ക്, എഴുതാനും വായിക്കാനുമുള്ള കഴിവ് ഒക്കെ വർദ്ധിപ്പിക്കാൻ ശ്രമിക്കാം.

കുട്ടികളുടെ അഭിരുചിയും ഇഷ്ടങ്ങളും ഒക്കെ കണ്ടെത്താനും അവയെ പരിപോഷിപ്പിക്കാനും പറ്റിയ ഏറ്റവും നല്ല അവസരമാണ് അവധിക്കാലം. ഇൻഡോർ/ഔട്ഡോർ ഗെയിംസ്, കല, സാംസ്കാരിക പ്രവർത്തനം, skill development, language development ഒക്കെയാകാം. എല്ലാം കുട്ടികൾക്ക് വേണ്ടിയായിരിക്കണം. അവരെ കേന്ദ്രീകരിച്ചും ആയിരിക്കണം. അവർക്കു സന്തോഷവും ഇഷ്ടവും പകരുന്നതായിരിക്കണം. അതിലെ positive self image വർദ്ധിപ്പിക്കാൻ ശ്രമിക്കാം. അവരെ എന്തിനു കൊള്ളാം? അവരുടെ മിടുക്ക്/ശക്തി എന്തിലാണ്? അവർ അത് അറിഞ്ഞും കേട്ടും വളരട്ടെ. ആത്മാഭിമാനവും ആത്മമൂല്യവും തിരിച്ചറിയുന്ന കുട്ടികൾ പൊതുവെ സന്തോഷമുള്ളവരായിരിക്കും. അവർ പൊതുവെ balanced ആയിരിക്കും. സന്തോഷമുള്ള കുട്ടികൾ വഴിതെറ്റാനുള്ള സാധ്യത കുറവാണ്. അവർക്കു addiction ഉണ്ടാവുന്നില്ല. ആരോഗ്യപരമായ ചിന്തകളും ദർശനവും അവരെ നയിക്കും. അവരിൽ വെറുപ്പ്, അസൂയ, ഈഗോ ഒക്കെ കുറഞ്ഞു നിൽക്കും. അവർ പരസഹായികളും സ്നേഹം നൽകുന്നവരും സാധ്യതയുള്ളവരും ആയിരിക്കും!

കൗമാരത്തിലും യൗവ്വനത്തിലും യുവത ശക്തരായി നിലനിൽക്കാൻ ബാല്യത്തിലെ സന്തോഷവും നൈപുണ്യവികസനവും അനിവാര്യമാണ്. ആഴമുള്ള വേരുകൾ അവർക്കു ആദ്യം നൽകാം! കുട്ടിക്കാലത്തു തന്നെ IAS കോച്ചിംഗ് ഒന്നും ആവശ്യമില്ല. ഒരുപാടു tuition കുട്ടികളെ ഉണക്കികളയും. അവരുടെ ജീവനെ ആദ്യം പരിപോഷിപ്പിക്കാം. അവർ ചിരിയും സന്തോഷവും സംതൃപ്തിയും ഉള്ളവരായി വളർന്നു വരട്ടെ.

സഭകൾക്കും സംഘടനകൾക്കും ഒക്കെ ഈ ലക്ഷ്യത്തിലേക്കു കുട്ടികളെ നയിക്കാൻ ഈ അവധിക്കാലത്തു കഴിയട്ടെ! parents നെ കാഴ്ചപ്പാടും ദർശനമുള്ളവരുമായി പരിശീലിപ്പിക്കേണ്ടത് ഏറ്റവും അനിവാര്യം!

കുട്ടികൾക്കും മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും ഒക്കെ 'അർത്ഥവത്തായ' കൗൺസിലിംഗ് - ഗൈഡൻസ് ക്ലാസ്സുകൾ ഈ അവധിക്കാലത്തു ദർശനത്തോടെ ഒരുക്കാം! തലമുറയ്ക്കുവേണ്ടി നിക്ഷേപിക്കാത്ത സമൂഹങ്ങൾക്ക് പ്രത്യാശിക്കാൻ ഒന്നും ബാക്കി ഉണ്ടാകില്ല!

സന്തോഷം തന്നെ പ്രതിരോധം.. സന്തോഷം തന്നെ സാധ്യതയും!!! ഏവർക്കും സന്തോഷ സമൃദ്ധമായ അവധിക്കാലം നേരുന്നു.

(സുനിൽ ഡി. കുരുവിള: കരിയർ കൗൺസിലറും മാനവശേഷി വികസന പരിശീലകനുമാണ്. ഇൻസൈറ്റ് മിഷന്റെ സ്ഥാപകൻ. 26 വർഷങ്ങൾ കൊണ്ട് നാലായിരത്തി ഇരുനൂറിലധികം പരിശീലന പ്രോഗ്രാമുകൾ നയിച്ചു.

Call 9656144712/ 9847400712

YouTube: sunil kuruvilla

Email: sunil_kuruvilla@rediffmail.com

**സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയെ എന്തെങ്കിലും ആവശ്യത്തിന് ഫോണിൽ വിളിക്കുന്നവർ ദയവായി ഈ നമ്പരിൽ വിളിക്കുക**

**9496071311**

## ക്വട്ടേഷൻ

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനംവക കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ നെല്ലിക്കൽ തോട്ടത്തിലുള്ള ഏകദേശം 600 റബ്ബർ മരങ്ങളിൽ നിന്നും ഒരു വർഷത്തേയ്ക്ക് ആദായം എടുക്കുന്നതിനുവേണ്ടി മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

ഒരു മരത്തിനു നൽകുന്ന റേറ്റ് ആണ് കോട്ട് ചെയ്യേണ്ടത്.

വെള്ളപേപ്പറിൽ എഴുതിയ ക്വട്ടേഷനോടുകൂടി Malankara Syrian Knanaya Samudayam എന്ന പേരിൽ 5000/- രൂപയുടെ D/D E.M.D ആയി നൽകേണ്ടതാണ്.

ക്വട്ടേഷനുകൾ 25-04-2024, 4.00 P.M. നു മുമ്പായി താഴെപറയുന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

Trustee, Malankara Syrian Knanaya Samudayam, Mor Ephraim Seminary, Chingavanam, Kottayam, 686531. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പരുകളിൽ നിന്നും അറിയാവുന്നതാണ്.

Ph: 9447097450, 0481 2430327

# വിശുദ്ധ ത്രിത്വരഹസ്യ വിശ്വാസം

ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്, ഇരവിപേരൂർ

ദൈവം ഒരുവൻ മാത്രമാണുള്ളത്. "ഞാൻ ആദ്യനും, അന്ത്യനും ആകുന്നു. ഞാനല്ലാതെ ഒരു ദൈവവുമില്ല" (യെശ.44:6). ത്രിയേക ദൈവത്തിലുള്ള വിശ്വാസം നമ്മിൽ സജീവമാണ്. വി.ത്രിത്വത്തിൽ മൂന്ന് ദൈവാളുകൾ ഉണ്ട്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. വി. ത്രിത്വരഹസ്യം ദൈവം വെളിപ്പെടുത്തി തന്നിരിക്കുന്നു. ഈ ദിവ്യരഹസ്യമാണ് എല്ലാ രഹസ്യങ്ങളെക്കാളും പ്രധാനമായിട്ടുള്ളതും. ഈ സത്യത്തെ പൂർണ്ണമായി ഗ്രഹിക്കുവാൻ ആർക്കും സാധ്യമല്ല. അതുകൊണ്ട് അവിശ്വസിക്കുവാൻ പാടുള്ളതല്ല. വി. ത്രിത്വരഹസ്യം ബുദ്ധിക്കതീതമെങ്കിലും യുക്തിക്കനുസൃതമാണ്.

വി.ബൈബിളിലെ പഴയനിയമത്തിൽ വി.ത്രിത്വത്തെക്കുറിച്ച് വ്യക്തമായ പരാമർശങ്ങൾ കാണുന്നില്ല. എന്നാൽ, പുതിയ നിയമത്തിൽ വി. ത്രിത്വത്തിലെ മൂന്ന് ആളുകളെ ഒരേസമയം വെളിപ്പെടുത്തുന്നത് ഗബ്രിയേൽ ദൂതൻ വി. ദൈവമാതാവിനു ദർശനം നൽകിക്കൊണ്ട് പറയുന്ന ഭാഗത്താണ്. (ലൂക്കോ.1:35) "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും, ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രഭ ദൈവപുത്രൻ എന്നു വിളിക്കപ്പെടും". അതുപോലെ യോഹന്നാനിൽ നിന്നും യോർദ്ദാന്റെ തീരത്തുവച്ചു യേശു മാമോദീസ സ്വീകരിച്ചു കയറുമ്പോൾ ഈ രഹസ്യം വീണ്ടും വെളിപ്പെട്ടു. (മത്തായി 3.16-17) "അപ്പോൾ സ്വർഗ്ഗം തുറന്നു ദൈവാത്മാവു പ്രാവെന്നപോലെ ഇറങ്ങി തന്റെമേൽ വരുന്നത് അവൻ കണ്ടു. ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നും ഒരു ശബ്ദവും ഉണ്ടായി". വീണ്ടും ക്രിസ്തുയേശു തന്നെ ഈ രഹസ്യത്തെ പൂർണ്ണമായി വെളിപ്പെടുത്തുന്നുണ്ട്. (മത്തായി 28.17-20) "ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും, ഞാൻ നിങ്ങളോടു കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവീൻ". (യോഹ.15:26) "ഞാൻ പിതാവിന്റെ അടുക്കൽ നിന്നും നിങ്ങൾക്കു അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽ നിന്നു പുറപ്പെടുന്ന സത്യാത്മാവു വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും.

വിശ്വാസ ജീവിതത്തിൽ വി. ത്രിത്വ സ്തുതി ഉച്ചരിക്കുമ്പോഴും, കുരിശ് അടയാളം വരയ്ക്കുമ്പോഴും നാം വി. ത്രിത്വത്തെ ഏറ്റു പറയുകയും, ബഹുമാനിക്കുകയും ചെയ്യുന്നു. എല്ലാ വി. കൂദാശകളും വി. ത്രിത്വനാമത്തിലാണ് അർപ്പിക്കപ്പെടുന്നത്. നിത്യാനന്തതയിൽ നിന്നു പിതാവു പുത്രനെ അയക്കുന്നു. പുത്രൻ പിതാവിൽ നിന്നു പുറപ്പെടുന്നു. പിതാവിൽ നിന്നും പുത്രനിൽ നിന്നും പരിശുദ്ധാത്മാവു പുറപ്പെട്ട് സ്തുതിക്കപ്പെടുകയും വന്ദിക്കപ്പെടുകയും ചെയ്യുന്നു. വി.ത്രിത്വത്തിലെ മൂന്നാളുകളുടെയും ഉത്ഭവവും തികച്ചും വ്യത്യസ്തമാണ്. സ്വഭാവത്തിൽ അവർ ഏകമെങ്കിലും ഉണ്മയിൽ അവർ വ്യത്യസ്തമാണ്. വി.ത്രിത്വത്തിലെ മൂന്നാളുകളും സ്വഭാവത്തിൽ തുല്യരാണ്. എന്നാൽ ഉണ്മയിൽ അഥവാ വ്യക്തിത്വത്തിൽ അവർ അങ്ങനെയല്ല. 'സ്വഭാവം' എന്ന വാക്കിനു 'സത്ത' 'പ്രകൃതി' എന്നും പറയാം. പിതാവും പുത്രനും പരിശുദ്ധാത്മാവും സത്തയിലും പ്രകൃതിയിലും ഒന്നാണ്. ഈ മൂന്നാളുകളിലും ആന്തരികമായ ഒരേ പ്രകൃതിയാണുള്ളത്. എന്നാൽ ഉണ്മ അഥവാ വ്യക്തി/ആള് എന്നീ പദങ്ങൾ അർത്ഥമാക്കുന്നത്, മറ്റാർക്കും പകരാത്തവിധം ചിന്താശേഷിയുള്ളതെന്നാണ്. ഒരാളിലെ ചിന്താശക്തിയെന്ന പ്രകൃതിയെ മറ്റൊരാൾക്ക് പകർന്നുകൊടുക്കുവാനും സാധ്യമല്ല. അതിനാൽ വ്യക്തിത്വം/ഉണ്മ/തനിമ/ആള് എന്നതിൽ വി.ത്രിത്വത്തിലെ മൂന്നാളുകളും വ്യത്യസ്ഥരാണ്. ഓരോ വ്യക്തിയിലും വ്യാപരിക്കുന്ന ബുദ്ധിയും, അതിൽ ആശ്രയിച്ചുള്ള പ്രവർത്തിയും, അതിന്റെ ഉത്തരവാദിത്വവും വിഭിന്നമായിരിക്കും.

മനുഷ്യനു ബുദ്ധിയും, ഇച്ഛാശക്തിയുമുണ്ട്. അത് അവന്റെ എല്ലാ വ്യാപാരങ്ങളിലും കാണുവാൻ കഴിയും. അതാണു അവനെ മറ്റു സൃഷ്ടികളിൽ നിന്നും വ്യത്യസ്തനാകുന്നത്. ബുദ്ധിയുടെ ഫലമായി ചിന്തിക്കുകയും, ആശയങ്ങൾ ബുദ്ധിയിൽ രൂപപ്പെടുത്തുകയും ചെയ്യുന്നു. ഇച്ഛാശക്തിയുടെ പ്രവർത്തനഫലമായി സ്നേഹിക്കുന്നു. മനുഷ്യൻ യാദൃശ്ചിക ജീവിയാകയാൽ അവന്റെ പ്രവർത്തനങ്ങളും യാദൃശ്ചികങ്ങളാണ്. അതുപോലെ, മനുഷ്യന് അത്യന്താപേക്ഷിതമല്ലാത്തതിനാൽ അവന്റെ പ്രവർത്തനങ്ങളും അത്യന്താപേക്ഷിതങ്ങളല്ല. എന്നാൽ പിതാവായ ദൈവത്തിൽ ബുദ്ധിയുടെയും ഇച്ഛാശക്തിയുടെയും പ്രവർത്തനമുണ്ട്. അവന്റെ ബുദ്ധിയുടെ ആവശ്യഫലമായ ചിന്തയാണ് വി.ത്രിത്വത്തിലെ രണ്ടാമാളായ ജഡം ധരിച്ച വചനമായ പുത്രൻ. (യോഹ.1:1-3) "ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു. വചനം ദൈവം ആയിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെ ആയിരുന്നു. സകലവും അവൻ മുഖാന്തിരം ഉളവായി. ഉളവായതു ഒന്നും അവനെ കൂടാതെ ഉളവായതല്ല". പിതാവായ ദൈവം തന്റെ ബുദ്ധിയുടെ ഫലമായ ചിന്ത അഥവാ വചനമായ പുത്രനിലൂടെ പ്രപഞ്ചത്തെയും അതിലുള്ളവയെയും സൃഷ്ടിച്ചു. സകല സൃഷ്ടി കർമ്മത്തിന്റെയും മഹത്തായ മാതൃക ദൈവചിന്ത അഥവാ വചനമാകുന്ന പുത്രനാണ്.

പിതാവായ ദൈവത്തിന്റെ അസ്തിത്വം അത്യന്താപേക്ഷിതവും, അനാദിയുമാകയാൽ അവന്റെ പ്രവർത്തനങ്ങളും, അവനും അങ്ങനെ തന്നെയാണ്. അതുപോലെ, അവന്റെ ബുദ്ധിയും അതിന്റെ ഫലമായ വചനം അഥവാ ചിന്തയും അനാദി മുതൽ ദൈവത്തോടുകൂടെ അത്യന്താപേക്ഷിതമായി നിലനിൽക്കുന്നു. ഈ വചനം ദൈവപുത്രനാണ്. പിതാവായ ദൈവത്തിന്റെ ഇച്ഛാശക്തിയുടെ അവശ്യപ്രവർത്തനഫലമാണ് സ്നേഹം. ദൈവത്തിൽ യാദൃച്ഛികമായിട്ടൊന്നുമില്ലാ

ത്തതിനാൽ അവന്റെ സ്നേഹപ്രവൃത്തി അനാദിമുതൽ അത്യന്താപേക്ഷിതമായി നടക്കുന്നു. ഈ സ്നേഹമാണ് പരിശുദ്ധാത്മാവ്. പിതാവും പുത്രനും അനന്തമായി അറിയുകയും അന്യോന്യം സ്നേഹിക്കുകയും ചെയ്യുന്നതിനാൽ, ആ സ്നേഹം അവരിൽ നിന്നും പരിശുദ്ധാത്മാവായ ദൈവത്തെ പുറപ്പെടുവിക്കുന്നു. പിതാവ് തന്റെ പ്രതിച്ഛായ പുത്രനിൽ കണ്ടുകൊണ്ടും, പുത്രൻ നിത്യാനന്തതയിൽ പിതാവിനെ കണ്ടും പരസ്പരം സ്നേഹത്തിൽ നിവസിച്ചുകൊണ്ട് അവനിൽ നിന്നു പരിശുദ്ധാത്മാവാം സ്നേഹം പുറപ്പെടുന്നു (യോഹ.15:26).

വി.ത്രിത്വത്തിലെ പിതാവാം ദൈവത്തിലാണ് സൃഷ്ടികർമ്മം നിക്ഷിപ്തമായിരിക്കുന്നത്. അവന്റെ അനന്തനന്മയാൽ നമ്മെ ഓരോരുത്തരെയും സൃഷ്ടിച്ചു. അവനാണു നമ്മുടെ അസ്തിത്വത്തിനു നിദാനം. പുത്രൻ നമ്മുടെ, വീണ്ടെടുപ്പുകാരനുമാണ്. സകല തിന്മയിൽ നിന്നുള്ള മോചനവും, നിത്യമരണത്തിൽ നിന്നുള്ള രക്ഷയും തന്റെ ക്രൂശ്മരണത്തിലൂടെ അവൻ സാധ്യമാക്കി തന്നു. പരിശുദ്ധാത്മാവ് വിശുദ്ധീകരിക്കുന്ന ദൈവമാണ് ശരീരാത്മദേഹികളിലെ സകല കൽമഷങ്ങളെയും കഴുകി വെടിപ്പാക്കി ശുദ്ധീകരിക്കുന്നത്. വി.സഭയെ പഠിപ്പിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന വി. ത്രിത്വത്തെ ആദരവോടെ ആരാധിച്ചും അഭിഷേകത്തിനായി ആഗ്രഹത്തോടെ അടുത്തുവരികയും വേണം. പിതാവ് സൃഷ്ടികർമ്മവും, പുത്രൻ രക്ഷാകരകർമ്മവും, പരിശുദ്ധാത്മാവ് വിശുദ്ധീകരണകർമ്മവും നിർവ്വഹിക്കുന്നു എന്നു പറയുമ്പോഴും, ഈ മൂന്നാളുകളും സകലത്തിലും, ശക്തിയിലും, മഹത്വത്തിലും തുല്യരാണ്. അവരുടെ ദൈവയോഗ്യതകളും, ബാഹ്യപ്രവൃത്തികളും ഒരുപോലെയാണ്.

വി.മാമ്മോദീസായിലൂടെ പരിശുദ്ധാത്മാവായ ദൈവം എല്ലാ തിന്മകളിൽ നിന്നും ശുദ്ധീകരിക്കുകയും ദൈവീകമായ കൃപകൊണ്ടു ജീവാത്മാവിനെ നിറയ്ക്കുകയും, ദൈവത്തിന്റെ യഥാർത്ഥ പുത്രന്മാരും, ക്രിസ്തുയേശുവിന്റെ കൂട്ടവകാശികളുമായി തീർക്കുന്നു. വി. പൗലോസ് പറയുന്നു "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ" (1 കൊരി. 3:16, 6:19). അതിനാൽ നാം നമ്മുടെ ജീവനും, ജീവിതവും കൊണ്ട് വിശുദ്ധ ത്രിത്വനാമത്തെ ദിനവും മഹത്വപ്പെടുത്തുവാൻ തയ്യാറാകണം. ●

## ക്നാനായ വനിതാസമാജം മലബാർ മേഖലയുടെ 4–ാമത് മേഖലാ മീറ്റിംഗ്



ക്നാനായ വനിതാസമാജം മലബാർ മേഖലയുടെ 4-ാമത് മേഖലാ മീറ്റിംഗ് 2024 മാർച്ച് 8-ാം തീയതി പ്രാപ്പോയിൽ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ നടത്തപ്പെട്ടു. ഫാ. മർക്കോസ് അറക്കൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. മേഖലാ വൈസ് പ്രസിഡന്റ് ഫാ. റ്റിജു ഏബ്രഹാം വാലുപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. പ്രാപ്പോയിൽ സെന്റ് മേരീസ് ക്നാനായ പള്ളി വികാരി ഫാ.ഡിബിൻ ജേക്കബ് കളത്തിപറമ്പിൽ സ്വാഗതം ആശംസിച്ചു.. ഫാ.ഡോ. തോമസ് ഏബ്രഹാം മലേച്ചേരിൽ ധ്യാനസന്ദേശം നൽകി. ഫാ. ലിജോ ജെയിംസ് പുത്തൻപുരയ്ക്കൽ, പ്രാപ്പോയിൽ സെന്റ്മേരീസ് ക്നാനായ പള്ളി ട്രസ്റ്റി ജിനോ ജോസഫ് പഴയാറ്റ്, മേഖലാ ട്രസ്റ്റി നിഷ സുനിൽ പുത്തൻപുരയ്ക്കൽ, മേഖലാ സെക്രട്ടറി ജോളി തോമസ് കൊച്ചുപറമ്പിൽ, വനിതാ സമാജം യൂണിറ്റ് സെക്രട്ടറി അമ്മിണി ഫിലിപ്പ് ആനിമൂട്ടിൽ എന്നിവർ പ്രസംഗിച്ചു. റവ.സിസ്റ്റർ സാറ പ്രാരംഭ ധ്യാനം നടത്തി. ലീന ബെറ്റി പുത്തൻകളത്തിൽ വേദപാരായണം നടത്തി. പ്രാപ്പോയിൽ പള്ളിയിലെ സീനിയർ വനിതാസമാജ അംഗങ്ങളെ ആദരിച്ചു. 2023 വനിതാസമാജ കലാമത്സരത്തിൽ മേഖല അടിസ്ഥാനത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയവർക്കുള്ള സമ്മാനദാനവും നൽകി.

# യേശുവിന്റെ സ്വർഗാരോഹണത്തിന്റെ പ്രസക്തി

ഫാ. മോനായി കെ. ഫിലിപ്പ്, കർക്കടകംപള്ളിൽ

സ്വർഗത്തിൽനിന്ന് ഭൂമിയിലേക്ക് അവതരിച്ച ദൈവപുത്രനായ യേശു ഉയിർത്തെഴുന്നേറ്റതിന് ശേഷം, ലോകത്തിൽനിന്ന് സ്വർഗത്തിലേക്ക് ആരോഹണം ചെയ്ത സംഭവമാണ് 'സൂലോക്കോ' എന്ന് സുറിയാനിയിൽ വിവക്ഷിക്കപ്പെടുന്ന സ്വർഗാരോഹണം. അത് സംഭവിച്ചതാകട്ടെ, യേശുവിന്റെ ഉത്ഥാനത്തിന് ശേഷം നാല്പതാം ദിവസവും. തേജസ്കരിക്കപ്പെട്ട ശരീരത്തോടെയാണ് ഇത് സാധ്യമായത്. യേശുവിന്റെ സ്വർഗാരോഹണം രേഖപ്പെടുത്തിയിരിക്കുന്ന വേദഭാഗങ്ങളുടെ വെളിച്ചത്തിൽ, സ്വർഗാരോഹണത്തിന്റെ പ്രസക്തിയാണ് ഇവിടെ അന്വേഷിക്കുന്നത്.

### 1. വേദഭാഗങ്ങളുടെ പഠനം

ഉയിർത്തെഴുന്നേറ്റ യേശു സ്വർഗാരോഹണം ചെയ്തു എന്ന ചരിത്ര സംഭവം വി.ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് വി.മർക്കോസ് 16:19 ലും വി.ലൂക്കോസ് 24:50-51 ലും അപ്പസ്തോലപ്രവൃത്തി 1:9-11 ലുമാണ്. വി.മർക്കോസിന്റെ സുവിശേഷത്തിൽ യേശു ശിഷ്യന്മാരെ പ്രേഷിത ദൗത്യം ഭരമേല്പിച്ചതിനെ തുടർന്ന് സ്വർഗാരോഹണം ചെയ്തു എന്നും, സ്വർഗാരോഹണം ചെയ്ത യേശു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നു എന്നും രേഖപ്പെടുത്തിയിരിക്കുന്നു. വി.ലൂക്കോസിൽ ഇത് ബെഥാന്യയിൽ സംഭവിച്ചു. ബെഥാന്യയെന്നത് ഒലിവ് മലയിലെ ഒരു പട്ടണം ആയിരുന്നു. ശിഷ്യരെ ആശീർവദിച്ച യേശു സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു. ഇതിന് സാക്ഷിയായ ശിഷ്യർക്ക് പരിഭ്രമം ഒന്നും ഉണ്ടാകുന്നില്ല. അവർ പ്രതീക്ഷിച്ച ഒരു സംഭവം പോലെ തോന്നി. ഇതിനെത്തുടർന്ന് അവർ യെരുശലേമിലേക്ക് മടങ്ങി. സ്വർഗാരോഹണത്തിനു മുമ്പ് യേശു അരുളിച്ചെയ്ത പ്രകാരം പരിശുദ്ധാത്മാവിനെ പ്രാപിക്കാനായി ദൈവാലയത്തിൽ ദൈവത്തെ ആരാധിച്ചുകൊണ്ട് കാത്തിരുന്നു.

അപ്പസ്തോലപ്രവൃത്തിയിലാകട്ടെ ശിഷ്യന്മാർ നോക്കി നില്ക്കെ യേശു ആരോഹണം ചെയ്യുന്നു. യേശുവിന്റെ ഉത്ഥാനം അവർക്ക് അദൃശ്യമായിരുന്നുവെങ്കിൽ, സ്വർഗാരോഹണം ദൃശ്യമായിരുന്നു. ഒരു മേഘം യേശുവിനെ മൂടി. അവരുടെ കാഴ്ചയ്ക്ക് മറയുകയും ചെയ്തു. പഴയനിയമത്തിൽ മേഘം ദൈവസാന്നിധ്യത്തിന്റെ പ്രതീകമാണ് (പുറ. 13:21; 16:10; 19:9; 24:15-18). ശിഷ്യർ തുടർന്ന് വെള്ളവസ്ത്രം ധരിച്ച രണ്ടു പുരുഷന്മാരെ കാണുന്നു. യേശു പുനരുത്ഥാനം ചെയ്തതിനുശേഷം ഒഴിഞ്ഞ കല്ലറയിലും ഇവർ ഉണ്ടായിരുന്നു (വി.ലൂക്കോസ് 24:4-7). അവർ ശിഷ്യരോട് പറയുന്നു, "നിങ്ങളെ വിട്ട് സ്വർഗാരോഹണം ചെയ്ത യേശു വീണ്ടും വരും."

യോഹന്നാന്റെ സുവിശേഷത്തിൽ സ്വർഗാരോഹണ സംഭവത്തിന്റെ വിവരണങ്ങൾ ഇല്ലായെങ്കിലും, സ്വർഗാരോഹണത്തെക്കുറിച്ചുള്ള പ്രബോധനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് (3:13; 7:33; 14:2,12; 16:28; 20:17).

### 2. സ്വർഗാരോഹണത്തിന്റെ പ്രസക്തി ആദിമ സഭയിൽ

വി.പത്രോസിന്റെ പെന്തിക്കോസ്തിയിലെ പ്രസംഗത്തിൽ യേശുവിന്റെ സ്വർഗാരോഹണത്തെ പ്രതിപാദിക്കുന്നു (അപ്പോ.പ്ര. 2:33). ഈ പ്രസംഗമാണല്ലോ ആദിമസഭ വ്യാപിക്കുവാൻ ഇടയാക്കിയത്. സ്വർഗാരോഹണം ചെയ്ത യേശു ആദിമസഭയുടെ സാക്ഷ്യത്തെയും വിശ്വാസജീവിതത്തെയും സ്വാധീനിച്ചു എന്ന് മനസ്സിലാക്കുവാൻ സാധിക്കും.

സ്തേഫാനോസ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി സ്വർഗത്തിലേക്ക് നോക്കിയപ്പോൾ ദൈവത്തിന്റെ വലത്തുഭാഗത്ത് നില്ക്കുന്ന യേശുവിനെ കാണുന്നു (അപ്പോ.പ്ര.7:55). ആദിമ സഭയുടെ വിശ്വാസപ്രഘോഷണത്തെ ഏറെ സ്വാധീനിച്ച ഒരു വിശ്വാസപ്രഖ്യാപനമായ യേശു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്നതും സ്വർഗാരോഹണം ചെയ്ത് ഇന്നും ദൈവത്തിന്റെ വലത്തുഭാഗത്ത് ആയിരുന്ന് ജനത്തിനു വേണ്ടി മാധ്യസ്ഥം അർപ്പിക്കുന്നു എന്നതും തിരുവചനത്തിൽ നിരവധി സ്ഥലത്ത് രേഖപ്പെടുത്തിയിരിക്കുന്നു (റോമ. 10:6-7; എഫേ. 4:9-10; കൊലോ. 3:1; 1 തെസ്സ. 1:10; എബ്രാ. 1:3; 7:26; 8:1; 4:14; 10:12; 12:2; 9:24; 1 പത്രോ. 3:18-22).

### 3. സ്വർഗാരോഹണം പ്രതിപാദിക്കുന്ന ദൈവശാസ്ത്ര ചിന്തകൾ

#### 3.1. യേശു ദൈവപുത്രനാണെന്നുള്ള വെളിപ്പെടുത്തൽ

ലോകത്തിന് രക്ഷയും വീണ്ടെടുപ്പും സമ്മാനിക്കുവാൻ യേശു അയക്കപ്പെട്ടത് ദൈവത്താൽ ആണ്. മനുഷ്യശരീരം ധരിച്ച യേശു മനുഷ്യന്റെ പാപങ്ങൾക്കുവേണ്ടി മരിച്ചു, അടക്കപ്പെട്ടു. എന്നാൽ ദൈവം ഉയിർപ്പിച്ചു. ദൈവിക ദൗത്യം പൂർത്തിയാക്കിയാണ് സ്വർഗാരോഹണം ചെയ്തത്. സ്വർഗത്തിൽനിന്ന് ഭൂമിയിലേക്ക് അവരോഹണം ചെയ്ത യേശു സ്വർഗത്തിൽനിന്ന് വന്നവനാണെന്നതും സ്വർഗാരോഹണം ചെയ്ത് ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നതും യേശുവിന്റെ ദൈവത്വത്തെ വെളിപ്പെടുത്തുന്നു. മനുഷ്യാവതാരം ചെയ്ത് ഭൂമിയിലേക്ക് എഴുന്നള്ളിയ യേശു ദൈവമായിരുന്നുവെന്ന് സ്വർഗാരോഹണം പഠിപ്പിക്കുന്നു.

#### 3.2. പുനരുത്ഥാനത്തിന്റെ ഉറപ്പ് സ്വർഗാരോഹണം

പീലാത്തോസിനാൽ വിധിക്കപ്പെട്ട് ഗോഗുൽത്തായിൽ രണ്ട് കള്ളന്മാരോടുകൂടെ ക്രൂശിക്കപ്പെട്ട യേശു "എന്റെ ആത്മാവിനെ തൃക്കൈകളിൽ ഭരമേല്പിക്കുന്നു" എന്നു പറഞ്ഞ് പ്രാണനെ വിട്ടതും ആ ശരീരം അരിമത്ഥ്യക്കാരൻ യൗസേഫും നിക്കോദിമോസുംകൂടി പുതിയ കല്ലറയ്ക്ക് അകത്ത് അടക്കി

യതും ചരിത്രമാണ്. വേദഗ്രന്ഥത്തിൽ മാത്രമല്ല, ഇതിന് നിരവധിയായ മറ്റ് തെളിവുകളുമുണ്ട്. എന്നാൽ യേശു മൂന്നാം നാൾ മരണത്തെ തോല്പിച്ച് ഉയിർത്തെഴുന്നേറ്റു. ഉയിർത്തെഴുന്നേറ്റതിന്റെ നാല്പതാം നാളിൽ തന്റെ ശിഷ്യരെ സാക്ഷികളാക്കി സ്വർഗാരോഹണം ചെയ്തത് യേശു പുനരുത്ഥാനം ചെയ്തത് യാഥാർത്ഥ്യമാണെന്ന് ഉറപ്പിക്കുന്നു.

**3.3. ദൈവികദൗത്യം നിറവേറ്റിയതിന്റെ വെളിപ്പെടുത്തൽ**

എവിടെനിന്ന് ഭൂമിയിലേക്ക് അവതരിച്ചുവോ, ആ സ്വർഗത്തിലേക്കുതന്നെ തിരികെ ആരോഹണം ചെയ്യുന്നത് യേശുവിന്റെ നിയോഗത്തിന്റെ തെളിവാണ്. പാപത്തിൽനിന്നുള്ള വിടുതലിനായി ദൈവത്താൽ അയക്കപ്പെട്ട്, യേശു രക്ഷണ്യപ്രവർത്തനം പൂർത്തീകരിച്ചതിന്റെ ഉറപ്പിക്കലാണ്. മനുഷ്യകുലത്തെ സ്വർഗീയ സ്ഥാനത്തേക്ക് ഉയർത്തി ദൈവപുത്രരാക്കിത്തീർത്തു.

**3.4. സ്വർഗവാതിൽ തുറക്കപ്പെട്ടതിന്റെ അടയാളം**

ഉത്ഥാനം ചെയ്ത യേശു സ്വർഗത്തിന്റെ വാതിൽ വിശ്വാസികൾക്കായി തുറന്നു എന്നതിന്റെ അടയാളമാണ് സ്വർഗാരോഹണം. യേശുവിന്റെ ഭൂമിയിലേക്കുള്ള അവരോഹണം മനുഷ്യകുലത്തിന്റെ പാപത്തിൽനിന്നുള്ള വീണ്ടെടുപ്പിനായിരുന്നുവെങ്കിൽ സ്വർഗത്തിലേക്കുള്ള ആരോഹണം ആ ദൗത്യം പൂർത്തീകരിച്ച് മനുഷ്യകുലത്തെ സ്വർഗത്തിന് ഉടമകളാക്കുന്ന മഹനീയ അനുഭവമാണ് സമ്മാനിച്ചത്. മനുഷ്യന് നഷ്ടപ്പെട്ട സ്വർഗവാതിൽ തുറന്നതുമൂലം വീണ്ടെടുപ്പിന്റെ മക്കളായിത്തീരാൻ മനുഷ്യന് സാധ്യമായി.

**3.5. യേശുവിന്റെ സാന്നിധ്യം തുടരുന്നതിന്റെ ഉറപ്പ്**

സ്വർഗാരോഹണം ചെയ്ത യേശു പിതാവാം ദൈവത്തിന്റെ വലതുഭാഗത്ത് ആയിരുന്ന് നമുക്കുവേണ്ടി മദ്ധ്യസ്ഥത അർപ്പിക്കുന്നു. തന്നിലൂടെ രക്ഷ മനുഷ്യന് സ്വായത്തമാക്കിയ യേശുവിന്റെ സജീവസാന്നിധ്യം നമ്മെ ശക്തീകരിക്കുന്നതാണ്. അത് പൈശാപിക പ്രലോഭനങ്ങളിൽനിന്ന് നമ്മെ കാത്തുപരിപാലിക്കുന്നു. ഈ സാന്നിധ്യമാണ് സഭയുടെ ശക്തിസ്രോതസ്സ്.

## 4. സ്വർഗാരോഹണം നൽകുന്ന ആഹ്വാനം

**4.1. യേശുവിന്റെ രണ്ടാമത്തെ വരവ് യാഥാർത്ഥ്യമാകും**

യേശുക്രിസ്തുവിന്റെ സ്വർഗാരോഹണ വിവരണത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് യേശു പോയതുപോലെ തന്നെ വീണ്ടും വരുമെന്നാണ്. ആ നാളും നാഴികയും പിതാവിനല്ലാതെ ആർക്കും അറിയില്ല എന്നാണ് യേശു അരുളിച്ചെയ്തത്. ക്രിസ്തുവിന്റെ രണ്ടാം വരവ് ന്യായവിധിക്കാകയാൽ നമ്മുടെ ഒരുക്കം ഉണ്ടാകേണ്ടതുണ്ട്. വീണ്ടും വരുന്ന ക്രിസ്തുവിനായി നോക്കിപ്പാർത്തിരിക്കുന്ന സമൂഹമായി വിശ്വാസികൾ ആയിത്തീരേണ്ടതുണ്ട്. യേശുവിന്റെ കല്പനകൾ പാലിക്കുന്നവരായി, വിശുദ്ധിയിൽ വളരുന്ന അനുഭവത്തിൽ, വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് എത്തുന്ന വിശ്വാസികളായിത്തീരേണ്ടതുണ്ട്.

**4.2. പരിശുദ്ധാത്മാവ് നിറഞ്ഞ ജീവിതം വിശ്വാസിക്കുണ്ടാകണം**

പുനരുത്ഥാനം ചെയ്ത യേശു തന്റെ ശിഷ്യഗണത്തിന് നൽകുന്ന ആഹ്വാനം 'യെരുശലേമിൽനിന്ന് വാങ്ങിപ്പോകാതെ പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കണം' എന്നും 'ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ വരികയില്ല' എന്നുമാണ്. തുടർന്നാണ് യേശു സ്വർഗാരോഹണം ചെയ്തത്. വി.ലൂക്കോസിന്റെ വിവരണപ്രകാരം ഇതാണ് യേശുവിന്റെ ഈലോക ശുശ്രൂഷയിലെ ഒടുവിലത്തെ ആഹ്വാനം. ഇത് സൂചിപ്പിക്കുന്നത് വിശ്വാസികളെ ജീവിപ്പിക്കുന്നതും ക്രിസ്തീയതയിൽ തുടരുവാൻ സന്നദ്ധരാക്കുന്നതും പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനാണ് എന്നതാണ്. ആയതിനാൽ പരിശുദ്ധാത്മാവിനെ പ്രാപിക്കുവാനും പരിശുദ്ധാത്മാവിനെ ഉള്ളിൽ ശക്തിപ്പെടുത്തി ജീവിതം പരിശുദ്ധാത്മ നിയന്ത്രണത്തിൽ ആക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്.

**4.3. സ്വർഗത്തിൽ എത്താനുള്ള ഒരുക്കം വിശ്വാസിയുടെ ലക്ഷ്യമാകണം**

ക്രിസ്തീയ ജീവിതത്തിന്റെ പ്രത്യാശയാണ് ഒരിക്കൽ നഷ്ടപ്പെട്ട സ്വർഗത്തിന് വീണ്ടും അവകാശിയാകുക എന്നത്. യേശു തന്റെ മരണംമൂലം നമ്മെ പാപത്തിൽനിന്നു വീണ്ടെടുത്തു. നമ്മെ പറുദീസായുടെ അവകാശികളാക്കി. എന്നാൽ പറുദീസായുടെ വാതിലുകൾ നമുക്കായി തുറക്കപ്പെടണമെങ്കിൽ യേശുവിന്റെ വിശുദ്ധി നാം ആർജിക്കേണ്ടതുണ്ട്. അതിനാൽ വിശ്വാസജീവിതത്തിൽ വിശുദ്ധിയുടെ ആഴങ്ങളിലേക്ക് ഇറങ്ങി ജീവിക്കുവാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. സ്വർഗാരോഹണംചെയ്ത ക്രിസ്തു നൽകുന്ന ആഹ്വാനത്തെ നാം സ്വീകരിക്കേണ്ടതുണ്ട്.

## 5. സ്വർഗാരോഹണത്തിന്റെ പ്രസക്തി

**5.1. രക്ഷാകരചരിത്രത്തിന്റെ ആധികാരികത വരച്ചുകാട്ടുന്നു**

സ്വർഗാരോഹണം ദൈവിക ദൗത്യം പൂർത്തീകരിച്ച ക്രിസ്തുവിനെ വരച്ചുകാട്ടുന്നു. സ്വർഗാരോഹണത്തിന്റെ കേന്ദ്രം ക്രിസ്തുവാണ്. ക്രിസ്തുവിന്റെ ഏറ്റവും വലിയ പ്രവൃത്തിയെന്നത് മനുഷ്യരക്ഷ സാധ്യമാക്കി എന്നതത്രെ. ക്രിസ്തുവിലൂടെ സാധ്യമായ രക്ഷാകരസംഭവം ഒരു ചരിത്ര യാഥാർത്ഥ്യമാണെന്നുള്ള പഠിപ്പിക്കൽ ഇവിടെ ലഭ്യമാകുന്നു. ക്രിസ്തു ഭൂമിയിൽ ദൈവഹിതപ്രകാരം എത്തി രക്ഷയെന്ന ദൗത്യം പൂർത്തീകരിച്ച് തിരികെ ദൈവസന്നിധിയിൽ എത്തി എന്നതാണ് സ്വർഗാരോഹണത്തിന്റെ കാതലായ തത്വം. ഇതിലൂടെ യേശു രക്ഷാകരദൗത്യം പൂർത്തീകരിച്ചു എന്ന് വെളിവാക്കുന്നു.

**5.2. പ്രത്യാശയോടെ ക്രിസ്തീയ ജീവിതം തുടരാനുള്ള പ്രേരണ**

ക്രിസ്തീയത കേവലം കെട്ടുകഥകളോ തത്വസംഹിതകളോ അല്ല, മറിച്ച് ചരിത്രത്തിൽ ദൈവത്തിന്റെ ഇടപെടൽ യേശുവെന്ന ചരിത്രപുരുഷനിലൂടെ യാഥാർത്ഥ്യമായിത്തീർന്നുവെന്നതാണ് സ്വർഗാരോഹണം നൽകുന്ന പാഠം. ക്രിസ്തു ഇന്നും സ്വർഗത്തിൽ പിതാവിനോടൊപ്പം ആയിരുന്ന് നമുക്കുവേണ്ടി പക്ഷവാദം ചെയ്യുന്നു. ഇത് ക്രിസ്തുവിന്റെ സജീവ സാന്നിദ്ധ്യത്തെ സഭയിൽ കുറിക്കുന്നു. സ്വർഗാരോഹണം ചെയ്ത ക്രിസ്തു വീണ്ടും വരും. നാം ആകുന്ന വിശ്വാസസമൂഹം സ്വർഗാരോഹണത്തിനും വീണ്ടുംവരവിനും ഇടയിൽ പ്രത്യാശയോടെ കാത്തിരുന്ന്, മറ്റൊരു ക്രിസ്തുവായി ജീവിക്കുവാൻ പ്രേരണയാകുന്നു.

## 6. ഉപസംഹാരം

മനുഷ്യകുലത്തിന് രക്ഷയും വീണ്ടെടുപ്പും സാധ്യമാക്കാനായി ഭൂമിയിലേക്ക് അവരോഹണം ചെയ്ത യേശു തന്റെ ദൗത്യം പൂർത്തീകരിച്ച് സ്വർഗാരോഹണം ചെയ്തത്, മനുഷ്യരക്ഷ സാധ്യമാക്കി എന്നതും ക്രിസ്തു മരണത്തിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്നത് യാഥാർത്ഥ്യമാണെന്നും വരച്ചുകാട്ടുന്നു. സ്വർഗാരോഹണത്തിലൂടെ സ്വർഗത്തിന്റെ വാതിേൽ മനുഷ്യകുലത്തിനായി തുറക്കപ്പെട്ടു. സ്വർഗാരോഹണം ചെയ്ത യേശു വീണ്ടും വരുമെന്നത് സ്വർഗാരോഹണത്തിന്റെ ആഹ്വാനമാണ്. അതിനായി വിശുദ്ധി നിറഞ്ഞ്, വിശ്വാസത്തിൽ ആഴപ്പെട്ട് ജീവിക്കുവാൻ നമുക്ക് ശ്രമിക്കാം

# ഏവൻഗേലിയോൻ ദീപം



റവ. ഫാ. സിജോ ഏബ്രഹാം വട്ടോത്ര

## പുതുഞായറാഴ്ചയ്ക്കുശേഷം 2-ാം ഞായർ (21-04-2024) (വി. യോഹ. 4: 31-38)

കർത്താവായ യേശുക്രിസ്തുവും തന്റെ ശിഷ്യൻമാരും യാത്രാമദ്ധ്യേ സുഖാർ പട്ടണത്തിൽ യാക്കോബിന്റെ കിണറിനരികെ വച്ച് ശമര്യാസ്ത്രീയെ കണ്ടുമുട്ടുന്നു. ആ സമയത്ത് യേശുവിനുള്ളതായ ഭക്ഷണം വാങ്ങുവാനായി ശിഷ്യൻമാർ പട്ടണത്തിലേക്ക് പോയിരുന്നു. യേശുവും ശമര്യാസ്ത്രീയുമായുള്ള സംഭാഷണമദ്ധ്യേയാണ് ശിഷ്യൻമാർ തിരികെ കടന്നുവരുന്നത്. ഈ സംഭാഷണത്തിൽ ശിഷ്യൻമാർ വളരെ ആശ്ചര്യപ്പെടുകയും അവൾ പട്ടണത്തിലേയ്ക്ക് പോയതിനുശേഷം യേശുവും ശിഷ്യനുമായുള്ള സംഭാഷണമാണ് പ്രസ്തുത വേദഭാഗം.

യോഹ.4:6 ൽ യേശു വളരെ ക്ഷീണിതനായി കാണപ്പെടുകയാണ്. എന്നാൽ ഭക്ഷണം വാങ്ങി തിരികെ വന്ന ശിഷ്യൻമാരോട് ''നിങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ ഉണ്ട് എന്ന് അവരോടു പറഞ്ഞു. താൻ വളരെ ക്ഷീണിച്ചിരുന്നിട്ടും ശിഷ്യന്മാരുടെ ഭക്ഷണത്തെ അവൻ നീക്കിവച്ചത് ശമര്യാസ്ത്രീയോട് അറിയിച്ചതായ സുവിശേഷം നിമിത്തമായിരുന്നു. ശമര്യാസ്ത്രീയുടെ സാക്ഷ്യം നിമിത്തം യേശുവും ശിഷ്യരും അവളുടെ പട്ടണത്തിൽ പോകുകയും അനേകം പേർ അവനിൽ വിശ്വസിക്കുകയും ചെയ്തു. യോഹ. 4:34 "എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്ത് അവന്റെ പ്രവൃത്തി തികയ്ക്കുന്നതു തന്നെ എന്റെ ആഹാരം".

ക്രിസ്തുവിന്റെ മക്കളായ ഞാനും നിങ്ങളും 'എന്റെ



ക്ഷീണം, ലാഭം, കണക്കുകൂട്ടലുകൾ' എന്നിവയെക്കാൾ അധികമായി അയച്ചവന്റെ ആഹാരത്തിനു നൽകുന്നുണ്ടോ എന്ന് സ്വയമായി ചിന്തിക്കുക.

"നിങ്ങൾ തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നതു കാണും എന്നു ഞാൻ നിങ്ങളോടു പറയുന്നു എന്ന് യേശു പറഞ്ഞു". യേശുക്രിസ്തു ഇവിടെ ഉപമാരൂപേണ സംസാരിക്കുന്നു. 39 മുതൽ ഉള്ള വാക്യത്തിൽ ശമര്യാസ്ത്രീയുടെ സാക്ഷ്യം നിമിത്തം അനേകർ ക്രിസ്തുവിൽ വിശ്വസിക്കുന്നതായി കാണുവാൻ സാധിക്കും.

തന്റെ പിതാവ് തന്നെ ഏല്പിച്ചതായ ദൗത്യം യഹൂദരിലും, ശമര്യയിലും ലോകം മുഴുവൻ വ്യാപിക്കുന്നതിന് ഏറ്റവും നല്ലസമയമെന്ന് ക്രിസ്തു കാണുന്നു. ഈ ദൗത്യം തന്റെ ശ്ലീഹന്മാർ മൂലവും നിറവേറ്റപ്പെടുന്നത് വി. ഗ്രന്ഥത്തിലൂടെ മനസ്സിലാക്കുവാൻ നമുക്ക് സാധിക്കും.

നമ്മുടെ ജീവിതയാത്രയിൽ ഉടനീളം ദൈവവിളിയെ മനസ്സിലാക്കുകയും യേശുക്രിസ്തു എത്രയധികം ദാഹത്തോടെ തന്റെ ദൗത്യത്തെ നിറവേറ്റുവാൻ കാംക്ഷിച്ചുവോ അത്രയധികം ദൈവപ്രവൃത്തികൾക്കായി എനിക്കും നിങ്ങൾക്കും പ്രവൃത്തിക്കുവാനായിട്ട് സാധിക്കണം.

## പുതുഞായറാഴ്ചയ്ക്കുശേഷം 3-ാം ഞായർ (28-04-2024) (വി. യോഹ. 6: 47-58)

കർത്താവായ യേശുക്രിസ്തുവിനെ അന്വേഷിച്ചുവരുന്നതായ ജനസമൂഹത്തോട് ഇപ്രകാരം അവൻ പറയുന്നു "നശിച്ചുപോകുന്ന ആഹാരത്തിനായിട്ടല്ല, നിത്യജീവങ്കലേക്കു നിലനിൽക്കുന്ന ആഹാരത്തിനായിട്ടുതന്നെ പ്രവർത്തിപ്പിൻ"



(6:27). ഇവിടെ കർത്താവ് തന്നെ വീണ്ടും ഇപ്രകാരം പരിചയപ്പെടുത്തുന്നു. "ഞാൻ ജീവന്റെ അപ്പം ആകുന്നു. എന്റെ അടുക്കൽ വരുന്നവനു വിശക്കയില്ല. എന്നിൽ വിശ്വസിക്കുന്നവനു ഒരുനാളും ദാഹിക്കുകയില്ല" (6:35). ഇതു കേൾക്കുമ്പോൾ യഹൂദൻമാരുടെ മദ്ധ്യത്തിൽ പിറുപിറുപ്പ് ഉണ്ടാകുന്നു. അവർക്ക് കൊടുക്കുന്നതായ ശക്തമായ വചനങ്ങളാണ് ഇന്നത്തെ വേദഭാഗം.

വി. സുറിയാനിസഭയെ സംബന്ധിച്ചിടത്തോളം ഏറ്റം കാതലായ വചനങ്ങളാണിവ. വി. കുർബ്ബാനയിലേക്ക് ഇവ വിരൽ ചൂണ്ടുന്നു. സ്വർഗ്ഗീയ അപ്പമെന്ന് യഹൂദർ കരുതിയ 'മന്ന' ഭക്ഷിച്ച പിതാക്കന്മാർ മരുഭൂമിയിൽ വച്ച് മരണപ്പെട്ടു. എന്നാൽ നിത്യജീവൻ പ്രാപിക്കേണ്ടതിന് "യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന ജീവനുള്ള അപ്പമാണെന്നും ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവി

ക്കുമെന്നും ലോകത്തിന്റെ ജീവനുവേണ്ടി കൊടുപ്പാനിരിക്കുന്ന അപ്പം തന്റെ മാംസമാണെന്നും" ഇവിടെ വെളിപ്പെടുത്തുന്നു.

ഈ പറഞ്ഞ വചനങ്ങൾ യേശുതമ്പുരാന്റെ പെസഹാ പെരുന്നാളിലൂടെയും പീഡാനുഭവത്തിലൂടെയും കുരിശുമരണത്തിലൂടെയും പൂർത്തീകരിക്കപ്പെടുന്നു എന്നു യഹൂദന്മാർക്ക് മനസ്സിലാക്കുവാൻ സാധിച്ചില്ല. ആയതിനാൽ അവർ എങ്ങനെ സാധിക്കുമെന്നു വാദിച്ചു. എന്നാൽ യേശുക്രിസ്തു മേൽ പറഞ്ഞതായ വചനം വീണ്ടും അടിവരയിട്ടു ആവർത്തിച്ചു പറഞ്ഞു. (6:53-54) "നിങ്ങൾ മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കാതെയും അവന്റെ രക്തം കുടിക്കാതെയും ഇരുന്നാൽ നിങ്ങൾക്ക് ഉള്ളിൽ ജീവൻ ഇല്ല. എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്; ഞാൻ ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും.

പെസഹായുടെ ദിവസത്തിൽ യേശുക്രിസ്തു വി. കുർബ്ബാന സ്ഥാപിക്കുമ്പോൾ "യേശു അപ്പം എടുത്ത് വാഴ്ത്തി നുറുക്കി ശിഷ്യൻമാർക്കു കൊടുത്തു; വാങ്ങി ഭക്ഷിപ്പീൻ. ഇത് എന്റെ ശരീരം എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്ത് സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു. എല്ലാവരും ഇതിൽ നിന്ന് കുടിപ്പിൻ, ഇത് അനേകർക്കു വേണ്ടി പാപമോചനത്തിനു ചൊരിയുന്ന പുതിയനിയമത്തിലുള്ള എന്റെ രക്തം" (മത്തായി 26:26-28). കേവലം വിശപ്പിനുള്ള ആഹാരം അന്വേഷിക്കാതെ, നിത്യജീവനിലേയ്ക്ക് നമ്മെ നയിക്കുന്നതായ ജീവനുള്ള അപ്പമായ യേശുക്രിസ്തുവിന്റെ ശരീരത്തിന്റെയും രക്തത്തിന്റെയും അംശികളായി ത്തീരുവാൻ എല്ലാവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

**റവ. ഫാ. ഷൈനോ മർക്കോസ് കൊച്ചുമങ്കര**

## പുതുഞായറാഴ്ചയ്ക്കു ശേഷം നാലാം ഞായറാഴ്ച (05-05-2024) (ലൂക്കോ 9:51-62)

വാക്യം 51 ൽ "അവന്റെ ആരോഹണത്തിനുള്ള കാലം തികയാറായപ്പോൾ അവൻ യെരുശലേമിലേക്ക് യാത്ര ആകുവാൻ 'മനസ്സ് ഉറപ്പിച്ച്' തനിക്ക് മുമ്പായി ദൂതന്മാരെ അയച്ചു" എന്ന് ലൂക്കോസ് ശ്ലീഹാ സാക്ഷിക്കുന്നു. ഇവിടെ രണ്ട് കാര്യങ്ങൾ ശ്രദ്ധേയമാണ് 1). 'അവന്റെ ആരോഹണം' എന്ന പദം കൊണ്ട് യേശു തന്റെ ഇഹലോകവാസം പൂർത്തീകരിച്ച്, സ്വർഗ്ഗത്തിൽനിന്ന് വന്നവൻ എന്ന നിലയിൽ അവിടേയ്ക്ക് തിരികെ പോകുവാനുള്ള സമയം തനിക്ക് ബോദ്ധ്യമായി എന്നാണ് ഉദ്ദേശിക്കുന്നത്. ഓരോ വ്യക്തിയുടേയും മരണസമയം ദൈവം മാത്രം അറിയുന്നു എന്നാൽ ദൈവപുത്രന്റെ മരണ സമയം, ആയുസ്സിന്റെ ദൈർഘ്യം ഇവ അവിടുന്ന് അറിഞ്ഞിരുന്നു. ഒരാളുടെ ആയുഷ്ക്കാലം ജനനം മുതൽ മരണംവരെയെങ്കിൽ യേശുവിന്റെ മനുഷ്യാവതാരകാലം ജനനം മുതൽ സ്വർഗ്ഗാരോഹണംവരെയായിരുന്നു എന്ന് ചിന്തിക്കാവുന്നതാണ്. ഈ കാലഘട്ടത്തിൽ യേശുവിന് എന്തെല്ലാം സംഭവിച്ചു എന്ന് പ. പൗലോസ്ശ്ലീഹാ നമ്മെ അറിയിക്കുന്നു "അവൻ ജഡത്തിൽ വെളിപ്പെട്ടു, ആത്മാവിൽ നീതീകരിക്കപ്പെട്ടു, ദൂതന്മാർക്ക് പ്രത്യക്ഷനായി, ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു, ലോകത്തിൽ വിശ്വസിക്കപ്പെട്ടു. തേജസ്സിൽ എടുക്കപ്പെട്ടു എന്നിങ്ങനെ ദൈവഭക്തി



യുടെ മർമ്മം സമ്മതമാംവണ്ണം വലിയതാകുന്നു (1. തീമോ. 3:16). 2). 'മനസ്സ് ഉറപ്പിച്ചു.' യേശുവിന്റെ മുമ്പിലുണ്ടായിരുന്ന ചിന്ത താൻ മരണത്തിലൂടെ കടന്നുപോകണമോ എന്നുള്ളതായിരുന്നു. ആ കയ്പ്പു നിറഞ്ഞ അനുഭവത്തെ തിരസ്ക്കരിക്കുന്നതിനായി തനിക്ക് ഒരാലോചന ഉണ്ടായിരുന്നു എങ്കിൽ യേശുവിന് ഗലീലയിൽത്തന്നെ ഒതുങ്ങിക്കഴിഞ്ഞു കൂടാമായിരുന്നു. എന്നാൽ അവൻ യെരുശലേമിലേയ്ക്ക് പോകാൻ മനസ്സുറപ്പിച്ചു എന്ന് രേഖപ്പെടുത്തുമ്പോൾ മരണത്തിന് താൻ സ്വയം മനസ്സുവച്ചു എന്നാണ് തെളിയിക്കുന്നത്. യേശു പീലാത്തോസിനോട് തന്റെ മേൽ ലോകത്ത് ആർക്കും ഒരധികാരവും ഇല്ല എന്നും, താൻ സ്വന്തമായി മരണത്തിന് ഏൽപ്പിച്ചു കൊടുക്കുകയാണ് എന്നും വ്യക്തമാക്കുന്നുണ്ട്.

"നിങ്ങൾ ഏത് ആത്മാവിന് അധീനർ എന്ന് നിങ്ങൾ അറിയുന്നില്ല." യേശു അയച്ച ദൂതന്മാരോടുള്ള നിഷേധമനോഭാവം യേശുവിനോടുള്ള നിഷേധമായിട്ടാണ് ശിഷ്യന്മാർ കണ്ടത്. അതുകൊണ്ടാണ് ശമര്യാക്കാരെ (യിസ്രായേൽക്കാരിൽനിന്നുള്ള ഒരു ചെറിയ ജനവിഭാഗം; അതായത് ബാബിലോണിയ പ്രവാസകാലത്ത് വിജാതീയ സ്ത്രീകളെ സ്വീകരിച്ച യിസ്രായേൽക്കാരുടെ സന്തതികൾ; ഇവർ തമ്മിൽ ആശയ സംഘർഷങ്ങൾ ഉണ്ടായിരുന്നു) തീയിറക്കി നശിപ്പിക്കുന്നതിനുള്ള ആലോചന വന്നത്. മനുഷ്യരുടെ കൃത്യങ്ങൾ ആണ് അവനെ നന്മ നിറഞ്ഞവനും, അതുപോലെ ഭോഷികളും ആക്കിത്തീർക്കുന്നത്. ഓരോ വ്യക്തിയും സ്വന്തം മനസ്സിന്റെ സമ്മതം കൂടാതെ (will) ഒന്നും ചെയ്യുന്നില്ല. സമ്മതത്തിന്റെ പിന്നിൽ ഉദ്ദേശവും, ഉദ്ദേശത്തിന്റെ പിന്നിൽ ആലോചനയും, ആലോചന രൂപീകരിക്കുന്ന 'ആത്മാവും ഉണ്ട്. ആത്മാവിന്റെ മേൽ നമുക്ക് നിയന്ത്രണം ഉണ്ടാകുന്നതുവരെ നമ്മുടെ വ്യക്തിത്വത്തിന്മേൽ ഉണ്ടായിരിക്കേണ്ട നിയന്ത്രണം പൂർണ്ണമാകുന്നില്ല. ഇത് ആത്മീയ വളർച്ചയാണ്, പ്രക്രിയയാണ്. അതിന് മുഖ്യപ്രാധാന്യം കൊടുത്ത് ഓരോ വിശ്വാസിയും അവരുടെ ലക്ഷ്യത്തിലേയ്ക്കുള്ള യാത്ര നിവൃത്തിക്കേണ്ടതുണ്ട് എന്നാണ് പ്രാണനെ നശിപ്പിക്കാതെ രക്ഷിക്കുന്നവരായി തീരണം എന്നതിലൂടെ യേശു വ്യക്തമാക്കുന്നത്.

മൂന്ന് വ്യക്തികൾ - ലോകത്തിന്റെ ഇമ്പങ്ങളെ കൈവിടാൻ വിഷമമുള്ളവർക്ക് സ്വർഗ്ഗരാജ്യ ആനന്ദം അപ്രാപ്യമായിരിക്കും. ഇവിടെ തിരിഞ്ഞ് നോക്കുന്നതിന്റെ കാരണം സ്വർഗ്ഗരാജ്യത്തെ പ്രതി ഉപേക്ഷിക്കുവാൻ നിർബന്ധിതമാ

കുന്നവ, സ്വർഗ്ഗരാജ്യത്തിന്റെ വിലയേക്കാൾ ശ്രേഷ്ടവും വിലയേറിയതും എന്ന് ചിന്തിക്കുന്നതുകൊണ്ടാണ്.

### പെന്തിക്കോസ്തിയ്ക്ക് മുമ്പുള്ള ഞായറാഴ്ച (12-05-2024) (യോഹ. 6:35-46)

"ഞാൻ ജീവന്റെ അപ്പമാകുന്നു." അപ്പം/ആഹാരമാണ് ജീവനെ നിലനിർത്തുന്നത്. അതുകൂടാതെ മനുഷ്യന് നിലനിൽക്കാൻ സാധ്യവുമല്ല. എന്നാൽ 'ജീവൻ' കേവലം ശാരീരിക ജീവൻ മാത്രമല്ല. അത് ദൈവത്തോടുള്ള സജീവബന്ധമാണ്. ക്രിസ്തുവിനെക്കൂടാതെ ജീവൻ ഇല്ല. കാരണം കർത്താവാണ് ജീവദായകൻ. യേശു ഇവിടെ സൂചിപ്പിക്കുന്നത് തന്റെ ശരീരരക്തത്തെയാണ്. ഈ ജീവൻ നമുക്ക് നൽകാനാണ് അവൻ മനുഷ്യാവതാരം എടുത്തത് ആയതിനാൽ നമ്മുടെ ജീവൻ ദൈവത്തിന്റെ ദാനമാണ്. ഈ ബോധ്യത്തോടെ കർത്താവിനെ സ്വീകരിക്കുന്നവന് പൂർണ്ണസമാധാനവും സംതൃപ്തിയും ലഭിക്കുന്നു. ഇങ്ങനെ ലഭിക്കുന്ന ആത്മീയ നിറവിലാണ് പുരോഹിതൻ വിശുദ്ധ കുർബ്ബാനയുടെ സമാപന ആശിർവാദത്തിൽ "നിങ്ങൾ സന്തോഷിച്ച്, സംതൃപ്തരായി, സമാധാനത്തോടെ പോകുവീൻ" എന്ന് ആഹ്വാനം ചെയ്യുന്നത്.

തുടർന്ന് ക്രിസ്തീയ ജീവിതത്തിന്റെ പടികളും ദൈവത്തിന്റെ ഇഷ്ടവും എന്തെന്ന് അവൻ വ്യക്തമാക്കുന്നു. 1) ക്രിസ്തുവിനെ കാണുക: അന്നുള്ളവർ മുഖാമുഖമായി യേശുവിനെ കണ്ടു ഇന്ന് നാം വി. കുർബ്ബാനയിലുടെയും, സുവിശേഷത്തിൽ കൂടിയും, സഭയുടെ ഉപദേശത്തിലൂടെയും ക്രിസ്തുവിനെ കാണണം. അതോടൊപ്പം ലോകരക്ഷകനായും, എന്റെ രക്ഷകനായും (യേശു പാപികളെത്തേടി വന്നെങ്കിൽ അതിൽ ഒന്നാമൻ ഞാനെന്ന ബോധ്യം) യേശുവിനെ കാണാൻ കഴിയണം.

2) അവനിൽ വിശ്വസിക്കണം: അവന്റെ ദൈവത്വത്തിലും, മനുഷ്യത്വത്തിലും, രക്ഷായാഗത്തിലും, അവന്റേതായ സഭയിലും, അതിലുള്ള ക്രമീകരണങ്ങളിലും വിശ്വസിക്കണം.

3) 40-ാം വാക്യം ഏറെ ധ്യാനാത്മകമാണ്. "പുത്രനെ നോക്കിക്കൊണ്ട് അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം. ഞാൻ അവനെ ഒടുക്കത്തെ നാളിൽ ഉയിർത്തെഴുന്നേൽപ്പിക്കും". മുകളിൽ പറഞ്ഞ രണ്ട് ചുമതലകളും നിർവ്വഹിച്ച് നിത്യജീവൻ സ്വായത്തമാക്കുക ഇതാണ് ദൈവത്തിന്റെ ഇഷ്ടം.

യേശുക്രിസ്തുവിന്റെ ഈ വചനങ്ങൾ യഹൂദരെ പ്രകോപിപ്പിച്ചു. 1) അവർ ബാഹ്യ മാനദണ്ഡം മാത്രംവച്ച് യേശുവിനെ വിലയിരുത്തി. 2) അവർ പരസ്പരം ആശയവിനിമയം നടത്തി, ദൈവഹിതത്തെക്കുറിച്ച് ചിന്തിച്ചില്ല. 3) അവർ യേശുവിന്റെ കേൾവിക്കാർ മാത്രമായിരുന്നു. അവനെ പഠിച്ചില്ല, ഉപദേശങ്ങളെ ഗ്രഹിച്ചില്ല.

## അഖണ്ഡ പ്രാർത്ഥനയും നീന്തുനേർച്ചയും

ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ പള്ളിയിൽ വലിയ നോമ്പ് സമാപനത്തോടനുബന്ധിച്ചു നടത്തിവരുന്ന അഖണ്ഡ പ്രാർത്ഥനയും നീന്തുനേർച്ചയും ഓശാന ഞായറാഴ്ച നടത്തി.

സന്ധ്യാ പ്രാർത്ഥനയോടെ ആരംഭിച്ച പരിപാടികൾ വനിതാ സമാജത്തിന്റെ നേതൃത്വത്തിൽ ഗാന ശുശ്രൂഷ, കെ. വൈ. എ മെമ്പറന്മാരുടെ വി. വേദപുസ്തക വായന, ഫാ. മനോജ് സഖറിയ വാലുപറമ്പിലച്ചന്റെ വചന ശുശ്രൂഷ, നീന്തുനേർച്ച, പാതിര നമസ്കാരം, കഞ്ഞി നേർച്ച എന്നിവയോടെ സമാപിച്ചു. വികാരി ഫാ. ഏലിയാസ് സഖറിയാ എളവംകുളം, ട്രസ്റ്റി റെജി ഫിലിപ്പ് മറ്റത്തിൽ, സെക്രട്ടറി എം. റ്റി. തോമസ് മണലേൽചിറ എന്നിവർ നേതൃത്വം നൽകി.

# ക്നാനായ ദീപം അറിയിപ്പുകൾ

പ്രിയ വായനക്കാരെ,

കോവിഡ് കാലത്തിനുശേഷം 2022 സെപ്തംബർ മുതൽ വിദേശത്തേയ്ക്ക് ക്നാനായദീപം മാസിക അയയ്ക്കുവാൻ തുടങ്ങിയിട്ടുണ്ട്. കുടിശ്ശിഖ ഉള്ളവർ ദയവായി കുടിശ്ശിഖ അയയ്ക്കണം. അല്ലാത്ത പക്ഷം മാസിക അയയ്ക്കുകയില്ല. വിദേശത്തേയ്ക്ക് മാസിക അയയ്ക്കുന്നതിന് ഇപ്പോൾ പോസ്റ്റൽ ചാർജ് വളരെ കൂടുതലാണ്. ഓൺലൈൻ കോപ്പി മതിയെങ്കിൽ ദീപത്തിന്റെ Whats app No. 8547584440 ൽ അഡ്രസും, ഈ-മെയിലും നിങ്ങളുടെ Email or Whats app No. അയച്ചു തരിക.

ഓൺലൈനായി കുടിശിഖയും പരസ്യചാർജുകളും അയക്കാവുന്നതാണ്. കുടിശിഖ അറിയാൻ അഡ്രസ്സ് Whats app No. 8547584440 ൽ അയയ്ക്കുക. എല്ലാവരുടെയും സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു

| Ac/No. 57004254154<br>Chief Editor andMg Editor<br>Knanaya deepam<br>SBI Chingavanam<br>IFSC SBIN 0070128 | എന്ന്<br>മാനേജിംഗ് എഡിറ്റർ<br>Ph: 9447563240, 8547584440<br>Email: kna.deepam@gmail.com | Knanayadeepam<br>Ac/No. 12990200001178<br>Federal Bank<br>Chingavanam<br>IFSC FDRL 0001299 |
|---|---|---|

# കനമുള്ള ആ നിമിഷം...

ഡോ. അന്നമ്മ ജേക്കബ് മള്ളൂചേരിൽ, റാന്നി

ദുഃഖം സമസ്ത ഭാവങ്ങളോടെ ഘനീഭവിച്ച് ഒരൊറ്റ തുള്ളിയായി എന്റെ മനസ്സിൽ തങ്ങിനിന്ന ആ നിമിഷം...നിറഞ്ഞ അന്ധകാരത്തിൽ തപ്പിത്തടഞ്ഞ് വഴിയറിയാതെ ബോധം നഷ്ടപ്പെട്ട ഒരവസ്ഥ. ഞാൻ ചുറ്റും നോക്കി. ആരെയും കാണുന്നില്ല. എല്ലാവരും എന്റെ അടുത്തുവേണമെന്ന് ആഗ്രഹിച്ച ഒരു നിമിഷം! മക്കളോ ബന്ധുക്കളോ സഹോദരങ്ങളോ ആരും കൂടെ ഉണ്ടായിരുന്നില്ല. ആവേശത്തോടെ ഞാൻ ചുറ്റും കണ്ണോടിച്ചു. നിരാശയായി. മോർച്ചറിയുടെ വിറങ്ങലിച്ച ചുവരുകൾക്കുള്ളിൽ ഞാൻ മാത്രം! എന്റെ രക്തബന്ധത്തിൽപ്പെട്ട ആരും എന്നോടൊപ്പം ഇല്ല. എന്നാൽ എന്റെ സ്നേഹനിധികളായ നാട്ടുകാരും അയൽവാസികളും എന്റെ ശിഷ്യരും ഏതാനും ചില സഹപ്രവർത്തകരും ഒരു വൻമതിൽപോലെ ആശ്വാസത്തിന്റെയും സംരക്ഷണത്തിന്റെയും നിശ്വാസങ്ങളുമായി എന്നെ ചുറ്റി നിന്നിരുന്നത് ചില നിമിഷങ്ങളിൽ മാത്രം ഞാൻ ബോധപൂർവ്വം അറിഞ്ഞിരുന്നു. അന്നു ഞാൻ മനസ്സിലാക്കിയ ഒരു വലിയ തിരിച്ചറിവുണ്ട്. രക്തബന്ധത്തേക്കാൾ വലുതാണ് ആത്മാർത്ഥ സ്നേഹബന്ധം.

ഭർത്തൃവിയോഗം ഉള്ളിൽ തട്ടിയ ആദ്യ നിമിഷങ്ങളായിരുന്നു ഞാൻ അനുഭവിച്ച ആ കനമുള്ള നിമിഷം. "ഇനി ആരെന്നെ പോറ്റും" എന്ന് വിലപിച്ച സീതാദേവിയുടെ ഹൃദയവ്യഥ അക്ഷരാർത്ഥത്തിൽ ഞാൻ അനുഭവിച്ചറിഞ്ഞ നിമിഷങ്ങളായിരുന്നു അത്. ശ്രീരാമനെ കൊല ചെയ്തു എന്ന വ്യാജവാർത്ത ചമച്ചുണ്ടാക്കി ശ്രീരാമന്റെ ശിരസ്സ് മായ കൊണ്ട് സൃഷ്ടിച്ച് ഒരു താലത്തിൽ, രക്തം വാർന്നൊഴുകുന്ന രൂപത്തിൽ സീതാദേവിയുടെ മുന്നിൽ കൊണ്ടെത്തിച്ച് വിജയഭാവത്തിൽ നിൽക്കുന്ന രാവണനെ കണ്ട് അത് സത്യമാണെന്ന് തെറ്റിദ്ധരിച്ച് സീതാദേവി ഇനി ആരെന്നെ പോറ്റും എന്ന് വിലപിച്ച് ഭൂമിയിൽ വീണുരുണ്ട് വിലപിക്കുന്ന ഒരു രംഗം "രാമചരിത" ത്തിൽ ഉണ്ട്. ക്ലാസ്സുകളിലും പ്രസംഗവേദികളിലും സന്ദർഭോചിതമായി ആ വിരഹരംഗം, ആ ദുഃഖരംഗം ഭംഗ്യന്തരേണ ഞാൻ അവതരിപ്പിച്ചിട്ടുണ്ട്.അന്ന് മോർച്ചറിയിൽ ഞാൻ നേരിട്ടനുഭവിച്ചു എന്ന് മാത്രം. സീതാദേവി അനുഭവിച്ചത് മായ ആയിരുന്നുവെങ്കിൽ ഞാൻ അനുഭവിച്ചത് യാഥാർത്ഥ്യം ആയിരുന്നു. അപ്പോൾ അതിന്റെ കാഠിന്യം അനുമാനിക്കാമല്ലോ. വിധവയായി എന്നറിയുന്ന ആ ശപ്ത നിമിഷം!

ആരൊക്കെയോ എന്നെ ആശ്വസിപ്പിക്കുന്നുണ്ട്. പക്ഷെ, ഞാൻ ഒന്നും അറിയുന്നില്ല. ആ നിമിഷം ഞാൻ അന്ധയാണ്, മൂകയാണ്, ബധിരയാണ്; എന്നാൽ എല്ലാം അറിയുന്നുമുണ്ട്. യെശയ്യാവിന്റെ 41–ാം അദ്ധ്യായം 10–ാം വാക്യം എന്റെ മനസ്സിൽ പണ്ടുമുതൽക്കേ വേരൂന്നിയ ഒരു വചനം ആയിരുന്നു. ആ സമയത്തും എനിക്ക് അതോർമ്മ വന്നു. പക്ഷെ ഞാൻ അത് ഉൾക്കൊണ്ടില്ല. മനസ്സിലെ ദുഃഖഭാരത്താൽ ആ വചനം ഞാൻ മറന്നുകളഞ്ഞു.

കറുത്ത നിമിഷങ്ങൾ കറുത്ത ദിനങ്ങൾക്ക് വഴിമാറി. എന്റെ ജീവിതം നിരാശയുടെ പടുകുഴിയിലേക്ക് വഴുതി വീണു. എന്നെ ധൈര്യപ്പെടുത്താൻ ആർക്കും കഴിയില്ല എന്നൊരവസ്ഥ ഉണ്ടായി. ഒരുതരം ഡിപ്രഷൻ (വിഷാദം!). എന്റെ തകർന്ന ജീവിതത്തെ മാറ്റിമറിച്ചു. ആത്മീയ മേഖലയുടെ സമാധാനവും സന്തോഷവും വിളങ്ങിനിൽക്കുന്ന താഴ്വരയിൽ എന്നെക്കൊണ്ടെത്തിച്ചത് എന്റെ ഒരു വത്സല ശിഷ്യനും, കൂടാതെ എന്റെ മറ്റനേകം ശിഷ്യരും എന്റെ കുറെ പഴയ സഹപാഠികളുമാണ്. അവരോടുള്ള കടപ്പാട് നിസ്സീമമാണ്. ഇന്നും എനിക്ക് അവർ നൽകുന്ന ഊർജ്ജം പ്രശംസനീയമാണ്.

വീണ്ടും എടുത്തുപറയട്ടെ, യെശയ്യാവ് 41:10 "നീ ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെയുണ്ട്. ഭ്രമിച്ചു നോക്കേണ്ട ഞാൻ നിന്റെ ദൈവമാകുന്നു. ഞാൻ നിന്നെ ശക്തീകരിക്കും, ഞാൻ നിന്നെ സഹായിക്കും, ഞാനല്ലേ നിന്റെ ദൈവം. എന്റെ നീതിയുള്ള വലംകൈ കൊണ്ട് ഞാൻ നിന്നെ മുറുകെ പിടിക്കും" പെട്ടെന്ന് എന്റെ മനസ്സിൽ ഒരു ഉൾവെളിച്ചം ഉണ്ടായി. എന്റെ നാഥൻ നീയാണല്ലോ. ഞാൻ എന്തിന് ആകുലപ്പെടുന്നു? നീ ഇന്നും എന്നും ജീവിക്കുന്നതിനാൽ നീ എന്റെ നാഥനാകയാൽ ഞാൻ സനാഥയാണ്; ഒരിക്കലും ഞാൻ അനാഥയല്ല. "വിധവ" എന്ന് ഞാൻ സ്വയം ഭയപ്പാടോടെ ചാർത്തിയ തലനാമം ഏറ്റവും അസംബന്ധം. ഏറ്റവും അനീതി എന്ന് എനിക്ക് തോന്നി, അല്ല ബോദ്ധ്യപ്പെട്ടു. എന്നു മുതൽ ഞാൻ എന്റെ യേശുവിന്റെ വചനം ഹൃദയത്തിൽ രേഖപ്പെടുത്തിയോ അന്നുമുതൽ ഞാൻ ആ ശപ്ത പദവിയിൽ നിന്നും മുക്തയായി. അതേ ഞാൻ വിധവയല്ല, അനാഥയല്ല, സനാഥയാണ്. എന്നെപ്പോലെ അനേകർ സനാഥകളായിരിക്കുന്നു, വിശ്വസിക്കുന്നുവെങ്കിൽ ഭൂമിയിലും സ്വർഗ്ഗത്തിലും മാന്യമായ ഒരു പദവി നൽകിയാണ് ദൈവം വിധവകളെ അംഗീകരിച്ചിരിക്കുന്നത്. വിധവയുടെ പ്രാർത്ഥനയ്ക്കും കണ്ണീരിനും പ്രതിഫലം നിശ്ചയമാണ്.

68–ാം സങ്കീർത്തനം 5–ാം വാക്യത്തിൽ ഇപ്രകാരം പറയുന്നു "ദൈവം തന്റെ വിശുദ്ധ നിവാസത്തിൽ അനാഥർക്ക് പിതാവും വിധവമാർക്ക് ന്യായപാലകനും ആകുന്നു". തന്റെ വിശുദ്ധ ആരാധകർക്ക് എന്തെല്ലാം പ്രശ്നങ്ങളുണ്ടായാലും ദൈവം അവരെ സഹായിക്കുമെന്ന് യഹോവ ഉറപ്പു കൊടുക്കുകയാണ്. ദൈവം നമ്മോടൊപ്പം ഉണ്ട്. ഒരിക്കലും എവിടെയും നാം ഒറ്റയ്ക്കല്ല. നാം കടന്നുപോകുന്ന സാഹചര്യങ്ങളെല്ലാം ദൈവം കാണുന്നു. നമ്മുടെ പ്രാർത്ഥനകളെല്ലാം ദൈവം കേൾക്കുന്നു. ദൈവം തന്റെ വിശ്വസ്തരെ ആശ്വസിപ്പിക്കുകയാണ് ഈ വചനങ്ങളിലൂടെ. പിന്നെന്തിന് നമുക്ക് ഖേദം? പിന്നെന്തിന് ആശങ്ക? പിന്നെന്തിന് നിരാശ? പിന്നെന്തിന് ആകുലത? എപ്പോഴും ദൈവത്തിൽ സന്തോഷിപ്പീൻ!! എപ്പോഴും ദൈവത്തെ സ്തുതിപ്പിൻ.

# മാറായെ മധുരമാക്കുന്ന ദൈവം

**സീമ ഷിന്റോ കന്നിയേൽ, റാന്നി**

'മാറ' എന്ന വാക്കിന്റെ അർത്ഥം എന്താണ്? മാറ എന്നാൽ കയ്പ്പ് എന്നാണെന്ന് നമുക്ക് ഏവർക്കും അറിയാം. എന്നാൽ മാറായെ മധുരമാക്കി തീർക്കാൻ കഴിവുള്ളവനാണ് നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ്. വി. ബൈബിളിൽ പുറപ്പാട് പുസ്തകം 15:22 മുതലുള്ള വാക്യങ്ങളിൽ മാറായെ മധുരമാക്കി തീർത്ത ദൈവത്തെ നമുക്ക് ദർശിക്കാം. ചെങ്കടൽ പിളർന്ന് വരണ്ട നിലത്തിലൂടെ യിസ്രായേൽ മക്കൾ മോശയുടെ നേതൃത്വത്തിൽ കടന്നുപോകുന്നു. അതിനുശേഷം അവർ ശൂർ മരുഭൂമിയിലെത്തുന്നു. മൂന്ന് ദിവസം മരുഭൂമിയിൽ വെള്ളം കിട്ടാതെ അവർ സഞ്ചരിച്ചു. അതിനുശേഷം മാറ എന്ന സ്ഥലത്ത് അവർ എത്തുന്നു. എന്നാൽ മാറായിലെ വെള്ളം കുടിപ്പാൻ അവർക്ക് കഴിഞ്ഞില്ല. കാരണം അത് കയ്പ്പുള്ളതായിരുന്നു. അതുകൊണ്ടാണ് അവർ അതിന് 'മാറ'എന്ന പേരിട്ടത്.

ദാഹിച്ച് അവശരായ ജനം ഞങ്ങൾ എന്തു കുടിക്കും എന്ന് പറഞ്ഞ് മോശയുടെ നേരെ പിറുപിറുത്തു. മോശ ഇത് കേട്ട് വിഷണ്ണമനസ്സോടെ യഹോവയോട് അപേക്ഷിച്ചു. യഹോവ മോശയുടെ പ്രാർത്ഥന കേട്ടു, മോശയ്ക്ക് ഒരു വൃക്ഷം കാണിച്ചു കൊടുത്തു. മോശയോട് യഹോവ അരുളിച്ചെയ്തു ആ വൃക്ഷം വെള്ളത്തിലിടുക. മോശ അതു വെള്ളത്തിലിട്ടപ്പോൾ വെള്ളം മധുരമായി തീർന്നു. യിസ്രായേല്യർ മതിവരുവോളം വെള്ളം കുടിച്ചു തൃപ്തരായി അവരുടെ യാത്ര തുടർന്നു. ഇന്ന് നാമും സ്വർഗ്ഗമാകുന്ന കനാൻ ദേശം ലക്ഷ്യമാക്കി ഈ ഭൂമിയിലൂടെ യാത്ര ചെയ്യുന്നവരാണ്. നമ്മുടെ ജീവിതത്തിലും മാറ അല്ലെങ്കിൽ കയ്പ്പേറിയതായ ഒരുപാട് അനുഭവങ്ങളുണ്ട്. ജീവിതത്തിലെ കയ്പ്പേറിയ സന്ദർഭങ്ങൾ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ നാമും യിസ്രയേല്യരെപ്പോലെ പിറുപിറുക്കുന്നു. എന്നാൽ മാറയെ മധുരമാക്കാൻ, വിലാപത്തെ നൃത്തമാക്കാൻ, കണ്ണീരിനെ ആനന്ദാശ്രുവാക്കാൻ കഴിയുന്ന ഒരു ദൈവം നമ്മോടുകൂടെയുണ്ട്. ക്രിസ്തുവിന്റെ അനുയായികളായ നാമോരുത്തരും ഒരിക്കലും ആ സത്യം വിസ്മരിക്കരുത്. ജീവിതത്തിലെ കയ്പ്പേറിയ അനുഭവങ്ങളെ യഹോവയുടെ കരങ്ങളിലേക്ക് കൊടുക്കുക. അവിടുന്ന് അവയെ മധുരമുള്ളവയാക്കി തീർത്ത് നമ്മെ തിരികെ ഏൽപ്പിക്കുക തന്നെ ചെയ്യും. ദൈവം കൂടെയുള്ളവർക്ക് കയ്പ്പേറിയ അനുഭവങ്ങൾ ഉണ്ടാവുകയില്ല എന്നല്ല, ഏതു പരീക്ഷയിലും പ്രതിസന്ധിയിലും ഉറച്ചു നിൽക്കാനും അതിനെ അതിജീവിക്കാനുള്ള ശക്തി ദൈവം തരും എന്നുള്ളതാണ് നാം മനസ്സിലാക്കേണ്ടത്. അതുകൊണ്ടാണ് സങ്കീർത്തനക്കാരൻ ഇങ്ങനെ പാടിയത് "അതേ, ഈ ആപത്തുകൾ ഒഴിഞ്ഞു പോകുവോളം ഞാൻ നിന്റെ ചിറകിൻ നിഴലിൽ ശരണം പ്രാപിക്കുന്നു" "I will lide beneath the shadow of your wings until this vilent storm is past.''

ഭൂമിയിലെ മനുഷ്യജീവിതം ദുഃഖവും, നെടുവീർപ്പും, കരച്ചിലും നിറഞ്ഞതാണ്. ദുഃഖത്തിലൂടെ കടന്നുപോകാത്ത ഒരു മനുഷ്യനും ഭൂമിയിലില്ല. എന്നാൽ സർവ്വശക്തനായ ദൈവമാണ് എല്ലാറ്റിനും ഉപരിയായി നമ്മെ കരം പിടിച്ച് നടത്തുന്നത് എന്ന ബോധ്യം നമുക്കുണ്ടാവണം. അവിടുന്ന് നമ്മുടെ ജീവിതത്തിലെ മാറയെ മധുരമാക്കി തീർക്കാൻ കഴിയുന്നവനാണ്.

ആൻ കെയ്സർ സ്റ്റിയാൺസ് എന്ന എഴുത്തുകാരി റിഡേഴ്സ് ഡൈജസ്റ്റിൽ എഴുതിയ ലേഖനത്തിൽ ഒരു വാക്യം ഉദ്ധരിച്ചിട്ടുണ്ട്. അത് ഇങ്ങനെയാണ്. "എന്നെ കൊല്ലാത്തതെന്തും എന്നെ പൂർവോപരി ശക്തനാക്കുന്നു (That which does not kill me makes me stronger). ജീവിതത്തിൽ ഉണ്ടാവുന്ന ഓരോ പ്രതിസന്ധികളും നമ്മെ ജീവിക്കാൻ കൂടുതൽ ശക്തരാക്കുന്നു എന്ന സന്ദേശമാണ് ഇവിടെ വരച്ചു കാട്ടുന്നത്. കരുത്തോടെ ജീവിക്കാൻ ചില സഹനങ്ങൾ ആവശ്യമാണ്. സഹനങ്ങളുടെ മധ്യത്തിൽ ദൈവകരം മുറുകെ പിടിക്കുന്നവർക്ക് സഹനങ്ങൾ മുന്നോട്ട് കുതിക്കാനുള്ള ചവിട്ടുപടികളാണെന്ന് മനസ്സിലാക്കുക. കരുത്തോടെ മുന്നേറുക. ●

---

വിധവകൾക്കും അനാഥർക്കും സംരക്ഷണം നൽകുന്ന കർത്താവിനെയാണ് നാം യാക്കോബിന്റെ സുവിശേഷം രണ്ടാം അദ്ധ്യായം 21-ാം വാകൃത്തിൽ കാണുന്നത്. "പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതെവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു" എന്നത്രേ ആ വചനം. ഇത്രത്തോളം കരുതൽ വിധവമാർക്കും, അനാഥർക്കും, അശരണർക്കും വാഗ്ദാനം നൽകുന്ന ജീവനുള്ള ദൈവത്തെ ആരാധിക്കുന്ന നാം എന്തിന് വ്യാകുലചിത്തരാവണം? എപ്പോഴും സന്തോഷിപ്പീൻ. കാരണം നാം സനാഥരാണ്.

ഞാൻ അനുഭവിച്ച കനമുള്ള നിമിഷത്തെ പാടേ മാറ്റിമറിച്ച്, എന്റെ ജീവിതത്തെ പ്രത്യാശയുടെയും പ്രതീക്ഷയുടെയും പ്രകാശവലയത്തിനുള്ളിൽ രൂപപ്പെടുത്താൻ എന്റെ കർത്താവിന് സാധിച്ചു. ഏത് ദുർഘടാവസ്ഥയിലും "ഞാനില്ലേ കൂടെ?" എന്ന ആശ്വാസ വചനവുമായി എന്നെ നയിക്കുന്ന ഒരു അദൃശ്യ ശക്തി - അതേ ആ സ്നേഹമസൃണമായ ഭാവം ഞാൻ ആസ്വദിച്ചു. ആ പദനിസ്വനം ഞാൻ കേട്ടു. ആ സാന്ത്വന സ്പർശം ഞാൻ അനുഭവിച്ചു. ഈ പറഞ്ഞ പ്രത്യേക അവകാശങ്ങൾ എനിക്കു മാത്രമുള്ളതല്ല; കഷ്ടത അനുഭവിക്കുന്നവർക്കും, അശരണർക്കും, അനാഥർക്കും, വിധവമാർക്കും ഒക്കെ ദൈവം നൽകുന്ന ദാനമാണ്. അതിന് രണ്ടുപക്ഷമില്ല. അതുകൊണ്ട് അനാഥത്വം, വൈധവ്യം എന്നീ പ്രതിഭാസങ്ങൾ മിഥ്യയാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. ●

# എന്റെ ജീവിതമാണ് എന്റെ സന്ദേശം

റ്റി. യു. ജോസ് തൈത്ര, കുറിച്ചി

മഹാത്മാഗാന്ധി എക്കാലത്തേയും അത്ഭുതമാണ്. ജീവിച്ചിരുന്നപ്പോഴും മരണശേഷവും അശരണരായ കോടാനുകോടികൾക്ക് പ്രതീക്ഷ പകർന്ന് നൽകിയ ജീവിതമായിരുന്നു. "സനാതനങ്ങളായ സത്യങ്ങളെ ദൈനംദിന ജീവിതത്തിലും പ്രശ്നങ്ങളിലും തന്റേതായ മാർഗ്ഗങ്ങളിൽ പ്രയോഗിച്ച് നോക്കാൻ ശ്രദ്ധിക്കുക മാത്രമാണ് താൻ ചെയ്തിട്ടുള്ളതെന്നും തന്റെ ആത്മീയ ജീവിതത്തിൽ ആത്മപ്രശംസയ്ക്ക് സ്ഥാനം കൊടുക്കാതെ താഴ്മയ്ക്ക് മാത്രമെ സ്ഥാനം കൊടുത്തിട്ടുള്ളൂ എന്നും ഗാന്ധിജി തന്റെ "സത്യാന്വേഷണ പരീക്ഷണങ്ങൾ" എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു.ഗാന്ധിജിയുടെആത്മകഥയിൽ നിന്നുള്ള ഏതാനുംചില വരികളിലേക്ക് നമുക്കൊന്നു കണ്ണോടിക്കാം.

ആത്മസാക്ഷാത്കാരത്തിന്റെ നേട്ടത്തിനും ദൈവത്തിന്റെ മുഖാമുഖദർശനത്തിനും മോക്ഷപ്രാപ്തിക്കുംവേണ്ടി ജീവിതം മാറ്റിവച്ച ഒരു മഹാരഥനായിരുന്നു മഹാത്മജി. സത്യഏകദൈവത്തിൽ വിശ്വസിക്കുകയും ആരാധിക്കുകയും ഏത് പ്രതിസന്ധിയിലും സത്യത്തെയും ധർമ്മത്തെയും മുറുകെപിടിച്ചുകൊണ്ട് തെറ്റുപറ്റിയാൽ അത് തന്റെ തെറ്റ്, സത്യത്തിന്റെ തെറ്റല്ല ഇതാണ് ഗാന്ധിജിയുടെ സത്യവൃതത്തിന്റെ പ്രായോഗികമായ മാനദണ്ഡം. ഇന്നാട്ടിലെ സാധാരണക്കാർക്കു പോലും അസാധാരണമായ ത്യാഗത്തിന്റെയുംധൈര്യത്തിന്റെയും സേവനത്തിന്റെയും ജ്യോതിർഗോളമായി മാറി. ബൈബിളിലെ പുതിയനിയമം താത്പര്യത്തോടെ മുഴുവൻ വായിക്കുകയും ഗിരിപ്രഭാഷണങ്ങൾ ഗാന്ധിജിയെ അത്യധികം ആകർഷിക്കുകയും ചെയ്തു. "നീതിന്മ ചെയ്യുന്നവനെ വെറുക്കരുത്, വലതുകരണത്തടിക്കുന്നവന് ഇടതുവശവും കാട്ടിക്കൊടുക്കുക". ഈ ഭാഗം വായിച്ച് താൻ പുളകം കൊണ്ടെന്നാണ് ഗാന്ധിജി പറഞ്ഞിരിക്കുന്നത്. മതമേതായാലും അതിന്റെ ഉദാത്തഭാവം പരിത്യാഗമാണെന്ന തത്വം തനിക്ക് ബോധ്യമായിട്ടുണ്ട്.

സത്യമല്ലാതെ മറ്റൊരു ദൈവമില്ല എന്നതാണ് അനുഭവം തന്നെ ബോദ്ധ്യപ്പെടുത്തിയിട്ടുള്ളത്. സത്യസാക്ഷാത്കാരത്തിലേയ്ക്ക് വഴി ഒന്നേയുള്ളു "അഹിംസ" ഇതാണ് തന്റെ വിശ്വാസം. സർവ്വവ്യാപിയായ സത്യപ്രഭാവത്തെ നേർക്കുനേരെ കാണാൻ കഴിയണമെങ്കിൽ സൃഷ്ടിയിൽ ഏറ്റവും താഴ്ന്നതിനെയും തനിക്കൊപ്പം സ്നേഹിക്കാൻ കഴിയണം. ഈ ദർശനം നിഷ്ഠയോടെ പിന്തുടരുന്ന ഒരുവന് ഒഴിവാക്കാവുന്ന ജീവിത മേഖലകൾ ഒന്നുമില്ല. നിർമ്മലമായ മനസ്സിലെ ദൈവസാന്നിദ്ധ്യമുള്ളൂ. ആത്മശുദ്ധീകരണത്തിന് ജീവിതത്തിന്റെ എല്ലാതലങ്ങളിലും ശുദ്ധീകരണം എന്നാണ് അർത്ഥം. പൂർണ്ണശുദ്ധി നേടണമെങ്കിൽ മനസ്സും വാക്കും കർമ്മവും മോഹമുക്തമാക്കണം. അങ്ങനെയുള്ളവർ രാഗത്തിന്റെയും വിദ്വേഷത്തിന്റെയും ആസക്തിയുടെയും വിരക്തിയുടെയും പിടിവലികൾക്ക് അതീതരായിരിക്കണം. മോഹങ്ങളെ കീഴടക്കുകയെന്നത് ആയുധക്കരുത്തുകൊണ്ട് സാമ്രാജ്യങ്ങളെ കീഴടക്കുന്നതിനെക്കാൾ ദുഷ്കരമാണ്.

ധാരാളം ക്രിസ്തീയ കൃതികൾ വായിക്കുകയും പഠിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും തന്നെ ഇടിച്ച് നിരത്തിയ പുസ്തകം ''ദൈവരാജ്യം തന്റെ ഉള്ളിൽ തന്നെ'' എന്ന ടോൾസ്റ്റോയിയുടെ കൃതിയായിരുന്നു എന്നും ഈ കൃതിയുടെ സത്യസന്ധതയും സന്മാർഗ്ഗപ്രഭാവവും സ്വതന്ത്രചിന്തയും തന്നെ വളരെ അധികം സ്വാധീനിച്ചിട്ടുണ്ടെന്നും പറയുന്നു. സാർവ്വലൗകികപ്രേമത്തിന്റെ അനന്തസാധ്യതകൾ തനിക്ക് കൂടുതൽ ബോധ്യപ്പെട്ടെന്നും തുടർന്ന് ഞായറാഴ്ചകളിൽ സുഹൃത്തുക്കളോടൊത്ത് പള്ളിയിൽ പോകാൻ തുടങ്ങി. അവിടുത്തെ ഉപദേശപ്രസംഗങ്ങൾക്ക് ജീവനുള്ളതായി തോന്നിയില്ല. വിശ്വാസവൃന്ദത്തിന്റെ മതതാൽപര്യം ദുർബലമാണെന്നും സമർപ്പിത മനസ്സുകളുടെ മേളനം തനിക്ക് അവിടെ കാണുവാൻ സാധിച്ചില്ല. ലൗകികതയിൽ കുരുങ്ങിപ്പോയ മനസ്സുമായി വരുന്നവർ. പള്ളിയിൽ പോക്ക് ഒരു ചടങ്ങും നേരംപോക്കുമായി തനിക്ക് തോന്നി. ഇതോടെ പള്ളിയിൽ പോക്ക് താൻ നിർത്തിയതായി പറഞ്ഞു. ഈ കാലഘട്ടത്തിൽ ഇതുപോലെ പള്ളിയിൽപോക്ക് ഒരു ചടങ്ങായി കാണുന്ന പ്രത്യേകിച്ച് യുവജനങ്ങൾ, എത്രവലിയപള്ളി പണിതാലും പള്ളിയിലോ പള്ളിമുറ്റത്തോ നിൽക്കുവാൻ അവർക്ക് താൽപര്യമില്ല. പകരം പള്ളിയോട് ചേർന്നുള്ള വഴിയിലേ നിൽക്കുകയുള്ള. ഉച്ചഭാഷിണിയിൽ കൂടി വൈദികൻ ചൊല്ലുന്ന കുർബ്ബാന കേൾക്കുന്നതോടൊപ്പം മൊബൈലും ഉപയോഗിച്ച് നിൽക്കുന്ന യുവജനങ്ങളെ മിക്കപള്ളികളിലും ഇന്ന് കാണുവാൻ സാധിക്കുന്നുണ്ട്.

മഹാത്മജി തന്റെ കരങ്ങൾ കൊണ്ട് ഗുജറാത്തി ഭാഷയിൽ എഴുതിയ മൂലകൃതിയുടെ പരിഭാഷാ വിവർത്തനത്തിൽ നമുക്ക് ലഭിച്ച പ്രചോദനവും, ആത്മീയതയും, അറിവും ഈ കാലഘട്ടത്തിലെ ആത്മീയ നേതൃത്വങ്ങൾക്ക്, സാമൂഹ്യപ്രവർത്തകർക്ക്, രാഷ്ട്രീയ നേതാക്കൾക്ക് ഒക്കെ അനുകരിക്കേണ്ടതായ "സത്യസാക്ഷാത്കാരം" ഉൾക്കൊണ്ട് തങ്ങളുടെ പ്രവർത്തനമണ്ഡലം ക്രമീകരിച്ചാൽ അത് നമ്മുടെ രാജ്യത്തിനും സമൂഹത്തിനും സഭയ്ക്കുമൊക്കെ ഒരു നല്ല നാളെയെ പ്രതീക്ഷിയ്ക്കാം.

കടപ്പാട്: എം .കെ. ഗാന്ധിയുടെ
"എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ"
വിവർത്തനം: സി. പി. ഗംഗാധരൻ

# ക്നാനായക്കാരനെ എങ്ങനെ തിരിച്ചറിയാം?

കെ. ഒ. മാത്യു കുളമടയിൽ, റാന്നി

എ. ഡി. 345 ൽ മദ്ധ്യപൂർവ്വദേശമായ സിറിയായിലെ എഡേസ്സയിൽ നിന്നും ക്നായിതോമായുടെയും യൗസേഫ് മെത്രാന്റെയും നേതൃത്വത്തിൽ മലയാളക്കരയിൽ പിന്നീട് മലങ്കര എന്ന് അറിയപ്പെടുന്ന നാട്ടിൽ കുടിയേറിപ്പാർത്തവരാണല്ലോ ക്നാനായക്കാർ. മറ്റു ഇതരസമൂഹത്തിൽ നിന്നും വേഗത്തിൽ തിരിച്ചറിയുന്നവരാണല്ലോ ക്നാനായക്കാർ. അതിനുള്ള ചില ലക്ഷണങ്ങൾ വിവരിക്കട്ടെ.

ഇതിൽ പരമപ്രധാനമായത് രക്തബന്ധമാണ്. ഒരേകുലത്തിലും ജാതിയിലും ഉൾപ്പെട്ടവരാകയാൽ, കലർപ്പില്ലാത്ത രക്തത്തിന്റെ ആകർഷണം ഏതു ആൾക്കൂട്ടത്തിലും സമൂഹത്തിലും രണ്ടു ക്നാനായക്കാർ ഒരിക്കലും കണ്ടിട്ടില്ലാത്തവരാണെങ്കിലും ഒരു ആകർഷണവും അടുപ്പവും ഉണ്ടാകുന്നു. ഇതിൽ മറ്റുള്ളവർക്ക് അസൂയ കാണുന്നു. രണ്ടാമതായി നമ്മുടെ ചില ആളുകൾക്ക് ചുവന്ന പല്ല് (പഴുക്കാപല്ല്) എന്ന് പറയുന്നു. ഇത്തരം പല്ല് ഉള്ളത് ലോകത്ത് ക്നാനായക്കാർക്കല്ലാതെ മറ്റാർക്കും ഇല്ലാത്ത ഒരു ലക്ഷണമാണ്.

ഇത്തരം പല്ല് മദ്ധ്യപൂർവ്വദേശത്തുള്ളവർക്ക് മാത്രമേ കാണുന്നുള്ളു. ആയതിനാൽ നമ്മുടെ പിതാക്കന്മാരിൽ കലർപ്പില്ലാത്തവരാണ് എന്ന് തെളിയിക്കപ്പെടുന്നു.

മൂന്നാമതായി നമ്മുടെ സ്ത്രീകളിലും പുരുഷന്മാരിലും "പൂച്ചകണ്ണ്" ഇല്ല. മറ്റുള്ളവരുടെ കണ്ണിന് കൃഷ്ണമണിയ്ക്ക് വെള്ളനിറം. പൂച്ചയുടെ കണ്ണിന് സാമ്യമായ കണ്ണ് കൃഷ്ണമണിയിൽ കറുപ്പുനിറം പൂർണ്ണമായും തെളിയുന്നില്ല.

നാലാമതായി നമ്മുടെ സ്ത്രീകൾ സുന്ദരികളും സൗന്ദര്യവതികളുമാണ്. നമ്മുടെ സ്ത്രീകളിൽ മുഖത്ത് പച്ചകുത്ത് തെളിഞ്ഞു കാണുന്നു. അത് സൗന്ദര്യത്തിന്റെ ഒരു ലക്ഷണമാണ്. ഇതിനെ ചിലർ "ക്നാകുത്ത്" എന്ന് പരിഹാസമായി വിളിക്കുന്നു. ഇത്തരം ലക്ഷണങ്ങൾ ക്നാനായക്കാരിൽ മാത്രമേ കാണാറുള്ളൂ.

അഞ്ചാമതായി നമ്മുടെ തലമുടിയുടെ നര. ക്നാനായക്കാരന്റെ നരച്ചവെള്ളമുടി നല്ല വെള്ളനിറമാണ്. വെള്ളിക്കെട്ട് എന്നു പറയുന്നു. നല്ല ശുദ്ധിചെയ്ത് വെള്ളി നൂൽ പോലെ ചെമ്പിച്ചതോ, മഞ്ഞൾ കലർന്നതോ അല്ലാത്ത തൂവെള്ളി സമമായ നരച്ചമുടി ക്നാനായക്കാരുടെ മാത്രം ലക്ഷണമാണ്.

ക്നാനായ കത്തോലിക്ക സമൂഹത്തിൽ ഉള്ള ഒരു വൈദികൻ ഒരിക്കൽ എന്നോട് പറയുകയുണ്ടായി ക്നാനായക്കാരുടെ തലയുടെ അളവും മൂക്കിന്റെ നീളവും തമ്മിൽ ഏതോ ഒരു ബന്ധമുണ്ട് എന്ന്. അതിനെക്കുറിച്ച് ശരിയായ ഓർമ്മ ഇല്ലാത്തതിനാൽ ആ ഭാഗം വിടുന്നു.

ഇത്രയും ക്നാനായക്കാരുടെ ലക്ഷണങ്ങൾ. കൂടാതെ ചേരമാൻ പെരുമാൾ മഹാരാജാവ് തിരുമനസ്സുകൊണ്ട് ഭരിക്കുമ്പോൾ വണിക് ശ്രേഷ്ഠനായ ക്നായിതൊമ്മൻ 72 ½ (എഴുപത്തിരണ്ടര) പദവികളും ചിറ്റാട വേലക്കാരായി 17 ജാതിക്കാരെയും ഹൈക്കമ്മാളരും (കൊല്ലൻ, തട്ടാൻ, ആശാരിയും, മൂശാരിയും, ചെമ്പുപണിക്കാരനും, പാരതിൽ പാക്കനാരും, തീമീശേർ, തിരുവരങ്കൽ, തിമൈറും,വില്ലൻ, തച്ചൻ, ഇരവിതണ്ടാൻ, ചാമയത്തിൽ വിളക്കിതലയൻ, വാണിഭൻ,ചെട്ടി. നാലുംശകരൻ, പേഷമാണ്ടക്കുരക്കളും ഊഴിയിൽ ഊറവാരനും, വാണിയരും.

### അതിനടുത്ത സാധനങ്ങൾ

തച്ചുമൂലച്ചില്ലിയും, ചെങ്കൊമ്പും ആറ്റുവെയ്പും, പാച്ചിൽ മരവും, തേക്കും, കുമ്പിളും, ആഞ്ഞിലിയും കൊടുങ്ങല്ലൂർ ദേശത്ത് ആന കോൾ 244 കോൾ ഭൂമിയും മഹാദേവർ പട്ടണത്തിൽ ഒരു പള്ളിയും പട്ടണവും നിർമ്മിക്കുന്നതിന് ചേരമാൻപെരുമാൾ മഹാരാജാവിന്റെ ആജ്ഞപ്രകാരം നിശ്ചയിച്ചു. ഈ വകക്കെല്ലാം കല്പിച്ച് അനുവദിച്ച സമയം ക്ലിപ്തം. ക്രിസ്താബ്ദം 345 കുഭമാസം 29 ന് ശനിയാഴ്ചയും ആയില്യവും സപ്തമിയും കൂടിയനാൾ കർക്കടകം രാശിയും ആയിരുന്നു.

എന്നാൽ ക്നായിതൊമ്മന് ചേരമാൻ രാജാവ് കല്പിച്ച പദവികൾ 72 ½ (എഴുപത്തിരണ്ടര) എന്നത് സ്ഥലപരിമിതിമൂലം ആവർത്തിക്കുന്നില്ല. നിർഭാഗ്യവശാൽ നമ്മുടെ പലപള്ളികളിലും 72 എന്ന് മാത്രം എഴുതിയിരിക്കുന്നത് ശരിയല്ല. ½ പദവി 'രണ്ടിലയിൽ ചോർ' ലോകത്ത് എവിടെ ആയാലും ഇലയിൽ ചോറ് വിളമ്പുമ്പോൾ രണ്ടിലയ്ക്കു പകരം തൂശനിലയുടെ തലയറ്റം മടക്കിവച്ച് മാത്രമേ ഭക്ഷിക്കാറുള്ളൂ. ഇതും ക്നാനായക്കാരുടെ ഒരു പ്രത്യേകതയാണ്.

ഒരിക്കൽ ക്നാനായക്കാരുടെ ചരിത്രവും പാരമ്പര്യവും മറ്റും സംസാരിച്ചപ്പോൾ സമുദായ മുൻസെക്രട്ടറിയായിരുന്ന വളഞ്ഞംതുരുത്തിയിൽ ഷെവലിയാർ ജേക്കബ് സ്റ്റീഫൻ സാർ വർഷങ്ങൾക്ക് മുമ്പ് ഭരണഘടനയും മറ്റും ഇല്ലാത്ത കാലത്ത് അന്ന് ഇടവകപള്ളികൾ ആയിരുന്നു. ഒത്തുസത്യം പള്ളിയിൽ നടത്തിക്കഴിഞ്ഞ് വധുവിന്റെ വീട്ടിൽ സദ്യനടത്തിയപ്പോൾ വരന്റെ ആളുകൾ ഇല മടക്കിയില്ലായിരുന്നു. ഇത് മനസ്സിലാക്കിയ സ്ത്രീകൾ ഇലയറ്റം മടക്കാത്തതിന്റെ കാരണം ചോദിച്ചപ്പോൾ മനസ്സിലായത് വരന്റെ ആളുകൾ യഥാർത്ഥ ക്നാനായക്കാർ അല്ലായിരുന്നു എന്ന്. അനേക വർഷങ്ങൾക്കു മുമ്പ് കടുത്തുരുത്തിയിൽ നടന്ന ഒരു സംഭവമായിരുന്നു. സ്ത്രീകളുടെ ഈ കണ്ടെത്തലുകളിൽകൂടി യഥാർത്ഥ ക്നാനായക്കാരനല്ലാത്തവരെ തിരിച്ചറിഞ്ഞ് ഓടിച്ചുവിട്ട സംഭവമുണ്ടായി.

ഇന്ന് ക്നാനായക്കാർക്കു മാത്രമെ ഒത്തുകല്യാണം നടത്തുന്നുള്ളൂ. മറ്റു സമുദായക്കാർക്ക് ഉറപ്പ് (നിശ്ചയം) പിന്നീട് കല്യാണം മാത്രം.




# മുറിവൈദ്യൻ തവള

ചതുപ്പുനിലത്തിലെ ചെളിക്കൂട്ടിൽനിന്നും തവള കരയിലെത്തി പ്രഖ്യാപിച്ചു.

'മൃഗലോകത്തിലെ എല്ലാവരും ദയവായി ശ്രദ്ധിക്കുക, നിങ്ങളുടെ രോഗങ്ങൾ എന്തുതന്നെ ആയാലും, എത്ര പഴക്കമുള്ളതായാലും ഇനി നിങ്ങൾ വിഷമിക്കേണ്ടതില്ല. എന്റെ അടുത്തേക്കു വരൂ. ഞാൻ സുഖപ്പെടുത്തിത്തരാം.

ഇതു കേട്ട് ധാരാളം മൃഗങ്ങൾ തവളയുടെ അടുത്തു ചെന്നു. തന്റെ പ്രഭാഷണം മറ്റുള്ളവർ ശ്രദ്ധിക്കുന്നുവെന്നു മനസ്സിലായപ്പോൾ തവള അഹംഭാവത്തോടെ തുടർന്നു.

'രോഗം ശരിയായി കണ്ടെത്താനും ഉചിതമായ മരുന്നു നിർദ്ദേശിക്കാനും എന്നെപ്പോലെ ആർക്കും കഴിയില്ല. സാക്ഷാൽ ദൈവംപോലും അക്കാര്യത്തിൽ എന്നോടു പരാജയം സമ്മതിച്ചിരിക്കുകയാണ്. ലോകം കണ്ടിട്ടുള്ളതിൽവെച്ച് ഏറ്റവും വലിയ വൈദ്യന്റെ വാക്കുകൾ ആണ് നിങ്ങൾ ഇപ്പോൾ കേൾക്കുന്നതെന്നു വിശ്വസിച്ചു മുന്നോട്ടു വരിക'.

പെട്ടെന്നു സദസ്സിൽനിന്ന് ഒരു കരച്ചിൽ ഉയർന്നു. കഴുത പരിഹസിച്ചതാണ്. എങ്കിലും അതേപ്പറ്റി ആടു പറഞ്ഞു:

'ക്ഷമിക്കണം വൈദ്യരേ! സന്തോഷം വരുമ്പോൾ ഇയാൾക്ക് ഇങ്ങനെ പതിവുള്ളതാണ്.'

പിന്നീട് കുറുക്കൻ എഴുന്നേറ്റു നിന്നു ചോദിച്ചു. വൈദ്യൻ മുടന്തിയാണല്ലോ ഇങ്ങോട്ടു നടന്നുവരുന്നതായി കണ്ടത്. ആദ്യം അതു ചികിത്സിച്ചു മാറ്റാമായിരുന്നില്ലേ?

'വൈദ്യരുടേതുപോലെ ചൊറിപിടിച്ചും ചുക്കിച്ചുളിഞ്ഞുമുള്ള തൊലിയുള്ളവർക്ക് എണ്ണ എന്താണ്, ഏതു സോപ്പാണ് അങ്ങ് നിർദ്ദേശിക്കുക?' മുയൽ ചോദിച്ചു.

'മുകളിലേക്കുന്തി നിൽക്കുന്ന, വൈദ്യർക്കുള്ളതുപോലെയുള്ള സുന്ദരമായ ഉണ്ടക്കണ്ണുകൾ ഉണ്ടാകാൻ ശസ്ത്രക്രിയ വേണ്ടിവരുമോ, കടമിഴികളിൽ പരിഹാസശരം വെച്ചു കലമാനിന്റെ ചോദ്യം.

മുറിവൈദ്യൻ തവള പിന്നെ ഒരു നിമിഷംപോലും താമസിയാതെ ചാടിച്ചാടി തന്റെ സങ്കേതത്തിലേക്ക്പോയി. മൃഗങ്ങൾ അതു കണ്ട് പൊട്ടിച്ചിരിച്ചു.

***സ്വന്തം രോഗങ്ങൾ സുഖപ്പെടുത്തു, ആദ്യം. എന്നിട്ടാവാം മറ്റുള്ളവരെ ചികിത്സിക്കുന്നത്.*** ●

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**(ഉല്പത്തി പുസ്തകത്തിൽനിന്നും)**
**ഏപ്രിൽ മാസത്തിലെ ചോദ്യങ്ങൾ**

1. മോവാബ്യരുടെ പിതാവാര്?
2. രണ്ടു പ്രാവശ്യം ജ്യേഷ്ഠാവകാശം അപഹരിച്ചവൻ ആര്?
3. ബേഥേലിന്റെ ആദ്യത്തെ പേര് എന്ത്?
4. സാക്ഷ്യത്തിന്റെ കൂമ്പാരത്തിനു യാക്കോബ് ഇട്ട പേരെന്ത്?
5. യാക്കോബ് ദൈവപുരുഷനുമായി മല്ലുപിടിച്ച സ്ഥലത്തിന് ഇട്ട പേരെന്ത്?
6. ഒരു കരുവേലകത്തിൽ കീഴിലാണ് ദെബോരയെ അടക്കം ചെയ്തത്? കരുവേലകത്തിന് യാക്കോബിട്ട പേരെന്ത്?
7. സേയീർ പർവ്വതത്തിൽ കുടിയിരുന്നവർ ആര്?
8. ഏദോമിലെ ആദ്യത്തെ രാജാവാര്?
9. പൊട്ടക്കിണറ്റിൽ വീണപ്പോൾ യോസേഫിനു എത്ര വയസ്സായിരുന്നു?
10. "സഹോദരൻമാർ നിന്നെ പുകഴ്ത്തും" എന്നു യാക്കോബ് അനുഗ്രഹിച്ചതാരെ?

**മാർച്ച് മാസത്തിലെ ഉത്തരങ്ങൾ**

1. മലങ്കാക്ക (ഉല്പത്തി. 8:7)
2. നിമ്രോദ് (ഉല്പത്തി. 10:8)
3. ശാവേ താഴ്‌വര (ഉല്പത്തി. 148:7)
4. ഹാഗാർ (ഉല്പത്തി. 16:1)
5. യിശ്മായേൽ (ഉല്പത്തി. 16:12)
6. ലോത്തിന്റെ ഭാര്യ (ഉല്പത്തി. 19:26)
7. ബേർശേബയിൽ വെച്ച് (ഉല്പത്തി. 21:31-32)
8. ഹെബ്രോനിൽ വെച്ച് (ഉല്പത്തി. 23:2)
9. ബെഥുവേൽ (ഉല്പത്തി. 24:15-24)
10. നെബായോത്ത് (ഉല്പത്തി. 25:13)

**HOLLOW BRICKS COMPANY**

നീലംപേരൂർ കരുനാട്ടുവാല ജംഗ്ഷനിൽ നല്ല രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന Hollow Bricks Company യും സ്ഥലവും വില്പനയ്ക്ക്.

Contact. 9447124342
Whats App. 00447853187858






## 40th Day of Demise

18-04-2024

## Jacob Kurien (Renu)

**Kuttikattil (Poovakulathu)**
**Mazhukeer**
**(Chemsford, Essex, UK)**

*With Love & Prayers*

Wife : Anu Jacob
Children : Alvin Kurian Jacob
Jerron Thomas Jacob
Georgin Jacob



I have fought the good fight,
I have finished the race,
I have kept the faith.
(2Thimothy 7:8)

Advt - S

*12th Birthday in Heaven*

22 - 04 - 2024



## MELVIN MOHAN K.

(S/o Mohan & Maymol)

കാവുങ്കൽ മെൽവിൻ വില്ല, തോലശ്ശേരി, തിരുവല്ല

*We Miss You Melvin*

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

Beloved Family

Advt -S

*3rd Death Anniversary*

03 - 04 - 2024



## P.K. KURIAKOSE (Jose)

Pulimoottil, Thiruvalla

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

By Loved ones

Advt -s

*10th Anniversary in Heaven*

27- 04 - 2024



## K. C. Thomas (KUNJOMACHAN)

Kallamparampil, Ranny

*"You will live forever in our hearts"*

By Loving Family

Management and Staff, Kallamparampil Hardwares, Ranny

Advt - S

*18th Birthday in Heaven*

26 - 04 - 2024



## PRINCE THOMAS CHACKO

Elmont, New York, U.S.A

(Ammanathu, Kattode)

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

Your Loving Family & Friends

Advt - S

## 5-ാം ചരമവാർഷികം

18 - 04 - 2024



### മോളമ്മ രാജൻ

ഇളംപുരയിടത്തിൽ
പുല്ലുപ്രം, റാന്നി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 8-ാം ചരമവാർഷികം

29 - 04 - 2024



### സണ്ണി ഏബ്രഹാം

കല്ലംപറമ്പിൽ, റാന്നി
(Boston)

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## *7rd Death Anniversary*

13 - 04 - 2024



### K.J. Zachariah (SOMAN)

**Kizhakkemuriyil, Muttada, Trivandrum**

"നിൻ ശരണത്തിൽ നിദ്രിതനാം
ദാസനു മ്ശിഹാ സ്മൃതി നൽകി
നിൻ മഹിമോദയ ദിവസത്തിൽ
വലഭാഗത്തായ് ചേർക്കേണം"

By Sorrowing Family

Advt - O

## 1-ാം ചരമവാർഷികം

05 - 04 - 2024



### P. M. Philip

പുളിക്കാവിൽ
പങ്ങാരപ്പിള്ളി, ചേലക്കര, തൃശൂർ

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ "

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 1 –ാം ചരമവാർഷികം

04 - 04 - 2024



## M. T. Abraham

Mangalaveettil
Aythala, Ranni

“നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 40 – ാം ചരമദിനം

22–04–2024



## ജേക്കബ് ഏബ്രഹാം

കണ്ണാലിൽ, പെരുമ്പുഴ, റാന്നി

“കരുണനിറഞ്ഞവനെ
പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ
പുതുതാക്കീടണമെ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 40 – ാം ചരമദിനം

17–04–2024



## കുരുവിള ഏബ്രഹാം

(കുഞ്ഞുമോൻ)

Kunnathil, Chengalam

“നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 40 – ാം ചരമദിനം

03–04–2024



## Joseph Kuruvilla (SABU)

Madathil House
Pazhavangadi, Ranni

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S




# കർത്താവിന്റെ പുനരുത്ഥാനവും വിശ്വാസികളുടെ പുനരുത്ഥാനവും തമ്മിലുള്ള ബന്ധം എന്ത്?

പ്രാചീനകാലം മുതൽ തന്നെ ആത്മാവിന്റെ അനശ്വരതയെക്കുറിച്ച് മനുഷ്യൻ ഏറെ ചിന്തിക്കുകയും വ്യത്യസ്ത മതങ്ങളിൽ വ്യത്യസ്തങ്ങളായ ചിന്തകളും പഠിപ്പിക്കലുകളും നിലനിൽക്കുകയും ചെയ്തിരുന്നു. പുരാതനമായ ബാബിലോണിയൻ ചിന്ത, പേർഷ്യൻ മതം, യവന ചിന്ത, റോമൻ ചിന്ത, യഹൂദവിശ്വാസം, ഭാരതീയ ഹൈന്ദവ വിശ്വാസം ഇവയിലൊക്കെ ഇതുകാണാം. മഹാന്മാരായ ആളുകളുടെ മൃതശരീരം കേടുകൂടാതെ സൂക്ഷിച്ചുവെച്ചതും (മമ്മികൾ) പിതൃക്കൾക്കുവേണ്ടി ബലിഅർപ്പിച്ചിരുന്നതും ഒക്കെ മനുഷ്യാത്മാക്കൾ മരണാനന്തരവും ജീവിക്കുന്നു എന്നോ അഥവ വീണ്ടും ജീവിക്കും എന്നോ ഉള്ള വിശ്വാസത്തിൽ നിന്നായിരിക്കണം.

അബ്രഹാമിനെ പൂർവ്വപിതാവായി അംഗീകരിക്കുന്ന യഹൂദമതത്തിൽ തന്നെ ന്യായപ്രമാണ വ്യാഖ്യാതാക്കളായ ശാസ്ത്രിമാരും പരീശന്മാരും ഈ കാര്യത്തിൽ വ്യത്യസ്ത വിശ്വാസം ഉള്ളവരായിരുന്നു. പരീശന്മാർ മരിച്ചവരുടെ പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നുവെങ്കിലും ശാസ്ത്രിമാർ അങ്ങനെ വിശ്വസിച്ചിരുന്നില്ല (മത്തായി 22:23).

വി.ബൈബിളിൽ ഉല്പത്തിയിലെ ദൈവത്തിന്റെ സൃഷ്ടികർമ്മം ആത്മാവിന്റെ അനശ്വരതയെക്കുറിച്ച് ചിന്തിക്കുവാൻ കാരണമായി എന്നു കരുതാം. അതായത് ഭൂമിയും അതിലെ സകല ചരാചരങ്ങളും "ഉണ്ടാവട്ടെ" എന്നുള്ള ദൈവിക ശബ്ദത്താൽ സൃഷ്ടിക്കപ്പെടുമ്പോൾ (ഉല്പ.1:1-25) മനുഷ്യസൃഷ്ടിയിൽ ദൈവത്തിന്റെ നേരിട്ടുള്ള ഇടപെടലും കരസ്പർശനവും കാണാം (ഉല്പ.1:26-27). അവന്റെ മൂക്കിൽ ദൈവം ജീവശ്വാസം ഊതി എന്നു പറയുമ്പോൾ (ഉല്പ.2:7). അത് വെറും ജീവൻ എന്നതിനെക്കാൾ ദൈവീകമായ അംശം മനുഷ്യ നിലേയ്ക്ക് പകർത്തപ്പെട്ടു എന്നും ദൈവം നിത്യനാകയാൽ ദൈവീക അംശമായ മനുഷ്യനിലെ ആത്മാവിനും നിത്യതയുണ്ടെന്നും മനുഷ്യൻ വിശ്വസിച്ചു. മനുഷ്യൻ മരിക്കുമ്പോൾ അവന്റ ജഡം മണ്ണിലേക്കും ആത്മാവ് അതിനെ നൽകിയവനിലേക്കും തിരിച്ചുപോകുമെന്ന് (സഭാപ്രസംഗി 12:7) ജ്ഞാനിയായ ശലോമോനും, മാൻ നീർത്തോടുകളിലേയ്ക്ക് ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ എന്റെ ആത്മാവ് ദൈവത്തോടു ചേരുവാൻ കാംക്ഷിക്കുന്നു യെന്ന് (സങ്കീ. 42:1) സങ്കീർത്തനക്കാരനും പറയുമ്പോൾ അവിടെ ആത്മാവിന്റെ അനശ്വരതയെക്കുറിച്ചുള്ള മനുഷ്യന്റെ പഴയ നിയമവിശ്വാസം ദർശിക്കാം.

യേശുക്രിസ്തു വന്നപ്പോൾ ആത്മാവിന്റെ നിത്യതയെക്കുറിച്ച് വ്യക്തമായി പഠിപ്പിക്കുകയും താബോർ മലയിലെ തേജസ്കരണത്തിൽ മരിച്ച് അടക്കപ്പെട്ട മോശയേയും രൂപാന്തരം പ്രാപിച്ച് എടുക്കപ്പെട്ട ഏലിയായേയും ശിഷ്യന്മാർക്ക് കാണിച്ചുകൊടുത്തുവെങ്കിലും (മത്തായി 17:1-8, ലൂക്കോസ് 9:28-36) കർത്താവിന്റെ പുനരുത്ഥാനത്തോടുകൂടിയാണ് ആത്മാവിന്റെ അനശ്വരത ലോകത്തിന് വ്യക്തമായത്. യേശു മരിച്ചവരിൽ നിന്ന് പുനരുത്ഥാനം ചെയ്തില്ലായിരുന്നുവെങ്കിൽ ഞങ്ങളുടെ പ്രസംഗവും നിങ്ങളുടെ വിശ്വാസവും വ്യർത്ഥമാകുമായിരുന്നു എന്ന് അപ്പോസ്തോലനായ പൗലോസും പറഞ്ഞത് അതുകൊണ്ടാണ് (1 കൊരി.15:14).

"എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കുമെന്നും", ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവരാരും ഒരുനാളും മരിക്കയില്ലെന്നും കർത്താവു പറഞ്ഞപ്പോൾ (യോഹ.11.25-26) അത് വിശ്വാസികൾക്ക് ആത്മാവിന്റെ അനശ്വരതയെക്കുറിച്ചുള്ള ഉറപ്പും വാഗ്ദത്വവും ആയിരുന്നു.

